യൂണിറ്റി

സോഷ്യലിസ്റ്റ് യൂണിറ്റി സെന്റർ
ഓഫ് ഇന്ത്യ (കമ്മ്യൂണിസ്റ്റ്)
SUCI [C]
സംസ്ഥാന കമ്മിറ്റി മുഖപത്രം

ഒക്ടോബർ 2022 | വാല്യം 49 ലക്കം 7 | ചീഫ് എഡിറ്റർ: വി.വേണുഗോപാൽ | പേജ് 16 | വില 10.00 രൂപ

കെ റെയിൽ സിൽവർലൈൻ പദ്ധതി

ജനേച്ഛയെ മറികടക്കാനാകില്ല

ജനാധിപത്യക്രമത്തിൽ ഒരു ഭരണാധികാരിക്ക്, താൻ വിഭാവനം ചെയ്യുന്ന പദ്ധതികളും നയങ്ങളും, ജനാഭിപ്രായത്തിന്റെ ഉരകല്ലിൽ പരിശോധിക്കാനുള്ള സന്നദ്ധതയും വിവേകവും വിനയവും അനുപേക്ഷണീയമാണ്. സ്വന്തം ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലുള്ള കടുംപിടുത്തത്തിന്റെ സമീപനം സ്വീകരിക്കാൻ ജനാധിപത്യം ഒരു ഭരണാധികാരിയെയും അനുവദിക്കുന്നില്ല. ഭരണത്തെ നയിക്കുന്ന രാഷ്ട്രീയ കക്ഷിയുടെയോ, ഭരണാധികാരിയുടെ വ്യക്തിഗതമോ ആയ ബോദ്ധ്യത്തേക്കാൾ വില കൽപ്പിക്കേണ്ടത് ജനങ്ങളുടെ വിധിയെഴുത്തിനു തന്നെയായിരിക്കണം. 'എന്റെ സർക്കാരിന്റെ നയത്തിനെതിരായ നിങ്ങളുടെ നിലപാട് എനിക്ക് ബോദ്ധ്യപ്പെട്ടിട്ടില്ലെങ്കിലും ജനങ്ങളുടെ അഭിപ്രായത്തിനു ഞാൻ മുൻതൂക്കം നൽകുന്നു. കാരണം ജനാധിപത്യത്തിൽ അന്തിമവിധി ജനങ്ങളുടേതുതന്നെയാകണം' ഇപ്രകാരം നിലപാട് കൈക്കൊണ്ടവരാണ് ജനാധിപത്യത്തിൽ യശസ്സ് നേടിയ ഭരണാധികാരികളെന്ന് ഇന്നത്തെ കേരളസർക്കാരിനെയും മുഖ്യമന്ത്രിയെയും ഓർമ്മിപ്പിക്കാൻ ഞങ്ങൾ ആഗ്രഹിക്കുന്നു.

കഴിഞ്ഞ രണ്ടര വർഷമായി കെ റെയിൽ സിൽവർലൈൻ പദ്ധതിയുടെ കാര്യത്തിൽ കേരള സർക്കാർ സ്വീകരിക്കുന്ന ജനാധിപത്യവിരുദ്ധമായ നിലപാടിന്റെ വെളിച്ചത്തിലാണ് മുകളിലത്തെ വാക്കുകൾ കുറിച്ചത്. ജനാധിപത്യമൂല്യങ്ങളുടെഔന്നത്യത്തെ ആധാരമാക്കിയ നിലപാട് സ്വീകരിക്കാൻ കെ റെയിൽ വിഷയത്തിൽ കേരളത്തിന്റെ ഇടതുഭരണം പൂർണ്ണമായും പരാജയപ്പെട്ടു എന്ന് ഖേദപൂർവ്വം പറയട്ടെ. ബോദ്ധ്യത്തിന്റെ കടുംപിടുത്തത്തെക്കാൾ ധാർഷ്ട്യത്തിന്റെയും വെല്ലുവിളിയുടെയും സമീപനമാണ് കെ റെയിൽ സിൽവർലൈൻ പദ്ധതിയുടെ കാര്യത്തിൽ പിണറായി സർക്കാർ സ്വീകരിച്ചത്. പോലീസിനെയും അധികാരസംവിധാനങ്ങളെയും കയറൂരിവിട്ട് ശത്രുക്കളോടെന്നതുപോലെ ജനങ്ങളോട് പെരുമാറി. പദ്ധതി ബാധിതരായ സാധാരണജനങ്ങൾ മാത്രമല്ല, സാമൂഹ്യ-സാംസ്കാരിക വ്യക്തിത്വങ്ങൾ, വിഷയ വിദഗ്ദ്ധർ, ഇടതുപക്ഷ സഹയാത്രികരായിട്ടുള്ള പ്രതിഭകൾ അങ്ങിനെ പ്രബുദ്ധ കേരളം ഒന്നടങ്കം ഉയർത്തിയ ഒന്നായിരുന്നു സിൽവർലൈൻ പദ്ധതി പിൻവലിക്കുക എന്ന മുദ്രവാക്യം. സിൽവർലൈൻ പദ്ധതി വേണം എന്ന് യുക്തിപൂർവ്വം സമർത്ഥിക്കാൻ ഒരാളുപോലുമില്ലാതായി. തൃക്കാക്കര ഉപതെരഞ്ഞെടുപ്പിന്റെ ഫലം രാഷ്ട്രീയമായ ഒരു ഹിതപരിശോധനയായി മാറി. നീതിന്യായ സംവിധാനങ്ങളുടെ ചോദ്യങ്ങൾക്കുമുമ്പിൽ സർക്കാർ തുറന്നുകാട്ടപ്പെട്ടു. യഥാർത്ഥത്തിൽ പിടിച്ചുനിൽക്കാൻ കച്ചിത്തുരുമ്പുപോലും ഇല്ലാതായി.

പദ്ധതി പിൻവലിച്ച്, ജനങ്ങളോട് മാപ്പ് പറയേണ്ടുന്ന സ്ഥിതിയിലെത്തിയിട്ടും, ഇപ്പോൾ സർവ്വേയ്ക്ക് നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരുടെ കാലാവധി ദീർഘിപ്പിച്ച് ഉത്തരവ് ഇറക്കിയിരിക്കുകയാണ് സർക്കാർ. സാമൂഹ്യാഘാത പഠനം പുനരാരംഭിക്കുവാനും മുഖ്യമന്ത്രി അനുമതി നൽകിയിരിക്കുന്നു. കോർപ്പറേറ്റ് മൂലധനത്തിന്റെ പ്രഭയിൽ കണ്ണ് മഞ്ഞളിച്ചിട്ടില്ലാത്ത, വിവേകമതികളായ ഏതൊരാൾക്കും സർക്കാരിനെ നേർവഴിക്ക് നടത്താനുള്ള സമയം ഇനിയും അവശേഷിക്കുന്നുണ്ട്. അതിനു മുതിരുന്നില്ലെങ്കിൽ കേരളത്തിൽ കൊടുങ്കാറ്റിനുസമാനമായ ജനകീയ പ്രക്ഷോഭത്തിന്റെ മുമ്പിൽ സർക്കാർ നാണംകെട്ട് പരാജയപ്പെടുമെന്നതിൽ ഒരു സന്ദേഹവും വേണ്ട.

(ശേഷം 2–ാം പേജിൽ)

ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ...

വിദ്യാഭ്യാസ വിരുദ്ധവും ജനവിരുദ്ധവുമായ ദേശീയ വിദ്യാഭ്യാസനയം 2020 പിൻവലിക്കണം എന്നാവശ്യപ്പെട്ട് ദേശവ്യാപകമായി നടന്നുവരുന്ന പ്രക്ഷോഭപരിപാടികളുടെ ഭാഗമായി എഐഡിഎസ്ഒ കേരള സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ നടന്ന രാജ്ഭവൻ മാർച്ച്.

ദ്രൗപതി മുർമു രാജ്യത്തിന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത് ദളിത്–ആദിവാസി ശാക്തീകരണത്തിന്റെ ലക്ഷണമല്ല

ദളിതർ, ആദിവാസികൾ എന്നൊക്കെ വിളിക്കപ്പെടുന്നവരും, അത്യന്തം പിന്നാക്കവും, ദരിദ്രവും, മനുഷ്യോചിതമല്ലാത്ത ജീവിതാവസ്ഥയിൽ ഉഴലുന്നവരുമായ ജനവിഭാഗങ്ങൾ നേരിടുന്ന പീഡനങ്ങളും ചൂഷണങ്ങളും, കൊലപാതകങ്ങളും കൂട്ടബലാത്സംഗങ്ങളും പലപ്പോഴും വാർത്തയാകാറില്ല. ദളിതർക്കും ആദിവാസികൾക്കുമെതിരായ നിഷ്ഠുരമായ അതിക്രമങ്ങളും, സാമൂഹികവും സാമ്പത്തികവുമായ മേഖലകളിൽ അവർ അനുഭവിക്കുന്ന അവഗണനയും സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വർഷത്തിലും ദയനീയമാംവിധം തുടരുകയാണ്. ദളിതർക്കും ആദിവാസികൾക്കും എതിരായ ജാതി വിവേചനത്തിന്റെയും അക്രമത്തിന്റെയും ക്രൂരത ബിജെപി സർക്കാരിന്റെ കപട വാദങ്ങൾകൊണ്ട് മറയ്ക്കാനാകുന്നതല്ല.

രാജസ്ഥാനിലെ ജലോർ ജില്ലയിലെ സുരാന ഗ്രാമത്തിൽ, ദളിത് എന്ന് വിളിക്കപ്പെടുന്ന വിഭാഗത്തിൽപ്പെട്ട ഒമ്പതുവയസ്സുള്ള സ്കൂൾ വിദ്യാർത്ഥിയായ ഇന്ദ്ര മേഘ്‌വാൾ, ഉയർന്ന ജാതിയിലെ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും കുടിക്കാൻവച്ചിരുന്ന കുടത്തിൽനിന്ന് വെള്ളം കുടിച്ചുവെന്ന 'കുറ്റ'ത്തിന് ഉയർന്ന ജാതിക്കാരനായ അധ്യാപകനാൽ ക്രൂരമായി മർദ്ദിക്കപ്പെട്ടു. ഗുരുതരമായി പരിക്കേറ്റ ഇന്ദ്രനെ വീട്ടുകാർ പല ആശുപത്രികളിലും കൊണ്ടുപോയെങ്കിലും എവിടെയും ചികിത്സ ലഭിച്ചില്ല. ഒടുവിൽ അഹമ്മദാബാദ് സിവിൽ ഹോസ്പിറ്റലിൽ പ്രവേശിപ്പിക്കപ്പെട്ട ഇന്ദ്ര മേഘ്‌വാൾ, സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികത്തിന് തലേദിവസം ആഗസ്റ്റ് 14ന് മരണത്തിന് കീഴടങ്ങി.

രണ്ട് ദിവസങ്ങൾക്കുശേഷം, ആഗസ്റ്റ് 16ന്, ഉത്തർപ്രദേശിലെ പണ്ഡിറ്റ് ബ്രഹ്മപുത്ര ഹയർ സെക്കണ്ടറി സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥി ബ്രിജേഷ് കുമാർ എന്ന പതിമൂന്നുകാരന്, പ്രതിമാസ ഫീസായ 250 രൂപ അടച്ചില്ല എന്നതിന്റെ പേരിൽ ഉയർന്ന ജാതിക്കാരനായ അധ്യാപകന്റെ മർദ്ദനമേറ്റു; ജീവൻ നഷ്ടപ്പെട്ടു. കഴിഞ്ഞ മെയ് മാസത്തിൽ, മധ്യപ്രദേശിൽ പശുവിന്റെ മാംസം സൂക്ഷിച്ചുവെന്ന സംശയത്തെത്തുടർന്ന് സമത് ലാൽ, ധൻസായി എന്ന രണ്ട് ആദിവാസികളെ ബജ്റംഗ്ദൾ കശ്മലന്മാർ അടിച്ചുകൊന്നു.

ദലിതരും ആദിവാസികളും മനുഷ്യത്വരഹിതമായ പീഡനങ്ങൾക്ക് വിധേയരാകുന്നു

'ജാതി സമ്പ്രദായം' എന്നു കേൾക്കുമ്പോൾ, ആളുകൾ പലപ്പോഴും ചിന്തിക്കുന്നത് സാമ്പത്തികവും, സാമൂഹികവും, വംശീയവും, മതപരവുമായ ഉച്ചനീചത്വങ്ങളുടെ നിലച്ചുപോയ ആചാരരീതികളായോ, അല്ലെങ്കിൽ മൺമറഞ്ഞ നാഗരികതകൾക്കിടയിലുള്ള വിവേചന സമ്പ്രദായമായോ ആണ്. ഇന്നും ജാതി വ്യവസ്ഥയ്ക്ക് കീഴിൽ ദുരിതമനുഭവിക്കുന്ന ദശലക്ഷക്കണക്കിന് ആളുകൾ ഉണ്ടെന്നുള്ളത് യാഥാർത്ഥ്യമാണ്. ദളിതർ ഇന്ത്യയിലെ ഏറ്റവും താഴ്ന്ന ജാതി എന്ന് മുദ്രകുത്തപ്പെടുന്നത് വളരെ മുമ്പല്ല. അവർ ഇപ്പോഴും 'തൊട്ടുകൂടാത്തവർ' ആണ്. ദളിതർ ഇന്ത്യൻ സമൂഹത്തിന്റെ ഭാഗമായി കണക്കാക്കപ്പെടുന്നുണ്ട് എന്നെങ്കിലും കരുതാം. എന്നാൽ ആദിവാസികൾ നാഗരികതയ്ക്കും പുറത്താണ് ജീവിക്കുന്നത്.

ക്രൂരമായ കൊലപാതകങ്ങൾ, ജീവനോടെയുള്ള ചുട്ടുകൊല്ലൽ, പെൺകുട്ടികൾക്കുനേരെയുള്ള ബലാത്ക്കാരങ്ങൾ, ഭരണരംഗത്തുള്ള ഉന്നതരുടെ ഒത്താശയോടെ നടക്കുന്ന ഗുണ്ടാ ആക്രമണങ്ങൾ എന്നിങ്ങനെ ദളിതർക്കും ആദിവാസികൾക്കും എതിരെയുള്ള ഹീനമായ സംഘടിത കുറ്റകൃത്യങ്ങൾ പല രീതിയിൽ അരങ്ങേറുന്നു. ചില ദളിതർ കൊല്ലപ്പെട്ടത് കുതിരപ്പുറത്ത് കയറിയ കുറ്റത്തിന്, ചിലർ മീശ വെച്ചതിന്, മറ്റു ചിലർ കാലിൽ ഇരുന്നതിന്. ഉയർന്ന ജാതിക്കാർക്കും വരേണ്യവർഗക്കാർക്കും വേണ്ടി നീക്കിവച്ചിരിക്കുന്ന കിണറുകളിൽനിന്ന് വെള്ളമെടുക്കാൻ ദളിത് സ്ത്രീകൾക്ക് അനുവാദമില്ല. അവരിൽ ആരെങ്കിലും ഇതര സമുദായത്തിൽപ്പെ

(ശേഷം 4–ാം പേജിൽ)

6 സംഘപരിവാറും സ്വാതന്ത്ര്യസമരവും
8 സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം
13 തായ്‌വാന് മുകളിൽ യുദ്ധഭീഷണി

കെ റെയിൽ സിൽവർലൈൻ പദ്ധതി

സംസ്ഥാന സർക്കാരിന്റെ നീക്കങ്ങൾ പദ്ധതിയുടെ നിഗൂഢതയിലേയ്ക്ക് വിരൽ ചൂണ്ടുന്നു

(1–ാം പേജിൽ നിന്ന്)

കേരളത്തെ നെടുകെ പിളർത്തുന്നതും പശ്ചിമഘട്ടത്തെയും പരിസ്ഥിതിയെയും തകർക്കുന്നതും കേരളത്തെ കടക്കെണിയിലാക്കുന്നതുമായ കെറെയിൽ സിൽവർലൈൻപദ്ധതിക്കെതിരെ ജനങ്ങൾ രണ്ടുവർഷത്തിലേറെയായി പ്രക്ഷോഭരംഗത്താണ്. ഗുണഭോക്താക്കളെക്കാളേറെ ഇരകളെ സൃഷ്ടിക്കുന്നതും കേരളത്തിന്റെ സർവ്വനാശത്തിന് പോന്നതുമാണ് പദ്ധതി എന്ന് അർത്ഥശങ്കയ്ക്കിടയില്ലാത്തവിധം വിഷയവിദ്ഗ്ധരൊന്നടങ്കവും ചൂണ്ടിക്കാട്ടി. എന്നാൽ ഈ അഭിപ്രായങ്ങൾക്കൊന്നും ചെവികൊടുക്കാതെ പദ്ധതിയുമായി ഏകപക്ഷീയമായിമുന്നോട്ടുനീങ്ങുന്ന നിലപാടാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിരിക്കുന്നത്. ഇത് ജനങ്ങളോടുള്ള വെല്ലുവിളിയാണ്,

കോഴിക്കോട് കാട്ടിലപ്പീടികയിലെ സമരപന്തലിന്റെ രണ്ടാം വാർഷികത്തോട് അനുബന്ധിച്ച് നടന്ന സമ്മേളനം പരിസ്ഥിതി പ്രവർത്തകൻ പ്രഫുല്ല സാമന്തറേ ഉദ്ഘാടനം ചെയ്യുന്നു.

ജനാധിപത്യക്രമത്തിന്റെ അന്തസ്സത്തയെ തിരസ്കരിക്കലാണ്. ജനാഭിപ്രായങ്ങൾക്ക് വിലകൽപ്പിക്കാതെ മുന്നോട്ടുപോകുന്നത്, ഒരു ജനാധിപത്യക്രമത്തിൽ ഭരണാധികാരിക്ക് തെല്ലും ഭൂഷണമല്ല എന്നത് മുഖ്യമന്ത്രിക്കും പരിവാരങ്ങൾക്കും മനസ്സിലാകാത്തത് അവരെ നയിക്കുന്ന അധികാരപ്രമത്തത ഒന്നുകൊണ്ടുമാത്രമാണ്.

പദ്ധതിക്ക് കേന്ദ്രസർക്കാരോ, റെയിൽവേ ബോർഡോ അനുമതി നൽകിയിട്ടില്ല എന്നതിന് കേരള ഹൈക്കോടതിയിൽ കേന്ദ്രസർക്കാരിനുവേണ്ടി അഡീഷണൽ സോളിസിറ്റർ ജനറൽ സമർപ്പിച്ച ഒന്നിലേറെ സത്യവാങ്മൂലങ്ങൾ തെളിവാണ്. പദ്ധതിയുടെ വിശദാംശങ്ങൾ കെറെയിൽ ഇനിയും സമർപ്പിച്ചിട്ടില്ല എന്ന് ഇന്ത്യൻ റെയിൽവേയും ഒന്നിലേറെ തവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നിട്ടും സർവേ തുടരാനും സാമൂഹ്യ ആഘാത പഠനം നടത്താനുമുള്ള സർക്കാർ നീക്കം അങ്ങേയറ്റം ദുരൂഹമാണ്. സംസ്ഥാന സർക്കാരിന്റെ ഓരോ നീക്കങ്ങളും പദ്ധതിയുടെ നിഗൂഢതയിലേയ്ക്കുള്ള വിരൽ ചൂണ്ടലാണ്.

കേന്ദ്രസർക്കാരിന്റെ അനുമതി ഇനിയും ലഭിച്ചിട്ടില്ലാത്തതും കുറ്റമറ്റ ഡീറ്റയിൽഡ് പ്രോജക്ട് റിപ്പോർട്ട്(ഡിപിആർ) പോലുമില്ലാത്തതുമായ ഒരു പദ്ധതിക്കുവേണ്ടിയാണ് സാമൂഹ്യാഘാതപഠനവുമായി സർക്കാർ മുന്നോട്ടു പോകുന്നത്. ഒരു കടലാസ് പദ്ധതി മാത്രമാണ് സിൽവർലൈൻ പ്രോജക്ട്. അതുകൊണ്ടാണ് റെയിൽവേ ആവശ്യപ്പെടുന്ന രേഖകൾ സമർപ്പിക്കാത്തത്. ഇല്ലാത്ത ഒരു പദ്ധതിക്കുവേണ്ടിയാണ് സാമൂഹ്യാഘാതപഠനം എന്ന പേരിൽ കോടികൾ ചെലവഴിക്കുന്നതും ജനങ്ങളുടെമേൽ മെക്കിട്ടു കയറുന്നതും.

സമരക്കാർക്കുമേൽ ചുമത്തിയിട്ടുള്ള കേസുകൾ ഉപാധികളില്ലാതെ പിൻവലിക്കണം

സിൽവർലൈൻ പദ്ധതിയിൽ സർക്കാരിനുനേരെ ഹൈക്കോടതി ഉയർത്തിയത് നിശിതമായ വിമർശനമാണ്. പദ്ധതിയുടെ ഡിപിആർ തയ്യാറാക്കാതെ എന്തിനാണ് സാമൂഹികാഘാത പഠനം നടത്തുന്നത്, പദ്ധതിയുടെ പേരിൽ ഇത്രയധികം പണം ചെലവാക്കിയത് എന്തിനാണ്, എന്തിനാണ് ഇത്രയധികം കേസുകളും പ്രശ്നങ്ങളും ഉണ്ടാക്കിയത്, ജിയോടാഗിങ് മതിയെന്നതിന്റെ രേഖകൾ എവിടെ തുടങ്ങിയ നിരീക്ഷണങ്ങളും ചോദ്യങ്ങളും കോടതി ഉയർത്തി. ഇതിനൊന്നും തൃപ്തികരമായ മറുപടി നൽകാൻ സംസ്ഥാന സർക്കാരിന് സാധിച്ചില്ല. ഇതിനുമുമ്പും സിൽവർലൈൻ വിരുദ്ധ പ്രതിഷേധം നടത്തിയവർക്കെതിരെ എടുത്ത കേസുകളെക്കുറിച്ച് ഹൈക്കോടതി ചോദ്യമുയർത്തിയിരുന്നു. സമരക്കാർ സാധാരണക്കാരായ ജനങ്ങൾ ആണെന്നിരിക്കെ അവർക്കെതിരെ ക്രിമിനൽ കേസെടുത്തത്

ഒക്ടോബർ 2ന് വടകര, കൈനാട്ടിയിൽ നടന്ന ഉപവാസസമരം പ്രമുഖ സാഹിത്യകാരൻ പി.സുരേന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

എന്തിനാണെന്നും കേസുകൾ പിൻവലിച്ചുകൂടേ എന്നും കോടതി ചോദിച്ചു. എന്നാൽ സമരക്കാർക്കെതിരെ എടുത്തിട്ടുള്ള കേസുകൾ പിൻവലിക്കില്ല എന്നാണ് സർക്കാർ കോടതിയെ അറിയിച്ചത്. അതിന് പ്രത്യേകിച്ച് കാരണമൊന്നും പറഞ്ഞിട്ടുമില്ല. കേസെടുത്തിട്ടുള്ളത് പൊതുമുതൽ നശിപ്പിച്ചതിനാണ് എന്നും സർക്കാർ കോടതിയെ അറിയിച്ചിരുന്നു. സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ പറഞ്ഞുകൊണ്ടിരിക്കുന്ന എല്ലാ കാര്യങ്ങളിലുമെന്നതുപോലെ ഇതും കള്ളമാണ്. വീടുകളിൽ അതിക്രമിച്ചു കയറിയവരെ തടയുകയാണ് ജനങ്ങൾ ചെയ്തത്. ജനങ്ങളുടെ താൽപര്യത്തിന് വിരുദ്ധമായി, മുന്നറിയിപ്പില്ലാതെ വീടുകളിൽ അതിക്രമിച്ചു കടന്നതാണ് ക്രമസമാധാനപ്രശ്നങ്ങളുണ്ടാക്കിയത്. ജനങ്ങളുടെ ഭാഗത്തുനിന്ന് യാതൊരുവിധ അക്രമ പ്രവർത്തനവും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. ജനങ്ങൾക്കുമേൽ അക്രമം അഴിച്ചുവിട്ടത് പോലീസ് ആണ്. അധികാര ദുർവിനിയോഗത്തിനെതിരെ അവർക്കെതിരെയാണ് കേസെടുക്കേണ്ടത്. പൊതുമുതൽ നശിപ്പിച്ചതിന്റെ പേരിലല്ല സംസ്ഥാനത്ത് സിൽവർ ലൈൻ പദ്ധതിക്കെതിരെ സമരം ചെയ്യുവർക്കുമേൽ കേസെടുത്തിട്ടുള്ളത്.

സിൽർലൈൻ പദ്ധതിക്കുള്ള വായ്പ ജിക്ക നിഷേധിച്ചു

സിൽവർ ലൈൻ പദ്ധതിക്ക് 64000കോടിയാണ് ഡിപിആറിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ അതിന്റെ ഇരട്ടിയോ മൂന്നിരട്ടിയോ അതിനുമേലെയോ ചെലവുവരും എന്നാണ് നീതി ആയോഗ് അടക്കമുള്ള ഏജൻസികൾ നടത്തിയ പഠനം വെളിവാക്കുന്നത്. എന്നാൽ ജപ്പാൻ ഇന്റർനാഷണൽ കോഓപ്പറേഷൻ ഏജൻസി (ജിക്ക) നൽകുമെന്ന് സംസ്ഥാന സർക്കാർ പറഞ്ഞിരുന്നത് കേവലം 33000 കോടി രൂപയാണ്. ബാക്കി തുകയുടെ ഉറവിടം ഇപ്പോഴും വെളിപ്പെടുത്തപ്പെട്ടിട്ടില്ല. അത് കണ്ടെത്താൻ സംസ്ഥാന സർക്കാരിന് ശേഷിയുണ്ട് എന്ന ഹുങ്ക് മാത്രമേ അന്തരീക്ഷത്തിൽ മുഴങ്ങുന്നുള്ളൂ.

എന്നാൽ ജിക്ക ഫണ്ട് ഉപയോഗിച്ച പദ്ധതികൾ നടപ്പിലാക്കാനുള്ള ജിക്ക റോളിങ് പ്ലാനിൽ നിന്ന് സിൽവർ ലൈൻ പദ്ധതിയെ ഒഴിവാക്കിയിരിക്കുന്നു. ഇത് സമര സമിതിക്ക് വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യത്തിന്

കോട്ടയം ജില്ലയിലെ മാടപ്പള്ളിയിലെ സമരകേന്ദ്രത്തിൽ 175–ാം ദിവസം നടന്ന സത്യാഗ്രഹം കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന കൺവീനർ എസ്.രാജീവൻ ഉദ്ഘാടനം ചെയ്യുന്നു.

കേന്ദ്ര ധനമന്ത്രാലയം നൽകിയ മറുപടി ആണ്. മറ്റ് വായ്പാ ഏജൻസികളെ കണ്ടെത്താനുള്ള അപേക്ഷ പരിഗണിക്കണമെങ്കിൽ പദ്ധതിയുടെ സാമ്പത്തിക-സാങ്കേതിക സാധ്യതയെ സംബന്ധിച്ച് റെയിൽവേയുടെ റിപ്പോർട്ട് ലഭിക്കണം. അതിന് റെയിൽവേ ആവശ്യപ്പെടുന്ന രേഖകൾ കെ റെയിൽ നൽകണം. കെ റെയിലിനു തന്നെ വ്യക്തതയില്ലാത്ത പദ്ധതിയാണ് എന്നതുകൊണ്ട് രേഖകളൊട്ട് നൽകാനും പറ്റില്ല. സിൽവർ ലൈൻ പദ്ധതിയുടെ യഥാർത്ഥ അവസ്ഥ ഇതായിരിക്കെയാണ് സാമൂഹ്യാഘാത പഠനമെന്നു പറഞ്ഞ് സർക്കാർ ഇറങ്ങിയിരിക്കുന്നത്.

2013ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം സാമൂഹ്യ ആഘാത പഠനം നിശ്ചിത കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത പക്ഷം പുതിയ നോട്ടിഫിക്കേഷൻ വേണം. എന്നാൽ നിലവിലുള്ള ഏജൻസികൾക്കുതന്നെ പഠനം തുടർന്ന് നടത്താൻ അനുമതി നൽകാനാണ് സംസ്ഥാന സർക്കാരിന്റെ നീക്കം. ഏജൻസികളുടെ കുഴപ്പം കൊണ്ടല്ല പ്രതിഷേധം കൊണ്ടാണ് നിശ്ചിത കാലയളവിൽ പഠനം പൂർത്തിയാക്കാനാകാതെ പോയത് എന്നാണത്രേ ലഭിച്ചിരിക്കുന്ന നിയമോപദേശം! ഇത് അങ്ങേയറ്റം ക്രമവിരുദ്ധ നടപടിയാണ്.

കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽപ്പെട്ടിരിക്കുന്ന കേരള സർക്കാർ, കേരളത്തെ സമ്പൂർണ നാശത്തിലേയ്ക്ക് തള്ളിവിടുന്ന ഈ പദ്ധതിയുടെ പേരിൽ 100 കോടിയിലധികം രൂപയാണ് ഇതിനകം ചെലവിട്ടിരിക്കുന്നത്. തങ്ങളുടെ വീടുകളും, കൃഷിയിടങ്ങളും സംരക്ഷിക്കാൻ ശ്രമിച്ച ജനങ്ങൾക്കെതിരെ എടുത്തിട്ടുള്ള മുഴുവൻ കള്ളക്കേസുകളും പിൻവലിക്കുവാൻ സർക്കാർ തയ്യാറാവുകയും, പ്രായോഗികമായി ഭൂമിയുടെ മുഴുവൻ വിനിയോഗങ്ങളും അസാധ്യമാക്കുന്ന നോട്ടിഫിക്കേഷനുകൾ പിൻവലിക്കുകയും ചെയ്യണം. ജനങ്ങളെ വെല്ലുവിളിക്കുന്ന നീക്കവുമായി സർക്കാർ വീണ്ടും മുന്നോട്ട് വരുന്നത് നാട്ടിലെ ക്രമസമാധാന നില തകർക്കാനുള്ള ആസൂത്രിത ശ്രമമാണ്. ഇതിൽ നിന്ന് എത്രയും വേഗം പിൻമാറുവാൻ സർക്കാർ തയ്യാറാകണം. ■

നിർമ്മാണ തൊഴിലാളികളുടെ സമ്മേളനം...

കേരള കൺസ്ട്രക്ഷൻ വർക്കേഴ്സ് യൂണിയൻ എറണാകുളം ജില്ലാസമ്മേളനം എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

കരിമണൽ ഖനനത്തിനെതിരെ...

കരിമണൽ ഖനനം അവസാനിപ്പിക്കുക, തീരം സംരക്ഷിക്കുക എന്നീ ഡിമാന്റുകൾ ഉന്നയിച്ച് കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതി തോട്ടപ്പള്ളിയിൽ നടത്തിവരുന്ന അനിശ്ചിതകാല റിലേ സത്യാഗ്രഹത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഏകതാപരിഷത് കരിമണൽ ഖനന വിരുദ്ധ ഏകോപന സമിതിയുമായി ചേർന്ന് നടത്തിയ തീരദേശ പദയാത്രയിൽ ഏകതാ പരിഷത് സ്ഥാപകൻ ഡോക്ടർ പി.വി.രാജഗോപാൽ പ്രസംഗിക്കുന്നു.

അഭിരാമിയുടെ ആത്മഹത്യ: മുഖ്യപ്രതി കേരള ബാങ്ക്

കൊല്ലം ജില്ലയിൽ ശാസ്താംകോട്ടയിലെ ശൂരനാട്ട് അജികുമാറിന്റെ വീടിനു മുന്നിൽ കേരള ബാങ്ക് കൂറ്റൻ ജപ്തി ബോർഡ് സ്ഥാപിച്ച് അദ്ദേഹത്തിന്റെ മകൾ അഭിരാമിയെന്ന വിദ്യാർത്ഥിനിയെ മരണത്തിലേക്ക് തള്ളിവിട്ട സംഭവം അങ്ങേയറ്റം പ്രതിഷേധാർഹമാണ്. 5 വർഷം മുമ്പ്, സ്വന്തമായി ഒരു വീട് നിർമിക്കാൻ കേരള ബാങ്കിൽ നിന്ന് 10 ലക്ഷം രൂപ വായ്പ എടുത്തെങ്കിലും കോവിഡ് മൂലം തൊഴിൽ രഹിതനും വരുമാനമില്ലാത്ത ആളുമായി മാറിയതിനാൽ തിരിച്ചടവ് മുടങ്ങിയെന്നതിന്റെ പേരിലാണ് കേരള സഹകരണ ബാങ്ക് സർഫാസി നിയമം പ്രയോഗിച്ച് ജപ്തി നടപടികളിലേക്ക് നീങ്ങിയത്. ജപ്തിയുടെ ആദ്യപടി എന്ന നിലയിൽ കിടപ്പാടവും വസ്തുവും ബാങ്ക് ഏറ്റെടുക്കുന്നവെന്നുമുന്നറിയിപ്പ് അടങ്ങിയ ബോർഡ് വീടിന് മുന്നിൽ സ്ഥാപിച്ച് അപമാനിച്ചതിൽ മനം നൊന്താണ് അഭിരാമി ആത്മഹത്യ ചെയ്തത്.

വീട്ടിൽ പതിച്ചത് വെറുമൊരു നോട്ടീസ് ആയിരുന്നില്ല, ജപ്തി നടപടികൾ ആരംഭിക്കുന്നതിന്റെ ഭാഗമായ ബോർഡ് ളുക്കലായിരുന്നു അത്. "സെക്യൂരിടൈസേഷൻ ആൻഡ് റി കൺസ്ട്രക്ഷൻ ഒഫ് ഫൈനാൻഷ്യൽ അസ്സെറ്റ്സ് ആൻഡ് എൻഫോഴ്സ്മെന്റ് ഒഫ് സെക്യൂരിറ്റി ഇന്ററസ്റ്റ് ആക്ട് 2002 പ്രകാരം ഈ വസ്തുവും/കെട്ടിടവും ബാങ്ക് ഏറ്റെടുത്തിരിക്കുന്ന വിവരം പൊതു ജനങ്ങളെ അറിയിച്ചു കൊള്ളുന്നു. ഈ വസ്തു കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ സ്വത്ത് ആയതിനാൽ അതിക്രമിച്ചു കടക്കുന്നത് ശിക്ഷാർഹമാണ്" എന്ന് വലിയ അക്ഷരങ്ങളിൽ എഴുതി നാട്ടുകാരെ അറിയിച്ച് അപമാനിക്കുന്ന ബോർഡായിരുന്നു അത്. തല്ക്കാലം ബോർഡ് സ്ഥാപിച്ച് ബുദ്ധിമുട്ടിക്കരുതെന്ന് അജികുമാറും നാട്ടുകാരും അഭ്യർത്ഥിച്ചെങ്കിലും ഉദ്യോഗസ്ഥർ നിഷ്ഠുരണം അത് സ്ഥാപിക്കുകയാണ് ചെയ്തത്.

കോവിഡ് കാലത്തിന് മുമ്പ് തിരിച്ചടവ് കൃത്യമായിരുന്നുവെന്ന് ബാങ്ക് തന്നെ സമ്മതിക്കുന്നു. ആറുമാസങ്ങൾക്കുമുമ്പ്, കഴിഞ്ഞ മാർച്ച് മാസം ഒന്നര ലക്ഷം രൂപ തിരിച്ചടക്കുകയും ചെയ്തിരുന്നുവെന്നതും വസ്തുത. എന്നിട്ടും, ബാക്കി അടയ്ക്കുന്നതിന് സാവകാശം നൽകണമെന്ന അഭ്യർത്ഥന കേരള ബാങ്ക് ഉദ്യോഗസ്ഥർ ചെവിക്കൊണ്ടില്ല. അല്പം കരുണ കാട്ടിയിരുന്നെങ്കിൽ ആ പെൺകുട്ടിയുടെ ജീവൻ രക്ഷിക്കാൻ കഴിയുമായിരുന്നു.

ജപ്തി-ലേല നടപടികൾ ചെണ്ടകൊട്ടി നാട്ടുകാരെ മുഴുവൻ വിളിച്ചറിയിക്കുന്ന അപരിഷ്കൃത ഏർപ്പാട് പണ്ട് ഉണ്ടായിരുന്നു. അതിന്റെയൊരു പുനഃരാവിഷ്കാരമാണ് ശൂരനാട് നടന്നത്. അതാകട്ടെ, ആ പ്രത്യേക ബ്രാഞ്ചിലെ മാത്രമായ ഒറ്റപ്പെട്ട സംഭവവുമല്ല. കേരള ബാങ്കിന്റെ ഇപ്പോഴത്തെ പ്രസിഡണ്ടും സിപിഐ(എം) സംസ്ഥാന നേതാവുമായ ഗോപി കോട്ടമുറിക്കൽ നടത്തിയ വാർത്താ സമ്മേളനത്തിൽ അദ്ദേഹം പറഞ്ഞ കാര്യങ്ങൾ അക്കാര്യം അടിവരയിടുന്നു. മൂവാറ്റുപുഴ അർബൻ സഹകരണ ബാങ്കിൽ താൻ ചെയർമാനായിരുന്നപ്പോൾ ഇതേ വിധത്തിൽ 64 വീടുകളിൽ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും അതോടെ കടിശ്ശികവരുത്തിയവർ ഭയന്ന് കട ബാധ്യത തീർക്കാൻ തയ്യാറായിയെന്നും പറഞ്ഞതിൽ നിന്നും ഇതിന് പിന്നിലെ ആസൂത്രണങ്ങൾ ആരുടേതാണെന്ന് വ്യക്തമാകുന്നു.

കേരളത്തിലെ ഭൂരിപക്ഷം സഹകരണ ബാങ്കുകളും സിപിഐ(എം) നിയന്ത്രണത്തിലാണ്. സഹകരണ ബാങ്കുകൾ സർഫാസി നിയമം പ്രയോഗിക്കില്ലെന്നും കിടപ്പാടങ്ങൾ ജപ്തി ചെയ്യില്ലെന്നും എൽഡിഎഫ് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ, അതിന് നേർ വിപരീതമായി അവർ സർഫാസി നിയമങ്ങൾ നിർധന മനുഷ്യരുടെമേൽ പ്രയോഗിക്കുന്നു. ഒപ്പം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ എല്ലാ നിയമങ്ങളും നിയന്ത്രണങ്ങളും സഹകരണ ബാങ്കുകൾക്ക് ബാധകമാക്കി സാധാരണ ഗ്രാമീണ ജനങ്ങളെ ശ്വാസം മുട്ടിക്കുന്നു.

സർഫാസി നിയമം നടപ്പാക്കില്ല എന്നതാണ് എൽഡിഎഫ് സർക്കാരിന്റെ നയമെങ്കിൽ, പിന്നെന്തിന് ഇത്തരമൊരു കടുംകൈ വായ്പ തിരിച്ചടവ് വൈകിയതിന്റെപേരിൽ മാത്രം നടത്തി? ഗ്രാമീണ ജനങ്ങൾക്ക് ഏതെങ്കിലും അളവിൽ ആശ്വാസം നൽകാനാണല്ലോ സഹകരണ ബാങ്കുകൾ ആരംഭിച്ചത്. അവർക്ക് താങ്ങാനാവുന്ന ചെറിയ പലിശ മാത്രം ഈടാക്കി വായ്പകളും മറ്റും ലഭ്യമാക്കാൻ സഹായിച്ചിരുന്ന സഹകരണ ബാങ്കിംഗ് സമ്പ്രദായത്തെ കഴുത്തറുപ്പൻ പലിശ ഈടാക്കുന്ന ബാങ്കാക്കി മാറ്റുന്ന നീക്കങ്ങളാണ് നടക്കുന്നത്.

വാസ്തവത്തിൽ, അതിന്റെ ഭാഗമായിട്ടാണ് സഹകരണ ബാങ്കുകളെ ലയിപ്പിച്ച് ഷൈലോക്യൻ ബാങ്കിംഗ് സിസ്റ്റം അനുവർത്തിക്കുന്ന കേരള ബാങ്ക് ആരംഭിക്കാൻ തീരുമാനം വന്നത്. തുടർന്ന്, പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളെയും ആയിരത്തിഅറുനൂറോളം വരുന്ന കാർഷിക സഹകരണ സംഘങ്ങളെയും ലയിപ്പിച്ച് ഒരു കുടക്കീഴിലാക്കി കേരള ബാങ്ക് രൂപവൽക്കരിച്ചു. സഹകരണ ബാങ്കിംഗ് മൂലധനത്തിൽ കുത്തകകൾ പിടിമുറുക്കുന്ന മറ്റൊരു നടപടിയും ഇതോടൊപ്പം വരുന്നു. ജനകീയ ബാങ്ക് ആയിരുന്ന സഹകരണ ബാങ്കുകളിലെ പണം ആർബിഐയുടെ കീഴിലുള്ള ബാങ്കിംഗ് സമ്പ്രദായത്തിലേയ്ക്ക് കൊണ്ടുവരാൻ കേന്ദ്രസർക്കാർ ഒരു നിയമം നിർമ്മിക്കാൻ ഒരുങ്ങുന്നതിന് പിന്നിലെ ലക്ഷ്യം അതൊന്ന് മാത്രമാണ്. സാധാരണക്കാരുടെ ചെറിയ നിക്ഷേപങ്ങൾപോലും തട്ടിയെടുക്കാനും ഉപയോഗിക്കാനും വൻകിട കോർപ്പറേറ്റുകൾക്ക് അവസരം ഒരുക്കുന്നതാണ് പുതിയ ദേശസാൽക്കരണ നീക്കം.

ഗ്രാമീണ കേരളത്തിൽ വികേന്ദ്രീകൃതമായി പ്രവർത്തിക്കുന്ന ചെറുകിട സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും ചെറിയ തോതിലാണെങ്കിലും ഇക്കാലമത്രയും പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും സഹായമായിരുന്നു. അതാണ് അട്ടിമറിക്കപ്പെടുന്നത്. അവിടേക്ക് വൻകിട ബാങ്കിംഗ് ഇടപാടുകാർ കടന്നു വരുന്നതോടെയും കേന്ദ്രീകൃത നിയമങ്ങൾക്ക് കീഴിലേക്ക് വരുന്നതോടെയും സഹകരണ ബാങ്കുകളുടെ എല്ലാ ജനകീയ ലക്ഷ്യങ്ങളും തകർക്കപ്പെടും. ഭീകരമായ റവന്യൂ റിക്കവറി നടപടികൾ അതിന്റെ ഭാഗമാണ്.

ഇതിനകം, കേരളത്തിലെ സഹകരണ ബാങ്കുകളിൽനിന്ന് വായ്പയെടുത്തിട്ടുള്ള പത്തുലക്ഷത്തോളം പേർക്ക് റവന്യൂ റിക്കവറി നോട്ടീസ് അയച്ചു കഴിഞ്ഞുവെന്നാണ് അനൗദ്യോഗിക വിവരം. ഓരോ കിടപ്പാടം ജപ്തി ചെയ്യുമ്പോഴും നിശ്ചിത ശതമാനം കമ്മീഷൻ-5 മുതൽ 7ശതമാനം വരെ-സംസ്ഥാന സർക്കാരിന് ലഭിക്കുന്നുവത്രെ! അങ്ങനെയെങ്കിൽ, ഓരോ കുടിയിറക്കലും സർക്കാരിന്റെ നേട്ടമായി മാറുന്നു. അതു കൊണ്ടുതന്നെ സാധാരണക്കാരെ കുടിയിറക്കാൻ നിർബന്ധിക്കുന്ന കർക്കശമായ സർഫാസി ആക്ട് പ്രയോഗിക്കാൻ സർക്കാർ കൂട്ടു നിൽക്കുന്നു. എന്നാൽ, അതേ സമയം പൊതു ഖജനാവിൽനിന്ന് കോടികൾ വായ്പയെടുത്തു മുങ്ങുന്ന വൻകിടക്കാരെ സഹായിക്കാൻ കേന്ദ്ര സംസ്ഥാന സർക്കാരുകൾ പാക്കേജുകൾ തയ്യാറാക്കുന്നു. പാപ്പരത്വ നിയമം ആവിഷ്കരിക്കുന്നു. അവരുടെ കടങ്ങൾ എഴുതിത്തള്ളുക, ഇളവുകൾ അനുവദിക്കുക, സമവായ പരിഹാരം കണ്ടെത്തുക എന്നതൊക്കെയാണ് പാപ്പരത്വ നിയമം അഥവാ ബാങ്ക്റപ്ട്സി ആൻഡ് ഇൻസോൾവൻസി കോഡിന്റെ അടിസ്ഥാന മാർഗ്ഗങ്ങൾ. രാജ്യത്തെ കിട്ടാക്കടത്തിന്റെ 80ശതമാനവും വൻകിടക്കാർ എടുത്ത വായ്പകളാണ്. അതിൽ സർക്കാർ തൊടില്ല. ജീവിക്കാൻ ഒരു ഗതിയുമില്ലാതെ വായ്പയെടുക്കുന്ന സാധാരണക്കാരെ പെരുവഴിയിലാക്കാൻ കണ്ണിൽചോരയില്ലാതെ സർഫാസി നിയമം പ്രയോഗിക്കും. സിപിഐ(എം) നയിക്കുന്ന കേരള സർക്കാർ അനുവർത്തിക്കുന്നത് മനുഷ്യത്വരഹിതമായ റിക്കവറി നിയമങ്ങളാണ്.

കിടപ്പാടം പിടിച്ചെടുക്കൽ എന്ന ജനദ്രോഹത്തിന് പിണറായി സർക്കാർ നേതൃത്വം നൽകുന്നു

കോട്ടയം ജില്ലയിലെ കൂട്ടിക്കൽ പ്രദേശത്ത് പ്രളയ ദുരന്തത്തിൽ സർവ്വവും നഷ്ടപ്പെട്ട മനുഷ്യർ ബാങ്ക് വായ്പകളുടെ പേരിൽ നിഷ്ഠുരണം വേട്ടയാടപ്പെടുകയാണ്. കൂട്ടിക്കൽ, കൊക്കയാർ, മുണ്ടക്കയം പഞ്ചായത്തുകളിലെ നൂറുകണക്കിന് കുടുംബങ്ങൾ ജപ്തി ഭീഷണി നേരിടുന്നു. വായ്പാ ബാധ്യത സർക്കാർ ഏറ്റെടുക്കണം എന്നാവശ്യപ്പെട്ട് അവർ സമരത്തിൽ ആണ്. പ്രളയ ബാധിതരോട് പോലും കരുണ കാട്ടാത്ത മനുഷ്യ വിരുദ്ധ മുതലാളിത്ത സർക്കാർ!

സർക്കാരിന്റെ സാമ്പത്തിക നയങ്ങൾ മൂലം പാപ്പരാക്കപ്പെടുന്ന മനുഷ്യർ, നിവൃത്തികേടുകൊണ്ട് വായ്പയെടുക്കാൻ നിർബന്ധിതരാകുന്നു. അവരെ അപമാനിക്കുക, കുറ്റക്കാരാക്കുക, ഒടുവിൽ ആത്മഹത്യയിലേക്ക് തള്ളിവിടുക ഇവയൊക്കെയാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വായ്പ നൽകൽ നയം സാധാരണക്കാർക്ക് സമ്മാനിക്കുന്നത്. സഹകരണ ബാങ്കുകളെയും വട്ടിപ്പലിശ കേന്ദ്രങ്ങളാക്കുന്ന ജനദ്രോഹ നയത്തിന്റെ പാരമ്യതയിലാണ് പിണറായി സർക്കാരും അഭിരമിക്കുന്നത്. ഈ കോർപ്പറേറ്റ് അനുകൂല നവലിബറൽ ബാങ്കിംഗ് നയത്തിന്റെ ഇരയാണ് അഭിരാമി. ഇതൊരു കൊലക്കുറ്റം തന്നെ. ജനദ്രോഹ ബാങ്കിംഗ് നയം പിന്തുടർന്ന് ഭരണകൂടം നടത്തിയ കൊലപാതകം.

വായ്പാക്കുടുക്കിൽ സാധാരണ മനുഷ്യർ ജീവിതം അവസാനിപ്പിക്കേണ്ടി വരുന്ന സാമൂഹ്യ സാഹചര്യത്തിന് മാറ്റം ഉണ്ടായേ തീരൂ. തൊഴിലും വരുമാനവും നഷ്ടപ്പെട്ട് ആളുകൾ രണ്ടറ്റവും കൂട്ടിമുട്ടിക്കാൻ നെട്ടോട്ടം ഓടുമ്പോൾ, അവരെ വേട്ടയാടുന്ന നയത്തിനെതിരെ പ്രതിഷേധം വളർന്ന് വരണം. ജനങ്ങളുടെ കിടപ്പാടം ജപ്തി ചെയ്യുന്ന ഒരു നടപടിയും അനുവദിക്കാൻ പാടില്ല. ഇതിനകം ജപ്തി ചെയ്യപ്പെട്ടവരുടെ കിടപ്പാടങ്ങൾ തിരികെ പിടിക്കുകയാണ് വേണ്ടത്. അതിനായി, ജനകീയ പ്രതിരോധ പ്രക്ഷോഭ സമിതികൾക്ക് രൂപം നൽകണം. കോവിഡിന് ശേഷം ബുദ്ധിമുട്ടേറിയ ജീവിത സാഹചര്യത്തിൽ, പൂർവ സ്ഥിതി പുനഃസ്ഥാപിക്കപ്പെടുന്നതുവരെ കാർഷിക-വിദ്യാഭ്യാസ-ഭവന-അടിസ്ഥാന ആവശ്യ വായ്പകൾക്കുമേലുള്ള എല്ലാ റിക്കവറിയും നിർത്തിവയ്ക്കണം. വായ്പയുടെ ഉത്തരവാദിത്തം സമ്പൂർണമായും സർക്കാർ ഏറ്റെടുക്കണം. ഇനിയുമൊരു അഭിരാമിക്ക് കൂടി കേരളത്തിൽ ജീവൻ നഷ്ടപ്പെടുന്ന സ്ഥിതി വരരുത്. ■

പ്രളയ ബാധിതരുടെ അതിജീവന കൂട്ടായ്മയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ വില്ലേജ് ഓഫീസ് മാർച്ച്

ജപ്തി ഭീഷണിക്കെതിരെ പ്രളയബാധിതരുടെ കൂട്ടിക്കൽ വില്ലേജ് ഓഫീസ് മാർച്ച്

പ്രളയബാധിതമേഖലയായ കൂട്ടിക്കൽ, കൊക്കയാർ, മുണ്ടക്കയം പഞ്ചായത്തുകളിലെ ബാങ്ക് വായ്പയുടെ പേരിലുള്ള ജപ്തി നടപടികൾ നിർത്തിവയ്ക്കുക, വായ്പകൾ സർക്കാർ ഏറ്റെടുക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തിക്കൊണ്ട് പ്രളയ ബാധിതരുടെ അതിജീവന കൂട്ടായ്മയുടെ നേതൃത്വത്തിൽ കൂട്ടിക്കൽ വില്ലേജ് ഓഫീസ് മാർച്ചും ധർണ്ണയും നടന്നു. കെറെയിൽ സിൽവർലൈൻ വിരുദ്ധ ജനകീയ സമിതി സംസ്ഥാന ജനറൽ കൺവീനർ എസ്.രാജീവൻ ഉദ്ഘാടനം ചെയ്തു.

അതിജീവന കൂട്ടായ്മ കൺവീനർ ബെന്നി ദേവസ്യ അദ്ധ്യക്ഷത വഹിച്ചു. വൈസ് ചെയർമാൻ ഗോപി മാടപ്പാട്ട്, രക്ഷാധികാരി വി.പി. കൊച്ചുമോൻ, കെ റെയിൽ സിൽവർ ലൈൻ വിരുദ്ധ ജനകീയസമിതി വനിതാ കൺവീനർ ശരണ്യ രാജ്, കൃഷ്ണൻകുട്ടി, മിനി കെ. ഫിലിപ്പ്, മുരളീധരൻ, കെ.കെ.ഷാജൻ, പത്മവല്ലി ശ്രീധരൻ തുടങ്ങിയവർ പ്രസംഗിച്ചു. ■

ദളിതരെയും ആദിവാസികളെയും നിർദ്ദയമായി വേട്ടയാടുന്ന ഭരണകൂടത്തിന്റെ അവിഭാജ്യ ഭാഗമാണ് രാഷ്ട്രപതി പദവി

(1–ാം പേജിൽ നിന്ന്)

ട്ട ഏതെങ്കിലും സ്ത്രീയെ അബദ്ധവശാലെങ്കിലും സ്പർശിച്ചാൽ, കൈയേറ്റവും മർദ്ദനവുമാണ് അനിവാര്യഫലം. ചായക്കടകളിലും വഴിയോര ഭക്ഷണശാലകളിലും ദളിതർ ചായ കുടിക്കാൻ സ്വന്തം ഗ്ലാസുകൾ കരുതണം. ചത്ത മൃഗങ്ങളുടെ തൊലിയുരിയാൻ ഏതെങ്കിലും ദളിത് കുടുംബം വിസമ്മതിച്ചാൽ, അവർക്ക് പ്രാദേശിക ഉന്നതരുടെയും ഗ്രാമത്തലവന്മാരുടെയും രോഷം നേരിടേണ്ടിവരും. തൊലിയുരിഞ്ഞാൽ പശു സംരക്ഷകരുടെ ക്രൂരത നേരിടേണ്ടിയും വരും. ആദിവാസികൾ അധിവസിച്ചിരുന്ന വനഭൂമികൾ കുത്തക മുതലാളിമാർക്ക് യഥേഷ്ടം അനവദിക്കുംവിധം രാജ്യത്തെ നിയമങ്ങൾ പൊളിച്ചെഴുതുകയാണ്. അവരെ കുടിയൊഴിപ്പിക്കുന്ന സംഭവങ്ങൾ ധാരാളം. 2020ൽ മാത്രം ദളിതർക്കെതിരായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 50,000ത്തിലധികം പരാതികളാണ് നൽകപ്പെട്ടിട്ടുള്ളത്. എന്നാൽ ദളിതർക്കെതിരായ കുറ്റകൃത്യം എത്രമേൽഹീനമായിരുന്നാലും പ്രതികൾക്ക് യാതൊരു ശിക്ഷയും ലഭിക്കുന്നില്ല. സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നുള്ള അന്യവൽക്കരണം നിമിത്തം, അവർ എല്ലാത്തരം കൈയേറ്റങ്ങൾക്കും അപമാനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരായിക്കൊണ്ടേയിരിക്കുന്നു.

ബിജെപി ഭരണത്തിൽ ദളിതർക്കും ആദിവാസികൾക്കുമെതിരായ കുറ്റകൃത്യങ്ങൾ ഗണ്യമായി വർദ്ധിച്ചു

നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ റിപ്പോർട്ടുകൾ കാണിക്കുന്നത്, കഴിഞ്ഞ പത്തുവർഷത്തിനിടെ (2011–20) 76,899 കുറ്റകൃത്യങ്ങൾ പട്ടികവർഗക്കാർക്കെതിരെ നടന്നിരിക്കുന്നു എന്നാണ്. മധ്യപ്രദേശിൽ, വേശ്യാവൃത്തിസംഘങ്ങൾ ആദിവാസികളെ ചൂഷണം ചെയ്യുമ്പോൾ, ജാർഖണ്ഡിലും ഛത്തീസ്ഗഡിലും, മാവോയിസ്റ്റുകൾക്കെതിരായ പ്രത്യാക്രമണങ്ങളുടെ പേരിൽ ആദിവാസികളെ നിരന്തരമായി വേട്ടയാടുന്നു. 2019മെയ് മാസത്തിൽ, ഡി-നോട്ടിഫൈഡ് ഗോത്രങ്ങളിൽപ്പെട്ട സ്ത്രീകൾ, തങ്ങൾ ഏതാണ്ട് എല്ലാ ദിവസങ്ങളിലും പീഡിപ്പിക്കപ്പെടുകയും ബലാത്സംഗം ചെയ്യപ്പെടുകയും ചെയ്തുവെന്ന് സാക്ഷ്യപ്പെടുത്തി. 'ഡി നോട്ടിഫൈഡ്' ഗോത്രങ്ങളെ പട്ടികയിൽ ചേർത്തിട്ടില്ലാത്തതിനാൽ അവർക്ക് നിയമസംരക്ഷണം ഇല്ല. ഇന്ത്യയിലെ ദളിതർ സാമൂഹികമായി ഉയർന്ന ജാതി വിഭാഗങ്ങളിൽനിന്നും പൂർണ്ണമായി വേർതിരിക്കപ്പെട്ടിരിക്കുന്നു. ഗോത്രവർഗ്ഗക്കാരാകട്ടെ മുഖ്യധാരയിൽനിന്നും വളരെ അകലെയാണ്.

ബിജെപി അധികാരത്തിൽ വന്ന കാലഘട്ടത്തിലാണ് ദളിത് സമൂഹത്തിന് നേരെയുള്ള അതിക്രമങ്ങളുടെ പെട്ടെന്നുള്ള കുതിപ്പ് പ്രകടമാകുന്നത്. 2020ൽ മാത്രം ദളിതർക്കെതിരായ അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 50,000ത്തിലധികം പരാതികളാണ് നൽകപ്പെട്ടിട്ടുള്ളത്. എന്നാൽ ദളിതർക്കെതിരായ കുറ്റകൃത്യം എത്രമേൽഹീനമായിരുന്നാലും പ്രതികൾക്ക് യാതൊരു ശിക്ഷയും ലഭിക്കുന്നില്ല.

'ബ്രാഹ്മണിസ'ത്തിന് (സാമൂഹിക ക്രമീകരണത്തിൽ മുകൾത്തട്ടിലുള്ള ബ്രാഹ്മണരുടെ മേൽക്കോയ്മ) പിന്തുണ പരസ്യമായി പ്രകടിപ്പിക്കുന്ന ബിജെപി അധികാരത്തിൽ വന്ന കാലഘട്ടത്തിലാണ് ദളിത് സമൂഹത്തിന് നേരെയുള്ള അതിക്രമങ്ങളുടെ പെട്ടെന്നുള്ള കുതിപ്പ് പ്രകടമാകുന്നത്. ഏതാനും വർഷങ്ങൾക്കുമുമ്പ് ഹരിയാനയിൽ രണ്ട് ദളിത് കുട്ടികൾ ചുട്ടുകൊല്ലപ്പെട്ടതിനെത്തുടർന്നുണ്ടായ കോലാഹലങ്ങളെക്കുറിച്ച് പ്രതികരിക്കവെ, മുൻ പ്രതിരോധമന്ത്രി റിട്ടയേർഡ് ജനറൽ വികെ സിംഗ് പറഞ്ഞത്, "രണ്ട് നായകൾ ചത്തതിനെക്കുറിച്ച് ഒച്ചവെക്കാൻ എന്താണ് ഉള്ളത്" എന്നാണ്. ഓരോ ചുവടിലും നീതി നിഷേധിക്കപ്പെടുന്ന നിർഭാഗ്യരായ ദളിതരും ആദിവാസികളും സമൂഹത്തോടും, സ്വയമെയും ചോദിക്കുന്നു: "ഞങ്ങളും മനുഷ്യരല്ലേ, ഞങ്ങളുടെ സിരകളിൽ ഒഴുകുന്നതും മനുഷ്യരക്തം തന്നെയല്ലേ? നിരന്തരമായി വേട്ടയാടപ്പെടാനും, സാമൂഹികമായി ബഹിഷ്കരിക്കപ്പെടാനും ജനിച്ചവരാണോ ഞങ്ങൾ ?"

ദളിത് – ആദിവാസി ചൂഷണം

ആദിവാസി ജനവിഭാഗങ്ങൾക്കെതിരെ നടക്കുന്ന കുറ്റകൃത്യങ്ങളും എണ്ണത്തിൽ ഒട്ടും കുറവല്ല. ആദിവാസി സ്ത്രീകൾക്ക് നേരെയുള്ള ലൈംഗിക അതിക്രമങ്ങൾ ദിനംപ്രതി വർദ്ധിക്കുന്നു. കഴിഞ്ഞ വർഷം ജൂണിൽ, ഛത്തീസ്ഗഡിൽ കൗമാരക്കാരിയായ ഒരു ആദിവാസി പെൺകുട്ടിയെ സുരക്ഷാസേനാംഗങ്ങൾ ആസൂത്രിതമായ ഏറ്റുമുട്ടലിൽ ബലാത്സംഗം ചെയ്ത് കൊലപ്പെടുത്തിയിരുന്നു. ആദിവാസികൾക്കെതിരെ വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങളുടെ വലിയൊരു ഭാഗം ബിജെപി ഭരണകാലത്താണ് സംഭവിച്ചത്. ഇവരുടെ ആദിവാസി പ്രേമം തികഞ്ഞ കാപട്യമാണെന്ന് ഈ കുറ്റകൃത്യങ്ങൾ സംശയാതീതമായി തെളിയിക്കുന്നു.

ഭരണകക്ഷിയും, സർക്കാരും 'ദേശീയതയും ദേശസ്നേഹവും' കൊട്ടിഘോഷിച്ചുകൊണ്ട് സ്വാതന്ത്ര്യത്തിന്റെ 75–ാം വാർഷികം ആഡംബരത്തോടെയും പ്രൗഢിയോടെയും ആഘോഷിക്കുമ്പോൾ, ദളിതരും, ആദിവാസികളും, മറ്റ് അദ്ധ്വാനിച്ച് ജീവിക്കുന്നവരും, നേരിടുന്ന അവർണ്ണനീയമായ വിവേചനങ്ങൾക്കും അടിച്ചമർത്തലുകൾക്കും സാക്ഷ്യം വഹിച്ചുകൊണ്ട് രാജ്യം വളരെ വേഗത്തിൽ താഴേക്ക് പതിക്കുകയാണ്. ഹൃദയഭേദകമായ ഈ സാമൂഹ്യസാഹചര്യത്തിന്റെ കാരണത്തെക്കുറിച്ച് ആഴത്തിൽ അന്വേഷണം നടത്തിയാൽ, ഈ തിന്മകളുടെയും ദുഷ്പ്രവണതകളുടെയും മൂലകാരണം, ജീർണ്ണിച്ചതും അഴിമതി നിറഞ്ഞതും പ്രതിസന്ധി ഗ്രസ്തവുമായ മുതലാളിത്ത വ്യവസ്ഥിതിയാണെന്ന് കാണാനാകും. ഭരിക്കുന്ന മുതലാളിത്തത്തിന്റെ പ്രതിസന്ധി മൂർച്ഛിക്കുന്നതിനൊപ്പം, അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾക്കെതിരായ ആക്രമണം എല്ലാ മേഖലകളിലും കൂടുതൽ പ്രകടവും കഠിനവും ആകുന്നു. ദളിതരുടെയും ആദിവാസികളുടെയും പറഞ്ഞറിയിക്കാനാവാത്ത ദുരിതവും ദാരിദ്ര്യവും അതിന്റെ ഭാഗമാണ്.

പീഡിപ്പിക്കപ്പെടുന്ന ദളിതരെയും ആദിവാസികളെയും കബളിപ്പിക്കാൻ ബിജെപി നേതാക്കൾ തന്ത്രങ്ങൾ മെനയുന്നു

രാജ്യംഭരിക്കുന്ന കുത്തകകളുടെ വിശ്വസ്ത സേവകർ എന്ന നിലയിൽ ബിജെപി നേതൃത്വത്തിന് ഈ യാഥാർത്ഥ്യം വ്യക്തമായി അറിയാം. മുകളിൽ പ്രസ്താവിച്ച ഈ സത്യം ദളിതർക്കും ആദിവാസികൾക്കും മറ്റ് അധഃസ്ഥിത വിഭാഗങ്ങൾക്കും മുന്നിൽ വെളിപ്പെടാതിരിക്കാൻ, അവർക്കിടയിലെ സ്ഥാനമോഹികളെ ആനുകൂല്യങ്ങളും, ധനവും അധികാരവും വാഗ്ദാനം ചെയ്ത് തന്ത്രപൂർവ്വം വശീകരിക്കുന്നു. അങ്ങനെ, ദളിതർക്കും ആദിവാസികൾക്കും അർഹതപ്പെട്ട എല്ലാ അവസരങ്ങളും അവകാശങ്ങളും തട്ടിയെടുക്കുന്ന, ദളിതരുടെയും ആദിവാസികളുടെയും ഒരു ചെറിയ വിഭാഗം, ധനികരായി ഉയർന്നു വരുന്നു. സമ്പന്നരായ ഈ ചെറിയ 'വരേണ്യവർഗ്ഗം' എല്ലാ പ്രത്യേകാവകാശങ്ങളും സ്വാധീനവും ആസ്വദിച്ചുകൊണ്ട്, സമൂഹത്തിലും, പിന്തിരിപ്പൻ ഭരണമേഖലകളിലും പിടിമുറുക്കുന്ന അതിസമ്പന്നരുടെ ഭാഗമായി മാറുകയും പിന്നാക്കക്കാരുടെയും സാധാരണക്കാരുടെയും, അതിവേഗം തകരുന്ന ഉപജീവനമാർഗ്ഗത്തെപ്പറ്റി അവജ്ഞയും നിസ്സംഗതയും പുലർത്തുകയും ചെയ്യുന്നു. അങ്ങനെ, വിശേഷാധികാരം ആസ്വദിക്കുന്ന ഇക്കൂട്ടർ, ഭരിക്കുന്ന ബൂർഷ്വാസിയുടെ ഒരു അനുബന്ധമായി മാറിക്കൊണ്ട്, മുതലാളിത്ത സേവകരായ മറ്റുള്ളവർക്കൊപ്പം, എല്ലാത്തരം നിയമവിരുദ്ധവും അഴിമതി നിറഞ്ഞതുമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു. തന്ത്രപരമായ നീക്കത്തിലൂടെ, ഭരണവർഗം, ഈ വിശേഷാധികാര വിഭാഗത്തെ, ഭരണവർഗ്ഗത്തിന്റെ താൽപ്പര്യത്തിന് വഴങ്ങുന്ന ഒന്നായി രൂപപ്പെടുത്തി എടുത്തുകൊണ്ട് ദളിത്, ആദിവാസി വിഭാഗക്കാരുടെ സമൃദ്ധിയുടെ (!) തെളിവായി ഉയർത്തിക്കാട്ടുകയും ചെയ്യുന്നു. ദളിതർക്കും ആദിവാസികൾക്കും ഉള്ളിലെ ഈ പ്രത്യേക വിഭാഗത്തിന്റെ ആവിർഭാവം, മുതലാളിത്തത്തിൽ, വർഗവിഭജനം ഓരോ നിമിഷവും മൂർച്ചകൂടിക്കൊണ്ടിരിക്കുന്നു എന്ന വസ്തുതയെ വ്യക്തമായി സാക്ഷ്യപ്പെടുത്തുന്നു. ഉള്ളവനും ഇല്ലാത്തവനും തമ്മിലുള്ള അകലം സാമൂഹിക ഉച്ചനീചത്വങ്ങളെ കൂടുതൽ വ്യക്തവും പ്രകടവുമാക്കുന്നു.

ഈ പശ്ചാത്തലത്തിലാണ് രാജ്യത്തിന്റെ രാഷ്ട്രപതി ഉൾപ്പെടെയുള്ള ചില സുപ്രധാന സ്ഥാനങ്ങളിലേക്ക് ദളിത് അല്ലെങ്കിൽ ആദിവാസി വിഭാഗങ്ങളിൽ നിന്നുള്ള സ്ഥാനാർത്ഥികളെ തെരഞ്ഞെടുത്തുകൊണ്ട് ബിജെപി ജനങ്ങളെ വിഡ്ഢികളാക്കാൻ തന്ത്രങ്ങൾ പയറ്റുന്നത്. ഇതിലൂടെ, ദളിതരും ആദിവാസികളും പുരോഗമിക്കുന്നുവെന്നും സമൂഹത്തിന്റെ മുഖ്യധാരയിൽ ഇടംപിടിക്കുന്നുവെന്നും സമർത്ഥിക്കാൻ അവർ ശ്രമിക്കുന്നു.

2017ൽ ദളിത് കുടുംബത്തിൽ ജനിച്ച രാംനാഥ് കോവിന്ദിനെ രാഷ്ട്രപതിയായി തെരഞ്ഞെടുത്തത് ഇതേ ഉദ്ദേശത്തോടെയാണ്. ഇത്തവണ ഇന്ത്യയുടെ 14–ാമത് രാഷ്ട്രപതിയായി ആദിവാസി സമൂഹത്തിൽ ജനിച്ച ദ്രൗപതി മുർമു സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. പതിവുപോലെ ബൂർഷ്വാ മാധ്യമങ്ങൾ, 140 കോടി ജനങ്ങളുള്ള രാജ്യത്തെ പരമോന്നത പദവി വഹിക്കുന്ന ഒരു ഗോത്രവർഗക്കാരിയായ സ്ത്രീയുടെ വാർത്ത ഉയർത്തിക്കാട്ടുന്നു. വിദ്യാഭ്യാസ കാലത്തും ഇതര മേഖലകളിലും അവർ എങ്ങനെ അവഗണിക്കപ്പെട്ടു എന്നതിന്റെ ഉജ്ജ്വലമായ വിവരണങ്ങൾ മീഡിയ കൊണ്ടാടുന്നു. ഇത്തരം വഞ്ചനാപരമായ നീക്കങ്ങളെ ദളിത് – ആദിവാസി ശാക്തീകരണത്തിന്റെ അടയാളമായി കുത്തക നിയന്ത്രണത്തിലുള്ള മാദ്ധ്യമങ്ങൾ എടുത്തുകാണിക്കുന്നതിൽ അത്ഭുതപ്പെടാനില്ല. ദ്രൗപതി മുർമു രാഷ്ട്രപതിയാകുമ്പോൾ, ആദിവാസികളും ദളിതരും അഭിമാനത്തോടെ ജീവിക്കുമത്രേ! അവരുടെ പ്രതാപകാലം വന്നിരിക്കുന്നുവത്രേ! ഈ പ്രചാരണങ്ങളിൽപ്പരം വഞ്ചന മറ്റെന്തുണ്ട്?

ദളിതർക്കും ആദിവാസികൾക്കുമെതിരായ കുറ്റകൃത്യങ്ങളിൽ ദളിത് പരിവേഷമണിഞ്ഞ നേതാക്കൾ മൗനം പാലിച്ചു

മുൻ രാഷ്ട്രപതി രാംനാഥ് കോവിന്ദ് 1998നും 2002നും ഇടയിൽ ബിജെപി ദലിത് മോർച്ചയുടെ അധ്യക്ഷനായിരുന്നു. ബിജെപിയുടെ ദേശീയ വക്താവായും പ്രവർത്തിച്ചിട്ടുണ്ട്. പരൗങ്കിലെ തറവാട് വീട് അദ്ദേഹം ആർഎസ്എസിനു ദാനം ചെയ്തു. ബിജെപി ടിക്കറ്റിൽ രണ്ട് തവണ രാജ്യസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം ബിഹാറിന്റെ ഗവർണറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സേവന കാലയളവിലോ അതിനുമുമ്പോ പിൻപോ നീതി നിഷേധിക്കപ്പെടുന്ന ദളിത് ജനവിഭാഗത്തിനായി ശബ്ദിക്കുന്നതായി നാം കണ്ടിട്ടില്ല. ഉന്നാവോ, ഹത്രാസ്, യുപിയിലെ ചിത്രകൂട്, ഡൽഹി എന്നിവിടങ്ങളിൽ ദളിത് പെൺകുട്ടികൾക്കുനേരെ പൈശാചിക ബലാത്സംഗങ്ങളും കൊലപാതകങ്ങളും നടന്നപ്പോഴും ഹരിയാനയിലെ ഹിസാർ ജില്ലയിലെ മിർകാൻ ഗ്രാമത്തിൽ, ഒരു ദളിതനെയും അവന്റെ രണ്ട്

(ശേഷം 5–ാം പേജിൽ)

എഐഡിഎസ്ഒ കോട്ടയം ജില്ലാ സമ്മേളനം

എഐഡിഎസ്ഒ സംഘടിപ്പിച്ച ആറാമത് കോട്ടയം ജില്ലാവിദ്യാർത്ഥി സമ്മേളനത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്.അലീന പ്രസംഗിക്കുന്നു. വൈക്കം മുഹമ്മദ് ബഷീർ സ്മാരകഹാളിൽ നടന്ന സമ്മേളനത്തിൽ റലേഷ് ചന്ദ്രൻ പ്രസിഡന്റും എസ്.ആമി സെക്രട്ടറിയുമായി 16 അംഗകമ്മിറ്റിയും തെരഞ്ഞെടുക്കപ്പെട്ടു.

ദളിത് – ആദിവാസി ചൂഷണം

ആദിവാസി മുദ്രയണിഞ്ഞവർക്ക് പദവികൾ നൽകി നഗ്നമായ ദളിത് – ആദിവാസി ചൂഷണം മറയ്ക്കുന്നു

(4–ാം പേജിൽ നിന്ന്)

സഹോദരൻമാരെയും 17 സവർണ്ണ ക്രിമിനലുകൾ ഗുരുതരമായി പരിക്കേൽപ്പിച്ചപ്പോഴും, കുടുംബത്തിലെ ഏക വരുമാനക്കാരനായ 30വയസ്സുള്ള ദളിത് യുവാവിനെ മോഷണക്കുറ്റം ആരോപിച്ച് 11പേർ ചേർന്ന് തല്ലിക്കൊന്നപ്പോഴും അവയെ അപലപിക്കാൻ അദ്ദേഹം തയ്യാറായില്ല. അപ്പോഴൊന്നും അദ്ദേഹത്തിന്റെ ദളിത് മനസ്സാക്ഷി പ്രതികരിച്ചില്ല.

ദ്രൗപതി മുർമുവും ജാർഖണ്ഡിലെ ബിജെപി മന്ത്രിസഭയിൽ അംഗമായിരുന്നു. അവർ മന്ത്രിയായിരിക്കെ, ആദിവാസികളെ വനമേഖലയിൽ നിന്ന് ഒഴിപ്പിക്കാൻ ജാർഖണ്ഡ് നിയമസഭയിൽ നിയമം പാസാക്കി. ദ്രൗപതി മുർമു പ്രതിഷേധിച്ചില്ല. ഗുജറാത്തിലെ ഗിർ സോമനാഥ് ജില്ലയിലെ ഉന പട്ടണത്തിൽ നാല് ദളിത് യുവാക്കളെ, സ്വയം പ്രഖ്യാപിത പശു സംരക്ഷകർ കെട്ടിയിട്ട് ക്രൂരമായി മർദ്ദിച്ചപ്പോൾ, രാം നാഥ് കോവിന്ദോ, ദ്രൗപതി മുർമുവോ സംഭവത്തെ അപലപിച്ചില്ല. കർണാടകയിലെ ശാന്തിപുര ഗ്രാമത്തിൽ പശുവിനെ മോഷ്ടിച്ച് കൊന്നുവെന്നാരോപിച്ച് അഞ്ച് ദളിതരെ ആയുധധാരികളായ ബജ്റംഗ്ദൾ അംഗങ്ങൾ ആക്രമിച്ചപ്പോൾ ദ്രൗപതി മുർമു നിശ്ശബ്ദയായിരുന്നു. ബിജെപിയുടെ വിദ്യാർത്ഥി സംഘടനയായ എബിവിപിയുടെ പ്രാദേശിക ഘടകത്തിന്റെ പരാതിയെത്തുടർന്ന് ഹൈദരാബാദ് സർവകലാശാലയിലെ രോഹിത് വെമുലയെന്ന മിടുക്കനായ ദളിത് പിഎച്ച്ഡിവിദ്യാർത്ഥിയെ അന്യായമായി സസ്പെൻഡ് ചെയ്യുകയും രോഹിത് പിന്നീട് ആത്മഹത്യ ചെയ്യുകയും ചെയ്തപ്പോൾ, ദ്രൗപതി മുർമുവോ, രാംനാഥ് കോവിന്ദോ പ്രതിഷേധിച്ചതായി ആരും കേട്ടില്ല. രോഹിത് വെമുലയുടെ കത്ത് സമൂഹമാധ്യമങ്ങളിലൂടെ പുറത്തുവന്നപ്പോഴും കൊടുങ്കാറ്റുയർത്തിയപ്പോഴും അവർ ഒരക്ഷരം പോലും പറഞ്ഞില്ല. ഒരാഴ്ചമുമ്പ്, യുപിയിലെ പിലിബിറ്റിൽ പ്രായപൂർത്തിയാകാത്ത ദളിത് പെൺകുട്ടിയെ രണ്ടുപേർ ചേർന്ന് ബലാത്സംഗം ചെയ്ത് തീകൊളുത്തി, ഇപ്പോൾ അവളുടെ നില ഗുരുതരമാണ്. രാംനാഥ് കോവിന്ദിൽ നിന്നോ, രാഷ്ട്രപതി ദ്രൗപതി മുർമുവിൽ നിന്നോ ഒരു പ്രതികരണവും ലഭിച്ചിട്ടില്ല.

ഇന്ത്യയുടെ ആദ്യ ഗോത്രവർഗ രാഷ്ട്രപതിയായി ദ്രൗപതി മുർമു സത്യപ്രതിജ്ഞ ചെയ്ത് 3 മണിക്കൂറിനുശേഷം, കടുത്ത ദുരിതം മൂലം നൂറുകണക്കിന് സ്ത്രീകൾ, കൂടുതലും പശ്ചിമ ബംഗാളിലെ പുരുലിയ ജില്ലയിലെ ആദിവാസി സമുദായങ്ങളിലെയും മറ്റ് പിന്നാക്ക വിഭാഗങ്ങളിലെയും സ്ത്രീകൾ, കഴിഞ്ഞ ഡിസംബർ 21 മുതൽ എംഎൻആർഇജിഎയ്ക്ക് കീഴിൽ നടത്തിയ പ്രവർത്തനങ്ങൾക്ക് കൂലി നൽകാത്തതിൽ തുറന്ന പ്രതിഷേധവുമായി രംഗത്തെത്തി.

പട്ടികജാതി-പട്ടികവർഗ(അതിക്രമങ്ങൾ തടയൽ)നിയമം 1989, പട്ടികജാതി-പട്ടികവർഗക്കാർക്കെതിരായ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള ഏറ്റവും പ്രധാനപ്പെട്ട നിയമങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു. ദളിത്-പിന്നാക്ക ജനവിഭാഗങ്ങൾക്ക് അനുകൂലമായി നിയമത്തിൽ നിരവധി വ്യവസ്ഥകൾ ഉണ്ടായിരുന്നിട്ടും ഈ ജനസമൂഹത്തിനെതിരായ കുറ്റകൃത്യങ്ങളും അതിക്രമങ്ങളും ഭയാനകമാംവിധം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഉയർന്ന ജാതിയിൽപ്പെട്ട പ്രതികൾ കുറ്റ വിമുക്തരാക്കപ്പെടുന്നതിന്റെ നിരക്ക് കൂടുതലാണ്. ശിക്ഷാനിരക്കാകട്ടെ കുറവുമാണ്. ആദിവാസി ജനത പരിഷ്കൃത സമൂഹത്തിൽ നിന്ന് കൂടുതൽ കൂടുതൽ ഒറ്റപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ നേതാക്കളുടെ ഉന്നതസ്ഥാനം ഏത് വിധത്തിലാണ് അധഃസ്ഥിതരായ ദളിതരുടെയോ ആദിവാസികളുടെയോ താൽപ്പര്യത്തിന് ഉതകുന്നത്? ഭരിക്കുന്ന മുതലാളി വർഗ താൽപ്പര്യത്തിന് വിധേയരായ ബൂർഷ്വാ രാഷ്ട്രീയക്കാർ അവരുടെ ദളിത് അല്ലെങ്കിൽ ഗോത്രവർഗ്ഗ വിശേഷണം ചൂഷണത്തിന് വിധേയരായ ദളിത്, ആദിവാസി ജനവിഭാഗങ്ങളെയും അധ്വാനിക്കുന്ന മറ്റ് ജനവിഭാഗങ്ങളെയും കബളിപ്പിക്കാനുള്ള ഒരു തന്ത്രമായി യഥാർത്ഥത്തിൽ ഉപയോഗിക്കുന്നു.

ദളിത്, ആദിവാസി പ്രശ്നങ്ങളെ ഉപയോഗപ്പെടുത്തിയും, അവരുടെ ദയനീയാവസ്ഥയും ദാരിദ്ര്യവും ചൂഷണംചെയ്തും വോട്ടുനേടി അധികാരത്തിലെത്തുക എന്ന ലക്ഷ്യത്തോടെ പലയിടത്തും പല അവസരങ്ങളിലും ബൂർഷ്വാ-പെറ്റി ബൂർഷ്വാ പാർട്ടികൾ ഉയർന്നുവന്നിട്ടുണ്ട്. അധികാരത്തിലെത്തിയശേഷം, മലക്കം മറിഞ്ഞ് അവർ സമ്പന്നരെയും മുതലാളിമാരെയും ആവേശത്തോടെ സേവിക്കുകയും മുതലാളിത്ത യന്ത്രത്തിന്റെ ഭാഗമായി മാറുകയുംചെയ്യുന്നു. ദളിതർ ഉൾപ്പടെ ഒരാളെയും വെറുതെ വിടുന്നുമില്ല. മുതലാളിത്തം അതിന്റെ നിക്ഷിപ്ത വർഗ്ഗ താൽപ്പര്യങ്ങൾ നിറവേറ്റുന്നതിനായി ഉയർത്തിക്കൊണ്ടുവരുന്ന ഇത്തരം സ്വയം പ്രഖ്യാപിത ദളിത്-ആദിവാസി സംഘടനകളിൽ അടിച്ചമർത്തപ്പെട്ട ദളിത്, ആദിവാസി ജനവിഭാഗങ്ങൾ വ്യാമോഹങ്ങളൊന്നും വെച്ചുപുലർത്തരുത്. ദളിത് സംഘടനകളും, ജാതീയപാർട്ടികളും, സ്വയം പ്രഖ്യാപിത ആദിവാസി പാർട്ടികളും, എല്ലായ്പ്പോഴും അടിച്ചമർത്തപ്പെടുന്ന ജനങ്ങളുടെ ലക്ഷ്യത്തെ ഒറ്റിക്കൊടുക്കുകയാണ്. ദളിത്, ആദിവാസി നേതാക്കൾ മറ്റുപാർട്ടികളുമായി അധികാരം പങ്കിടുന്നതും, അതുവഴി മറ്റ് ബൂർഷ്വാ നേതാക്കളെപ്പോലെ സൗഭാഗ്യങ്ങളും സമ്പത്തും വാരിക്കൂട്ടുന്നതും നാം കാണുന്നില്ലേ? ഇത്തരം സ്വയം പ്രഖ്യാപിത ദളിത് അല്ലെങ്കിൽ ആദിവാസി സംഘടനകളുടെ നേതാക്കൾ മുഖ്യധാരാ ബൂർഷ്വാ പാർട്ടികളുമായി കൂട്ടുകൂടിയോ പിന്തുണച്ചോ എംഎൽഎയും എംപിയും മന്ത്രിയും മുഖ്യമന്ത്രിയും ആയിട്ടില്ലേ? ദളിത്, ആദിവാസി വോട്ടർമാർക്ക് പ്രിയങ്കരരായിത്തീരാൻ തങ്ങളുടെ ദളിത് അല്ലെങ്കിൽ ആദിവാസി സ്വത്വം ഉപയോഗിക്കുന്നു എന്നല്ലാതെ ആദിവാസികളോട് ഒരു പ്രതിബദ്ധതയുമില്ലെന്ന് നാം കാണുന്നു. ദളിതരുടെയോ ആദിവാസികളുടെയോ സ്വയം പ്രഖ്യാപിത മിശിഹാമാരെ നിയമനിർമ്മാണസഭയിലേക്ക് തെരഞ്ഞെടുക്കുകയോ, രാജ്യത്തിന്റെ രാഷ്ട്രപതിയുടെ കസേരയിൽ അവരോധിക്കുകയോ ചെയ്യുന്നത്, ദളിത് അല്ലെങ്കിൽ ഗോത്രവർഗ വിഭാഗങ്ങളനുഭവിക്കുന്ന ദുരിതത്തിന് എന്തെങ്കിലും അളവിൽ ആശ്വാസം നൽകിയിട്ടുണ്ടോ? ദളിത് വിഭാഗത്തിൽപ്പെട്ട ചിലർ ഹിന്ദു മത സമൂഹത്തിന്റെ പരിധി വിട്ട് നവ ബുദ്ധമതത്തെ സ്വീകരിച്ചു. അത് അവരുടെ ദാരിദ്ര്യമോ പ്രയാസമോ ഇല്ലാതാക്കിയിട്ടുണ്ടോ? മുൻകാലങ്ങളിലും, ജാതി അധിഷ്ഠിത ഹിന്ദു സമൂഹത്തിന്റെ അടിച്ചമർത്തലിൽനിന്ന് രക്ഷനേടാൻ നിരവധി ദളിതർ ക്രിസ്തുമതം അല്ലെങ്കിൽ ഇസ്ലാം മതം സ്വീകരിച്ചു. അത് അവരുടെ ദുരിതങ്ങൾ അവസാനിപ്പിച്ചോ?

ബിജെപിയുടെ പ്രത്യയശാസ്ത്ര നേതൃത്വമായി പ്രവർത്തിക്കുന്ന രാഷ്ട്രീയ സ്വയംസേവക് സംഘം (ആർഎസ്എസ്) മധ്യ, വടക്കുകിഴക്കൻ ഇന്ത്യയിലെ ആദിവാസികളെ ഹിന്ദുവൽക്കരിക്കുന്ന പ്രക്രിയയിൽ ഏർപ്പെട്ടിരിക്കുകയാണ്. ചെറുകിട ബിസിനസ്സ് സമൂഹങ്ങളെ ആർഎസ്എസ് 'വനാഞ്ചൽ' എന്ന കുടക്കീഴിൽ അണിനിരത്തുന്നു, ക്രിസ്ത്യൻ ആദിവാസികളെ നേരിടാൻ പരിവർത്തിത ഗോത്ര വിഭാഗങ്ങളെ ഉപയോഗിക്കുന്നു. പ്രശ്നങ്ങൾ വർഗീയവൽക്കരിച്ച് വോട്ട്ബാങ്ക് ഏകോപിപ്പിക്കാൻ ആർഎസ്എസ് പിന്തുണയുള്ള ധാരാളം ആദിവാസി ക്ഷേമ സംഘടനകൾ ബിജെപിയെ സഹായിച്ചതിനാൽ ആദിവാസികൾക്കിടയിലുള്ള ഈ വിഭജനം ബിജെപിക്ക് ഗുണം ചെയ്തതായി റിപ്പോർട്ടുണ്ട്. ഈ പ്രവണത കിഴക്കോട്ട് നീങ്ങി നാഗാലാൻഡിലേക്കും അസമിലേക്കും എത്തിയിട്ടുണ്ട്. അടിച്ചമർത്തപ്പെട്ട ദളിത്, ആദിവാസി സഹോദരങ്ങളും അവരുടെ ലക്ഷ്യത്തോട് അനുഭാവം പുലർത്തു സത്യസന്ധരായ വ്യക്തികളും ഗൗരവമായി ചിന്തിക്കേണ്ട വിഷയങ്ങളാണിത്.

വിപ്ലവത്തിലൂടെ മുതലാളിത്തത്തെ നിഷ്കാസിതമാക്കുമ്പോഴാണ് യഥാർത്ഥ വിമോചനം സാധ്യമാകുക

പ്രത്യക്ഷമായ സവർണ്ണ ചൂഷണം, യഥാർത്ഥത്തിൽ ഇന്ത്യൻ സമൂഹത്തിന്റെ പ്രത്യേകമായ സാഹചര്യത്തിൽ, നിർദയമായ മുതലാളിത്ത ചൂഷണത്തിന്റെ ഒരു മുഖമാണെന്നും, രണ്ടു ജാതികളെ തമ്മിലടിപ്പിക്കുന്നത്, ഭ്രാതൃഹത്യ മൂലമുള്ള രക്തച്ചൊരിച്ചിലിനും, പരസ്പരവിനാശകരമായ സംഘട്ടനങ്ങൾക്കുംവേണ്ടി മാത്രമാണെന്നും, ഇത് മുതലാളിത്ത വ്യവസ്ഥയെ നിലനിർത്തുന്നതിനും അനിവാര്യമായ മുതലാളിത്ത വിരുദ്ധ വിപ്ലവത്തെ കഴിയുന്നിടത്തോളം അകറ്റിനിർത്തുതിനുംവേണ്ടിയാണെന്നും അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളോട് വ്യക്തമാക്കേണ്ടതുണ്ട്. യഥാർത്ഥത്തിൽ വിഭജനം എന്നത് ചൂഷകർക്കും ചൂഷിതർക്കും ഇടയിലാണ്. അല്ലാതെ ജാതികൾക്കിടയിലോ മതങ്ങൾക്കിടയിലോ അല്ല. ശരിയായ വിപ്ലവ പ്രത്യയശാസ്ത്രത്തിലും ഉയർന്ന തൊഴിലാളിവർഗ സംസ്കാരത്തിലും ധാർമ്മികതയിലും, ശരിയായ വിപ്ലവ നേതൃത്വത്തിലും അധിഷ്ഠിതമായ, ജാതി-മത-വംശീയ-പ്രാദേശിക വാദങ്ങൾക്ക് അതീതമായ, അടിച്ചമർത്തപ്പെട്ടവരുടെ വർഗസമരത്തെയാണ് ശക്തിപ്പെടുത്തേണ്ടത്. മുതലാളിത്ത അടിച്ചമർത്തലിന്റെ പിടിയിൽനിന്ന് ദളിതർ ഉൾപ്പെടെയുള്ള എല്ലാ അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങളുടെയും മോചനത്തിന് അപ്പോൾ മാത്രമേ വഴിയൊരുങ്ങുകയുള്ളൂ.

ശരിയായ വിപ്ലവ നേതൃത്വത്തിൻ കീഴിൽ ഈ പ്രസ്ഥാനം ശക്തമായി ഉയർന്നുവരുമ്പോൾ, ദളിതരും ആദിവാസികളും ഉൾപ്പെടെയുള്ള ചൂഷിത ജനവിഭാഗങ്ങളിൽ ആവശ്യമായ രാഷ്ട്രീയ ബോധം ഉണ്ടാകുകയും അവരെ തെറ്റിദ്ധരിപ്പിക്കുന്ന ബൂർഷ്വാ ഭരണാധികാരികളുടെ തന്ത്രങ്ങൾ മനസ്സിലാക്കാൻ കഴിയുകയും ചെയ്യും. ഭരണത്തിന്റെ പ്രധാന സ്ഥാനങ്ങളിൽ ഇരിക്കുന്ന, ദളിത്-ആദിവാസി മുദ്രയുള്ള വ്യക്തികൾ, ദളിതരുടെയോ ആദിവാസികളുടെയോ യഥാർത്ഥ പ്രതിനിധികളല്ലെന്നും, അധഃസ്ഥിത ജനതയുടെ താല്പര്യം സംരക്ഷിക്കാൻ ആഗ്രഹമുള്ളവർക്കുപോലും അതിന് കഴിയില്ലെന്നും അപ്പോൾ വ്യക്തമാകും. അതിനാൽ, രാം നാഥ് കോവിന്ദോ, ദ്രൗപതി മുർമുവോ രാജ്യത്തിന്റെ രാഷ്ട്രപതിയാകാം, പക്ഷേ അത് ദളിതരുടെയും ആദിവാസികളുടെയും മറ്റ് താഴ്ന്ന ജാതിക്കാരുടെയും ജീവിതത്തിന്റെ ദുരിതങ്ങൾ പരിഹരിക്കുകയില്ല. ■

> **ദളിത്, ആദിവാസി പ്രശ്നങ്ങളെ ഉപയോഗപ്പെടുത്തിയും, അവരുടെ ദയനീയാവസ്ഥ ചൂഷണംചെയ്തും, അധികാരത്തിലെത്തുക എന്ന ലക്ഷ്യത്തോടെ പല സന്ദർഭങ്ങളിലും ബൂർഷ്വാ-പെറ്റി ബൂർഷ്വാ പാർട്ടികൾ ഉയർന്നുവന്നിട്ടുണ്ട്. അധികാരത്തിലെത്തിയശേഷം മലക്കം മറിഞ്ഞ് ഇക്കൂട്ടർ സമ്പന്നരുടെയും മുതലാളിമാരുടെയും കറകളഞ്ഞ സേവകരാകുകയും ചൂഷകരായ മുതലാളിത്ത യന്ത്രത്തിന്റെ ഭാഗമായി മാറുകയുംചെയ്യുന്നു.**

മദ്യനയത്തിനെതിരെ...

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വ്യാപനം തടയുവാൻ സർക്കാർ കർശന നടപടികൾ സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ജനകീയ പ്രതിരോധ സമിതിയും മദ്യവിരുദ്ധ ജനകീയ സമിതിയും സംയുക്തമായി കൊല്ലത്ത് ചിന്നക്കടയിൽ നടത്തിയ ലഹരിവിരുദ്ധ സംഗമം ഫാദർ ഇർവിൻ ജെയിംസ് ഉദ്ഘാടനം ചെയ്യുന്നു. പിറവന്തൂർ ഗോപാലകൃഷ്ണൻ, ഫാദർ ഗീവർഗ്ഗീസ് തരകൻ, മാത്യു പണിക്കർ, ഷറഫ് കണ്ടറ, വിജയകൃഷ്ണൻ, ട്വിങ്കിൾ പ്രഭാകരൻ, ജി ധ്രുവകുമാർ എന്നിവർ പ്രസംഗിച്ചു.

സംഘപരിവാറും സ്വാതന്ത്ര്യസമരവും

ദേശീയ രാഷ്ട്രീയത്തിൽ ആർഎസ്എസിനും ബിജെപിയ്ക്കും മുൻകൈ ലഭിച്ചു തുടങ്ങിയ നാൾ മുതൽ ഈ രാജ്യത്തെ വിവിധ ജനവിഭാഗങ്ങളുടെ , വിശേഷിച്ച് മുസ്ലീങ്ങളുടെ രാജ്യ സ്നേഹത്തെ ചോദ്യം ചെയ്തു കൊണ്ടുള്ള ആക്രമണോൽസുകമായ പരാമർശങ്ങളും നടപടികളും സംഘപരിവാർ ശക്തികളുടെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുന്നു. പൗരത്വ നിയമം ഭേദഗതി നടപ്പാക്കിയ നാളുകളിൽ അത് വളരെ ഉച്ചസ്ഥായിയിലായി. നിരന്തരമായ പ്രചാരണത്തിലൂടെ അതിലൊരു നിജസ്ഥിതിയുണ്ടെന്ന തോന്നൽ സ്ഥാപിച്ചെടുക്കാനും അവർക്കു കഴിഞ്ഞിട്ടുണ്ട്. എന്നാൽ, രാജ്യ സ്നേഹത്തിന്റെ പേരിൽ എല്ലാവരേയും സംശയത്തിന്റെ മുൾമുനയിൽ നിർത്തുന്ന സംഘ പരിവാർ നമ്മുടെ ദേശീയ സ്വാതന്ത്ര്യ സമര ചരിത്രത്തിൽ വഹിച്ച പങ്കെന്താണ് ? സാധാരണക്കാർക്കിടയിൽ ഇനിയും വേണ്ടത്ര ചർച്ച ചെയ്യപ്പെട്ടിട്ടില്ലാത്ത ഈ വിഷയത്തെക്കുറിച്ച് പരിശോധിക്കുന്ന ലേഖനത്തിന്റെ ആദ്യഭാഗം.

നമ്മുടെ രാജ്യം സ്വാതന്ത്ര്യത്തിന്റെ 75-ാം വാർഷികവും ക്വിറ്റ് ഇന്ത്യാസമരത്തിന്റെ 80-ാം വാർഷികവും ആഘോഷിക്കുന്ന വർഷമാണിത്. മഹത്തായ പോരാട്ടങ്ങളെയും ത്യാഗങ്ങളെയും ഓർമ്മിപ്പിച്ചുകൊണ്ടാണ് ആഗസ്റ്റ് മാസം കടന്നുപോയത്. കഴിഞ്ഞ മുക്കാൽനൂറ്റാണ്ടിൽനിന്ന് ഭിന്നമായി 'ഹർ ഘർ തിരംഗ്' എന്ന മുദ്രാവാക്യമുയർത്തിക്കൊണ്ട് എല്ലാ വീടുകളിലും മൂന്നുദിവസങ്ങളിൽ തുടർച്ചയായി ദേശീയ പതാക ഉയർത്തണമെന്ന് കേന്ദ്രസർക്കാർ ആഹ്വാനം ചെയ്യുകയുണ്ടായി. 'ആസാദി കാ അമൃത മഹോത്സവ്' എന്ന് പേരിട്ടുകൊണ്ട് കേന്ദ്ര ബിജെപി സർക്കാർ 75-ാം വാർഷികാഘോഷങ്ങൾക്ക് നേതൃത്വം നൽകുന്നു. ഈ ആഘോഷവേളകളിൽപ്പോലും പതിവുപോലെ വിഭാഗീയതയും വർഗീയതയും വളർത്തുന്നതിനുള്ള നടപടികളും വീഴ്ചകൂടാതെ നടപ്പാക്കുന്നതിൽ കേന്ദ്രസർക്കാർ ജാഗ്രതകാട്ടി എന്നത് ശ്രദ്ധേയമാണ്. ആഗസ്റ്റ് 14, വിഭജനത്തിന്റെയും കലാപത്തിന്റെയും സ്മരണാദിനമായി ആചരിക്കണമെന്ന് സംസ്ഥാനങ്ങളോട്, വിശേഷിച്ച് പഞ്ചാബ്, ബംഗാൾ സംസ്ഥാനങ്ങളോട് കേന്ദ്രം നിർദ്ദേശിക്കുകയുണ്ടായി. യൂണിവേഴ്സിറ്റികളും കോളജുകളും ഈ വിഷയത്തിൽ ഡിജിറ്റൽ എക്സിബിഷനുകൾ നടത്തണമെന്നും നിർദ്ദേശിച്ചു. പാകിസ്ഥാൻ വാദം ഉന്നയിച്ചുകൊണ്ട് ഈ രാജ്യത്തെ വിഭജിച്ചതിന് മുസ്ലീങ്ങളാണ് ഉത്തരവാദികളെന്നും ജവഹർലാൽ നെഹ്റുവിന്റെ അധികാരമോഹംമൂലം വിഭജനത്തിന് കോൺഗ്രസ് കൂട്ടുനിന്നുവെന്നും സംഘപരിവാർ ശക്തികൾ കാലങ്ങളായി നടത്തിവരുന്ന പ്രചാരണം ശക്തിപ്പെടുത്താനും മതവൈരം വളർത്താനുമാണ് ഈ നീക്കം എന്നുവ്യക്തം.

ആരാണ് ഇന്ത്യൻ മണ്ണിൽ ആദ്യമായി ദ്വിരാഷ്ട്രവാദം ഉന്നയിച്ചത്? ആരൊക്കെയാണ് അതിന് കൂട്ടുനിന്നത്? എന്താണ് രാജ്യസ്നേഹം? ആരാണ് യഥാർത്ഥ രാജ്യസ്നേഹി? ഈ നാടിന്റെ വിമോചനത്തിനുവേണ്ടി ആത്മസമർപ്പണം നടത്തിയത് ആരൊക്കെയാണ്? ആരാണ് രാജ്യത്തെ വഞ്ചിച്ചതും ബ്രിട്ടീഷുകാർക്ക് പാദസേവ നടത്തിയതും ഒറ്റുകൊടുത്തതും? സാധാരണ നിലയിൽ വളരെ ലളിതമായി ഉത്തരം കണ്ടെത്താൻ കഴിയുന്ന ഈ വിഷയങ്ങൾ ഇന്ന് വലിയ വിവാദ വിഷയങ്ങളാണ്. നാടിനെയാകെ ആശയക്കുഴപ്പത്തിലാക്കിക്കൊണ്ട് സംഘപരിവാർ ഒരു ബദൽ ദേശീയ ചരിത്രം നിർമ്മിച്ച് പ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നു. ചരിത്രത്തിലെ ശരിതെറ്റുകളെ സംബന്ധിച്ച്, നിലവിലുള്ളതിൽനിന്ന് വ്യത്യസ്തവും വിചിത്രവുമായ ധാരണകൾ ഗീബൽസിയൻ മാതൃകയിൽ പ്രചരിപ്പിച്ചുകൊണ്ട്, ആശയക്കുഴപ്പങ്ങൾ ശക്തമാക്കുന്നതിൽ സംഘപരിവാർ കുറച്ചൊക്കെ വിജയിക്കുന്നുമുണ്ട്.

2013ൽ ഇന്ത്യൻ പാർലമെന്റിലെ സെൻട്രൽ ഹാളിൽ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ ചിത്രത്തിന് എതിർഭാഗത്ത് തത്തുല്യമായ പ്രാധാന്യത്തോടെ ഒരു ചിത്രംസ്ഥാപിക്കപ്പെടുകയുണ്ടായി. വിനായക ദാമോദർ സവർക്കറുടെ ചിത്രമായിരുന്നു അത്. ആരാണ് വി.ഡി.സവർക്കർ? ഇന്ത്യയുടെ ബദൽ രാഷ്ട്രപിതാവായി സംഘപരിവാർ ഉയർത്തിപ്പിടിക്കുന്ന ഇദ്ദേഹം ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിൽ വഹിച്ച പങ്കെന്താണ്? മുമ്പ് സൂചിപ്പിച്ച ചോദ്യങ്ങളും ഈ ചോദ്യത്തിന്റെ ഉത്തരവുമായി വലിയ ബന്ധമുണ്ട്. ഈ രാജ്യത്തെ ജനങ്ങൾ, ഈ ചോദ്യങ്ങൾക്ക് ഉത്തരം കൃത്യമായും സമഗ്രമായും മനസ്സിലാക്കേണ്ടത് ഇനിയുള്ള ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

സ്വതന്ത്രതിരുവിതാംകൂർ വാദത്തെ പിന്തുണച്ച് ദേശീയ ഐക്യത്തെ തുരങ്കം വയ്ക്കാൻ ശ്രമിച്ച സവർക്കർ

സുദീർഘമായ സ്വാതന്ത്ര്യസമരത്തിന്റെ പരിസമാപ്തിയിലേയ്ക്ക് രാജ്യം എത്തിക്കൊണ്ടിരുന്ന 1947ന്റെ പ്രാരംഭത്തിൽ ഇന്ത്യയിലെ ദേശീയ നേതാക്കളെല്ലാവരും വിശാലമായ ഈ ഉപഭൂഖണ്ഡത്തിലെ നാട്ടുരാജ്യങ്ങളെയും വിവിധ ജനവിഭാഗങ്ങളെയും സ്വതന്ത്രഭാരതം എന്ന ഒറ്റക്കുടക്കീഴിൽ ഒരുമിപ്പിക്കാനുള്ള പരിശ്രമത്തിൽ ഏർപ്പെട്ടുകൊണ്ടിരുന്നു. നേരിട്ട് ബ്രിട്ടീഷ് ഭരണത്തിൻ കീഴിൽ അല്ലാതിരുന്ന, ബ്രിട്ടീഷ് മേധാവിത്വം അംഗീകരിച്ച് നിലനിന്നിരുന്ന നാട്ടുരാജ്യങ്ങൾക്ക് സ്വതന്ത്രനിലപാട് എടുക്കാനുള്ള അവകാശം അന്നുണ്ടായിരുന്നു. അതിനാൽപല നാട്ടുരാജ്യങ്ങളും ഇന്ത്യൻ യൂണിയനിൽ ചേരാതെ സ്വതന്ത്ര രാജ്യമായി നിലനിൽക്കാൻ ആഗ്രഹിച്ചു. ദേശീയ നേതാക്കളെ സംബന്ധിച്ചിടത്തോളം, ഇന്ത്യയെന്ന ഒരു ഏകോപിത രാജ്യം സ്ഥാപിച്ചെടുക്കുവാൻ ഏറെ ബുദ്ധിമുട്ട് നേരിട്ട ഒരു കടമ്പ ആയിരുന്നു അത്.

ഇന്ത്യൻ യൂണിയനിൽ ചേരാൻ തയാറാകാതെ, സ്വതന്ത്രമായി നിലനിൽക്കാൻ താൽപര്യം പ്രകടിപ്പിച്ച നാട്ടുരാജ്യങ്ങളായിരുന്ന തിരുവിതാംകൂർ, ജോധ്പൂർ, ഭോപ്പാൽ, ഹൈദരാബാദ്, ജൂനഗഡ്, ജമ്മുകാശ്മീർ എന്നിവ. തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യർ, തിരുവിതാംകൂറിലെ ധാതുക്കൾ ഖനനം ചെയ്യാൻ ബ്രിട്ടീഷ് കമ്പനിക്ക് അധികാരം കൊടുത്തുകൊണ്ട് ബ്രിട്ടനുമായി കരാർ ഉണ്ടാക്കി. തിരുവിതാംകൂർ സ്വതന്ത്രമായി നിലകൊള്ളുമെന്നും ഇന്ത്യൻ യൂണിയനിൽ ചേരില്ല എന്നും പ്രഖ്യാപിച്ചു. ഇത് ജനങ്ങളിലും ദേശീയ നേതാക്കളിലും വലിയ പ്രതിഷേധമുണ്ടാക്കി. 1948 ജൂൺ 18ന് സി.പി. രാമസ്വാമി അയ്യർ സ്വതന്ത്ര തിരുവിതാംകൂർ പ്രഖ്യാപിച്ചു. ഈ പ്രതിസന്ധിയെ മറികടക്കാനുള്ള മാർഗങ്ങളെക്കുറിച്ച് ദേശീയ നേതൃത്വം ഗൗരവപൂർവ്വം ചിന്തിക്കുന്ന അക്കാലത്ത് ദിവാന് മഹാരാഷ്ട്രയിൽനിന്ന് ഒരു ടെലിഗ്രാം സന്ദേശം ലഭിച്ചു.

"ഹൈദരാബാദിലെ മുസ്ലീം ഭരണാധികാരിയായ നൈസാം തന്റെ സ്വാതന്ത്ര്യം പ്രഖ്യാപിച്ചു കഴിഞ്ഞു. മറ്റ് മുസ്ലീം രാജ്യങ്ങളും അങ്ങനെതന്നെ ചെയ്യാനാണ് സാധ്യത. സ്വന്തം സ്വാതന്ത്ര്യത്തിൽ ഉറച്ച് നിൽക്കാൻ ധൈര്യമുള്ള ഹിന്ദു നാട്ടുരാജ്യങ്ങൾക്കും ഈ അവകാശമുണ്ട്. ഹിന്ദു നാട്ടുരാജ്യമായ തിരുവിതാംകൂറിന്റെ സ്വാതന്ത്ര്യം പ്രഖ്യാപിക്കുവാൻ ദീർഘവീക്ഷണത്തോടെയും ധീരതയോടെയും കൈക്കൊണ്ടിട്ടുള്ള നിലാപാടിനെയും ആ നിലപാടിൽദൃഢനിശ്ചയംപ്രദർശിപ്പിക്കുന്ന മഹാരാജാവിനെയും ഞങ്ങൾ പിന്തുണയ്ക്കുന്നു."

അഖണ്ഡഭാരതത്തിനുവേണ്ടി അവിരാമം വാചാടോപം നടത്തിയിരുന്ന അഖില ഭാരത ഹിന്ദുമഹാസഭയുടെ പ്രസിഡന്റും ആർഎസ്എസിന്റെ ആദർശപുരുഷനും സൈദ്ധാന്തികനുമായ വി.ഡി. സവർക്കറാണ് ആ ടെലിഗ്രാം സന്ദേശം അയച്ചത്.

സ്വതന്ത്രമായി നിൽക്കാനുള്ള മുസ്ലീം ഭരണാധികാരികളുടെ തീരുമാനത്തെ എതിർക്കുകയല്ല അദ്ദേഹം എന്നത് ശ്രദ്ധേയമാണ്. ഹൈദരാബാദിലെ നൈസാമിനെപ്പോലെയുള്ള മുസ്ലീം ഭരണാധികാരികൾ സ്വീകരിച്ച രാജ്യദ്രോഹത്തെ പിന്തുണച്ചുകൊണ്ടുപോലും കോൺഗ്രസിന്റെ നേതൃത്വത്തിലേയ്ക്കും ജനാധിപത്യത്തിലേയ്ക്കും നാട് എത്തിച്ചേരുന്നതിനെ തടയാനുള്ള വ്യഗ്രതയാണ് അദ്ദേഹം പ്രദർശിപ്പിച്ചത്.

"പണ്ഡിറ്റ് നെഹ്രുവും സർദാർ പട്ടേലും ഒരു ഐക്യഭാരതം കെട്ടിപ്പടുക്കാൻ യത്നിക്കുമ്പോൾ സവർക്കർ, സ്വതന്ത്രമായി നിലകൊള്ളാൻ രാജാക്കന്മാർക്കും രാജ്ഞിമാർക്കും തന്റെ പിന്തുണ നൽകുകയായിരുന്നു. തിരുവിതാംകൂർ-കൊച്ചി രാജാവ് പ്രസിഡണ്ട് റൂസ്‌വെൽറ്റിനു ഇപ്രകാരമെഴുതി. 'മാനവരാശിയുടെ ഭാവിയിൽ ആണവോർജ്ജം ഉൽപ്പാദിപ്പിക്കാൻ അവശ്യമായ ഇന്ധനമാണ് തോറിയം. എന്റെ സംസ്ഥാനത്താകട്ടെ തോറിയത്തിന്റെ വലിയ നിക്ഷേപമുണ്ട്. ഒരു സ്വതന്ത്ര രാജ്യത്തിന്റെ പദവി എനിക്ക് നൽകാൻ താങ്കൾ ചർച്ചിലിന്റെമേൽ സമ്മർദ്ദം ചെലുത്തുമെങ്കിൽ നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റത്തക്കവിധം തോറിയത്തിന്റെ വിതരണം ക്രമീകരിക്കുന്നതിനായി താങ്കളുമായി ഒരു കരാറിൽ ഏർപ്പെടുന്നതിൽ എനിക്ക് വൈമുഖ്യമില്ല' കൊടിയ അന്യായമായ ഈ കത്തിനുശേഷം ബുദ്ധിഭ്രമം ബാധിച്ച രാജാവ് സ്വതന്ത്ര രാജ്യമായി നിലകൊള്ളാനുള്ള തന്റെ ഇഛ ഏകപക്ഷീയമായി പ്രഖ്യാപിച്ചു. സവർക്കർ, തന്റെ പിന്തുണ അദ്ദേഹത്തിനു പ്രഖ്യാപിച്ചു. ഈ കഥ മദൻ പട്ടേൽ എഴുതിയ 'അകഥിത് സവർക്കർ' എന്ന മറാത്തി കൃതിയിൽ കാണാമെന്ന് ദത്താത്രേയ ധബോൽക്കർ എഴുതുന്നു." (നാഷനൽ ഹെറാൾഡ് ഓൺലൈൻ, 4-06-2022)

ഭരണഘടനാവിദഗ്ധനും രാഷ്ട്രീയ നിരീക്ഷനും എഴുത്തുകാരനുമായ എ.ജി.നൂറാണി പറയുന്നു, "ദിവാനായിരുന്ന സർ സി.പി.രാമസ്വാമി അയ്യർ തിരുവിതാംകൂറിനെ ഇൻഡ്യയിൽ നിന്ന് സ്വതന്ത്രമായ രാജ്യമായി പ്രഖ്യാപിച്ചു. ഈ വഞ്ചന അവിടംകൊണ്ടും അവസാനിച്ചില്ല. ധീരമായി അദ്ദേഹം ഉടൻതന്നെ ജിന്നയുടെ പാക്കിസ്ഥാനിലേക്കുള്ള തിരുവിതാംകൂറിന്റെ അംബാസിഡറെ നിയമിച്ചു. അങ്ങിനെ ഇൻഡ്യയുടെ ചിരസ്ഥായിയായ ശത്രുവിന് ഒരിക്കൽകൂടി അദ്ദേഹത്തിന്റെ യോഗ്യതാപത്രം ഉറപ്പിച്ചുനൽകി. ഈ വിശ്വാസവഞ്ചനയുടെ പേരിൽ ആകമാന ഇൻഡ്യയിൽ "വീര"സവർക്കറല്ലാതെ അയ്യരെ അഭിനന്ദിക്കാൻ ആരുമുണ്ടായില്ല." (ന്യൂസ് ക്ലിക്ക് ഓൺലൈൻ, 23 സെപ്റ്റംബർ 2019)

ഇതേ സമയം സ്വതന്ത്ര രാജ്യമാകാൻ നിശ്ചയിച്ച കാശ്മീരിലും ഇവർ ഇതേ വിഭാഗീയ നിലപാട് സ്വീകരിച്ചു. "വി.ഡി. സവർക്കറും എം.എസ്.ഗോൾവാൾക്കറും കാശ്മീർ രാജാവായ രാജാ ഹരിസിംഗിന്റെ അതിഥികളായി അവിടെ എത്തിയിരുന്നു. അവർ രാജാ ഹരിസിംഗിനെ, കാശ്മീർ ഇന്ത്യയിൽ ലയിക്കുന്നതിനെതിരെ ഉപദേശിച്ചിരുന്നുവെന്നും നേപ്പാളിൽനിന്നുള്ള ഒരു ദളം സൈനികരെ വിന്യസിച്ചുകൊണ്ട് ഹിന്ദുരാഷ്ട്രത്തിന്റെ അടിസ്ഥാനശിലകൾ ഉറപ്പിക്കണമെന്നും കാശ്മീർ പ്രജാപരിഷത്തിന്റെയും ആർഎസ്എസിന്റെയും പിൽക്കാല ജനസംഘത്തിന്റെയും നേതാവായിരുന്ന ബൽരാജ് മധോക്ക് പറയുന്നു. 'ഞങ്ങൾ എപ്പോഴും ആഗ്രഹിച്ചിരുന്നത് കാശ്മീർ ഒരു സ്വതന്ത്ര ഹിന്ദുരാഷ്ട്രമായി നിലനിൽക്കണമെന്നായിരുന്നു.'(ലേഖനം, നാഷണൽ ഹെറാൾഡ് ഓൺലൈൻ, ജൂൺ 4, 2022, ദത്താത്രേയ ധബോൽക്കർ)

'ഹർ ഘർ തിരംഗ്', 'ആസാദി കാ അമൃതമഹോത്സവ്' എന്നൊക്കെപ്പറഞ്ഞ് ഉൾപ്പുളകമണിഞ്ഞുകൊണ്ട് ഇന്ന് നമ്മുടെ രാജ്യം ഭരിക്കുന്ന നേതാക്കൾ ബദൽ രാഷ്ട്രപിതാവായി അവതരിപ്പിക്കുന്ന സവർക്കർനിർണായകഘട്ടത്തിൽ ഈ രാഷ്ട്രത്തോട് ചെയ്ത കൊടും വഞ്ചനയെ യഥാർത്ഥ രാജ്യസ്നേഹികൾ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? എന്തായിരിക്കാം അദ്ദേഹത്തിന്റെ അന്നത്തെ താൽപര്യം? ദേശീയഗാനം കേൾക്കുമ്പോൾ എഴുന്നേറ്റ് നിൽക്കണം എന്ന് നിഷ്ക്കർഷിക്കുകയും അല്ലാത്തവരെ ജയിലിലടയ്ക്കുകയും ചെയ്യുന്നിടത്തോളവും വളർന്ന രാജ്യസ്നേഹമൂർത്തികൾ കൊണ്ടാടുന്ന ഈ 'രാജ്യസ്നേഹി'യുടെ യഥാർത്ഥ പ്രവർത്തനങ്ങളെക്കുറിച്ച് അവർ ലോകത്തോട് ചർച്ച ചെയ്യാറുണ്ടോ?

വൈവിധ്യങ്ങളുടെ രാജ്യമാണ് ഇന്ത്യ

ഈ വിശാല രാജ്യത്തിന്റെ മണ്ണും ഭൂപ്രകൃതിയും ഒന്നിനൊന്ന് വ്യത്യസ്തമാണ് എന്നതുപോലെ ജീവിതരീതികളും ആവാസവ്യവസ്ഥകളും വ്യത്യസ്തമാണ്. സ്വാഭാവികമായും അനവധി ഭാഷകളും ഭാഷാഭേദങ്ങളും ഒട്ടേറെ മതങ്ങളും ഉപമതങ്ങളും ജാതികളും ഉപജാതികളും വ്യത്യസ്തമായ ആചാരങ്ങളും വേറിട്ട ചരിത്രങ്ങളും പാരമ്പര്യങ്ങളും ഉണ്ടായിരുന്ന ജനതകൾ! മനുഷ്യർക്കിടയിൽത്തന്നെ വ്യത്യസ്ത വംശങ്ങളും നിറഭേദങ്ങളും, വ്യത്യസ്ത ഭക്ഷണരീതികളും വസ്ത്രധാരണരീതികളും. ഒരു സമൂഹത്തിന്റെ ഉള്ളിൽത്തന്നെ ജാതിയുടെയും ഉപജാതിയുടെയും പേരിലുള്ള വ്യത്യസ്ത ആചാരങ്ങളും ആഹാരരീതികളും ഭാഷകളും

(ശേഷം 7-ാം പേജിൽ)

മഹ്സ അമിനിയുടെ കസ്റ്റഡിമരണം: മതശാസനകൾക്കെതിരെ ഇറാനിൽ വനിതാ പ്രക്ഷോഭം ഇരമ്പുന്നു

വ്യവസ്ഥാപിത രീതിയിൽ ഹിജാബ് ധരിച്ചില്ല എന്ന കുറ്റംചുമത്തി അറസ്റ്റിലായ മഹ്സ അമിനി എന്ന ഇറാനിയൻ പെൺകുട്ടിയുടെ കസ്റ്റഡി മരണവാർത്ത ഞെട്ടലോടെയാണ് ലോകം ശ്രവിച്ചത്. കസ്റ്റഡിയിൽ അബോധാവസ്ഥയിലായ അമിനിയെ ആശുപത്രിയിലെത്തിക്കുകയാണ് ഉണ്ടായത്. കസ്റ്റഡിയിൽ എടുക്കുന്നതിന് മുമ്പ് മഹ്സ ആരോഗ്യവതിയായിരുന്നുവെന്നും ഹൃദയസംബന്ധമായ അസുഖങ്ങളൊന്നുമുണ്ടായിരുന്നില്ലെന്നുമാണ് മെഡിക്കൽ റിപ്പോർട്ട്. എന്നാൽ ആശുപത്രിയിലെത്തുമ്പോഴേയ്ക്കും മസ്തിഷ്കമരണം സംഭവിച്ചുകഴിഞ്ഞിരുന്നുവെന്നാണ് ഡോക്ടർ സാക്ഷ്യപ്പെടുത്തുന്നത്. കറുത്ത് വീർത്ത കണ്ണുകളും രക്തമൊലിച്ചിറങ്ങുന്ന ചെവികളുമായി മഹ്സ അമിനി ആശുപത്രികിടക്കയിൽ കഴിയുന്ന ചിത്രങ്ങൾ, കസ്റ്റഡിയിൽ മഹ്സയ്ക്ക് നേരിടേണ്ടിവന്ന കൊടിയ പീഡനങ്ങളുടെ നേർകാഴ്ചയാണ്.

1979ൽ നടന്ന ഇസ്ലാമിക വിപ്ലവത്തോടെയാണ് സ്ത്രീകൾ ഹിജാബ് ധരിക്കുന്നത് ഇറാനിൽ നിർബന്ധമാക്കിയത്. അതിനുമുമ്പ് ഹിജാബ് സ്ത്രീകൾ ഉപയോഗിക്കുമായിരുന്നുവെങ്കിലും നിർബന്ധമായിരുന്നില്ല. സ്കൂളുകളിലും യൂണിവേഴ്സിറ്റികളിലും സ്ത്രീകളും പെൺകുട്ടികളും സ്വതന്ത്രരായിരുന്നു. വിദ്യാഭ്യാസസ്ഥാപനങ്ങളിലും തൊഴിലിടങ്ങളിലും സ്ത്രീകളുടെ സജീവസാന്നിദ്ധ്യമുണ്ടായിരുന്നു. യൂറോപ്യൻ വസ്ത്രധാരണരീതികളും ആഴ്ചയവസാനങ്ങളിലെ സംഘംചേരലുകളും യാത്രകളും അവർക്ക് ഏറെ പ്രിയങ്കരങ്ങളായിരുന്നു.

കടുത്ത യാഥാസ്ഥിതികനായ ഇബ്രാഹിം റെയ്സി ഇറാന്റെ പ്രസിഡന്റായതോടെ വസ്ത്രധാരണനിയമം കൂടുതൽ കർക്കശമാക്കി. ഏഴുവയസ്സുമുതൽ പെൺകുട്ടികൾ ഹിജാബ് ധരിക്കണം. ഹിജാബില്ലാതെ സ്കൂളിലോ കോളേജിലോ ജോലിക്കോ പോകാൻ അനുവാദമില്ല. പൊതുസ്ഥലത്ത് കഴുത്തും തലയും ചുമലും മറയുന്ന വസ്ത്രം ധരിക്കണം. തലമുടി പുറത്ത് കാണരുത്. ഈ വക കാര്യങ്ങൾ പാലിക്കുന്നുണ്ടോ എന്നത് ഉറപ്പാക്കുകയാണ് സദാചാരപ്പോലീസിന്റെ ജോലി. നിയമം ലംഘിക്കുന്നവർക്ക് പിഴ, ചാട്ടയടി, തടവ് ഏതെങ്കിലുമൊന്ന് ഉറപ്പാണ്. സ്ത്രീകളുടെ വിവാഹപ്രായം നിയമപരമായി 13 വയസ്സാണ്. സ്ത്രീകൾക്ക് യാത്ര ചെയ്യണമെങ്കിൽ ഭർത്താവിന്റെയോ പിതാവിന്റെയോ അനുമതി വേണം. ബഹുഭാര്യാത്വത്തിന് നിയന്ത്രണമില്ല. വിവാഹമോചിതയായ സ്ത്രീയെ മക്കളുടെ സംരക്ഷണത്തിൽനിന്ന് ഒഴിവാക്കുന്നു. ഇങ്ങനെ പോകുന്നു ഇറാൻ ഭരണകൂടത്തിന്റെ നിലപാടുകൾ.

ഒരു ദശാബ്ദക്കാലമായി വിദേശത്ത് പ്രവാസജീവിതം നയിക്കുന്ന മസിഹ് അലിനെജാദ് എന്ന പത്രപ്രവർത്തകയുടെ അനുഭവങ്ങൾതന്നെ ഉദാഹരണമാണ്. നിർബന്ധിത ഹിജാബിനെതിരെ അവർ പരസ്യമായി രംഗത്തുവന്നു. അറസ്റ്റ് ഭയന്ന് ലണ്ടനിൽനിന്ന് അവർക്ക് ഇറാനിലേയ്ക്ക് വരാനാകുന്നില്ല, ജീവനുതന്നെ ഭീഷണിയുണ്ട്. അവരുടെ മാതാപിതാക്കൾക്ക് രാജ്യം വിടാൻ അനുമതിയില്ല. അതേസമയം അവരുടെ സോഷ്യൽ മീഡിയ പോസ്റ്റുകളും പ്രവർത്തനങ്ങളും 'മൈ സ്റ്റെൽതി ഫ്രീഡം' എന്ന ഹാഷ്ടാഗിൽ സോഷ്യൽ മീഡിയ ഏറ്റെടുത്തു. ഇതിലൂടെയെല്ലാം സ്ത്രീകളുടെ അവകാശങ്ങൾക്കുമേൽ ഇറാനിൽ നടക്കുന്ന ലംഘനങ്ങൾ ഏറെ ചർച്ച ചെയ്യപ്പെട്ടു. ശബ്ദമില്ലാത്തവരുടെ ശബ്ദമാണ് താൻ എന്നാണ് മസിഹി അലിനെജാദ് സ്വയം വിശേഷിപ്പിക്കുന്നത്.

മഹ്സ അമിനിയുടെ മരണം ഇറാനിലെ പ്രതിഷേധങ്ങൾ ഉച്ചസ്ഥായിയിലെത്തിച്ചു. ഇറാനിലെ യാഥാസ്ഥിതിക മുസ്ലീം ഭരണകൂടം പ്രതിഷേധക്കാർക്ക് നേരെ കിരാതമായ ആക്രമണമാണ് അഴിച്ചുവിട്ടിരിക്കുന്നത്. ഇതിനകം ഇരുനൂറോളം ആളുകൾ കൊല്ലപ്പെട്ടു. തലസ്ഥാനമായ ടെഹ്റാനിൽമാത്രം നൂറിലേറെ സ്ത്രീകളെ അറസ്റ്റ് ചെയ്തുകഴിഞ്ഞു. പ്രതിഷേധപരിപാടികളിൽ പങ്കെടുക്കുന്നവർക്ക് 10വർഷം തടവുശിക്ഷ അടക്കം കഠിനശിക്ഷകൾ ഭരണകൂടംപ്രഖ്യാപിച്ചുകഴിഞ്ഞുവെങ്കിലും അതിനെയെല്ലാം തൃണവൽഗണിച്ചുകൊണ്ട് സ്ത്രീകളുൾപ്പെടെ ജനങ്ങൾ വൻതോതിൽ പൊട്ടിത്തെറിച്ച് തെരുവുകളിൽ പ്രതിഷേധങ്ങളുയർത്തുന്നത് തുടർന്നുകൊണ്ടേയിരിക്കുന്നു. മുടിമുറിച്ചും ഹിജാബ് കത്തിച്ചും അവർ മഹ്സ അമിനിക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു.

ഇസ്ലാമിക വിപ്ലവത്തിനുശേഷം പണപ്പെരുപ്പം, വിലക്കയറ്റം തുടങ്ങിയ വിഷയങ്ങളെ അധികരിച്ച് വമ്പൻ ജനകീയ പ്രക്ഷോഭങ്ങൾ ഇതിനുമുമ്പും ഉണ്ടായിട്ടുണ്ടെങ്കിലും സ്ത്രീകൾ മുന്നിൽ നിന്നുനയിക്കുന്ന ഈ പ്രക്ഷോഭം അതിൽനിന്നെല്ലാം വ്യത്യസ്തമായിരിക്കുന്നു. യൂണിവേഴ്സിറ്റികൾ ഉൾപ്പെടെ പ്രതിഷേധങ്ങൾ തിളച്ചു മറിയുന്നു. ഇന്റർനെറ്റും സാമൂഹ്യമാധ്യമങ്ങളും വിലക്കിയിട്ടും പ്രതിഷേധങ്ങൾ അവസാനിക്കുന്നില്ല. എന്നാൽ സർക്കാർ വൃത്തങ്ങളാകട്ടെ അമേരിക്കയുടെയും ഇസ്രായേലിന്റെയും ഒത്താശയോടെ നടക്കുന്ന കുത്തിത്തിരുപ്പുകളായാണ് പ്രതിഷേധങ്ങളെ വ്യാഖ്യാനിക്കുന്നത്. ഇറാനിലെ പ്രതിഷേധങ്ങളിൽനിന്ന് പ്രചോദനമുൾക്കൊണ്ട് സൗദിഅറേബ്യപോലെ അങ്ങേയറ്റം യാഥാസ്ഥിക മുസ്ലീംരാഷ്ട്രങ്ങളിൽ ഉൾപ്പെടെ സ്ത്രീകൾ ക്രൂരമായ മതാനുശാസനകൾക്കെതിരെ രംഗത്തുവന്നിരിക്കുകയാണ്.

മരണം വരിക്കാൻപോലും തയ്യാറായി സ്ത്രീകൾ സമരരംഗത്ത് നിലയുറപ്പിച്ചതോടെ വളരെ ഗൗരവമുള്ള മനുഷ്യാവകാശപ്രശ്നമായി വിഷയം മാറിയിരിക്കുന്നു. മതമൗലികവാദവും യാഥാസ്ഥിതിക ചിന്താഗതികളും അത് ഇസ്ലാംമതമായാലും ഹിന്ദുമതമായാലും സ്ത്രീകളുടെ വളർച്ചയ്ക്കും വികാസത്തിനും തടസ്സംതന്നെയാണ്. അടുക്കളയിലേയ്ക്ക് മടങ്ങാനും നല്ല അമ്മമാരാകാനുമാണ് എല്ലാ മതങ്ങളും സ്ത്രീകളോട് ഉപദേശിക്കുന്നത്. മതമൗലികവാദം സ്ത്രീകൾക്കും അവരുടെ അവകാശങ്ങൾക്കുംമേൽ മാരകമായ ഒരു ഭീഷണിയായി മാറിയിരിക്കുന്ന കാലയളവിലൂടെയാണ് നാം കടന്നുപോകുന്നത്.

മതത്തിനും പൗരോഹിത്യത്തിനുമെതിരെ പ്രാരംഭദശയിൽ പൊരുതിയിരുന്ന മുതലാളിത്തം, ജീർണതയുടെ പാരമ്യത്തിൽ എത്തിച്ചേർന്നിരിക്കുന്ന ഇന്നത്തെ ഘട്ടത്തിൽ വ്യവസ്ഥിതിയുടെ ആയുസ് നീട്ടിയെടുക്കാൻ മതത്തെ ഉപയോഗപ്പെടുത്തുകയും ജന്മിത്തമൂല്യങ്ങളോട് സന്ധിചെയ്യുകയും ചെയ്യുന്നു. ഇന്ത്യയുൾപ്പെടെ മുതലാളിത്ത രാജ്യങ്ങളുടെ പൊതുസ്ഥിതിയിതാണ്. എല്ലാ മുതലാളിത്ത രാജ്യങ്ങളിലുമെന്നതുപോലെ, വീർപ്പുമുട്ടിക്കുന്ന പണപ്പെരുപ്പത്തിനും തൊഴിലില്ലായ്മയ്ക്കും വിലക്കയറ്റത്തിനുമെതിരെ ഇറാനിലെ ജനങ്ങൾ പ്രക്ഷോഭത്തിലാണ്. ഈ പ്രക്ഷോഭങ്ങൾ പരസ്പരം ശക്തിപ്പെടുത്തുകയും ഐക്യപ്പെടുത്തുകയും ചെയ്തുകൊണ്ടല്ലാതെ ആത്യന്തികമായി പ്രശ്നപരിഹാരം സാധ്യമല്ല. അറബ് വസന്തംപോലെ ജനങ്ങൾക്ക് ഏറെ പ്രതീക്ഷ നൽകിയ പ്രക്ഷോഭങ്ങളിൽ തെളിഞ്ഞുകണ്ടത് ജനങ്ങളുടെ പ്രതിഷേധമാണെങ്കിലും ആ പ്രക്ഷോഭങ്ങൾ ക്രമേണ കെട്ടടങ്ങിപ്പോകുകയാണ് ഉണ്ടായത്. സ്ത്രീകളുടെ മുൻകൈയിൽ ഇപ്പോൾ നടന്നുവരുന്ന മുന്നേറ്റങ്ങളും ആ വിപര്യയത്തിലേയ്ക്ക് പോകാതിരിക്കണമെങ്കിൽ കൃത്യമായ ഉൾക്കാഴ്ചയുള്ള നേതൃത്വത്തിൻകീഴിൽ വിജയംവരെ പൊരുതുവാനുള്ള ഇച്ഛാശക്തിയോടെ ജനങ്ങൾ ഒറ്റക്കെട്ടായി അണിനിരക്കണം. സാർവദേശീയ സമൂഹത്തിന്റെ പിന്തുണ തീർച്ചയായും ഇറാനിലെ പൊരുതുന്ന ജനങ്ങൾക്കൊപ്പമുണ്ട്. ■

(6–ാം പേജിൽ നിന്ന്)

ഉപഭാഷകളും. ഇങ്ങനെയുള്ള ജനവിഭാഗങ്ങൾ നിറഞ്ഞ നൂറുകണക്കിന് നാട്ടുരാജ്യങ്ങളായിരുന്ന ഇന്ത്യ. എല്ലാവരെയും ഒരുമിപ്പിക്കുന്ന സ്വാഭാവിക ഘടകങ്ങൾ തീരെയില്ലാതിരുന്ന ഈ സമൂഹത്തിൽഏകോപനത്തിന്റെഭൗതിക സാഹചര്യമൊരുക്കിയത് കേന്ദ്രീകൃത ബ്രിട്ടീഷ് ഭരണവും, ബ്രിട്ടീഷ് മൂലധനത്തിന്റെയും വളർന്നുവന്നുകൊണ്ടിരുന്ന ഇന്ത്യൻ മൂലധനത്തിന്റെയും താല്പര്യാർത്ഥം രൂപപ്പെട്ടുവന്ന ദേശീയ കമ്പോളവും ബ്രിട്ടീഷ് ഭരണത്തിനെതിരെ വളർന്നുവന്ന ദേശീയ പ്രസ്ഥാനവുമാണ്. ഒട്ടനേകം വൈവിധ്യങ്ങൾക്കുനടുവിലും ഒരു ദേശരാഷ്ട്രമെന്ന സ്വത്വം കൈവരിക്കാനും ഒരു രാഷ്ട്രമനസ്സ് രൂപപ്പെടുത്താനും ഐക്യപ്പെടാനും ഇവിടുത്തെ ജനങ്ങളെ പ്രാപ്തമാക്കിയ ചരിത്രപരമായ പ്രക്രിയായിരുന്നു സ്വാതന്ത്ര്യസമരം.

നമ്മുടെ രാജ്യത്ത് മഹാത്മാ ഗാന്ധിയും സുഭാഷ് ചന്ദ്രബോസും അംബേദ്കറും ഉൾപ്പെടെയുള്ള ദേശീയ നേതാക്കളെല്ലാവരും ഈ ഉപഭൂഖണ്ഡത്തിലെ ജനതയെ ആകെ ഒന്നായി കാണുന്ന ദേശീയതാ സങ്കൽപ്പമാണ് ഉയർത്തിപ്പിടിച്ചത്. അതിൽനിന്നും വ്യത്യസ്തമായ സങ്കൽപ്പമാണ് രാഷ്ട്രതാൽപര്യമെന്ന പേരിൽ സംഘപരിവാർ എപ്പോഴും ഉയർത്തിപ്പിടിച്ചിട്ടുള്ളത്. ബ്രിട്ടീഷ് ഭരണത്തിനെതിരെ രാജ്യത്തുനടന്ന ദേശീയ പ്രക്ഷോഭണത്തെ അവർ സ്വാതന്ത്ര്യസമരമായി പരിഗണിച്ചിട്ടേയില്ല.

സവർക്കർ പറയുന്നു, "ഈ ഭൂമിയിൽ ഇന്ത്യ എന്നുപേരുള്ള ചെറിയ ഇടത്തിന്റെ സ്വാതന്ത്ര്യമല്ല ഹിന്ദുക്കളുടെ സ്വരാജ്. ഹിന്ദുത്വം സംരക്ഷിക്കപ്പെടുന്നതാണ് ഹിന്ദുസ്ഥാനത്തിന്റെ സ്വാതന്ത്ര്യം. ഹിന്ദുക്കളുടെ മതപരവും വംശീയവും സാംസ്കാരികവുമായ സ്വത്വമാണ് ഹിന്ദുത്വം. ആ സ്വത്വം എവിടെയാണോ ദൃഢമായിരിക്കുന്നത് അവിടെയാണ് ഹിന്ദുക്കളുടെ സ്വരാജ്. അവിടെ ഇന്ത്യയുടെ അതിർത്തിക്കുള്ളിലോ വെളിയിലോ ഉള്ള അഹിന്ദുക്കളുടെ അമിതഭാരം ഉണ്ടാവുകയില്ല." (പ്രമുഖ ഭരണഘടനാ വിദഗ്ധനും രാഷ്ട്രീയ നിരീക്ഷകനുമായ എ.ജി.നൂറാണി, 'സവർക്കറും ഹിന്ദുത്വവും' എന്ന കൃതിയിൽ വി.ഡി.സവർക്കറെ ഉദ്ധരിച്ചുകൊണ്ട് പറഞ്ഞത്.)

ഭാരതവർഷം എന്ന് അവർ വിളിക്കുന്ന ഈ വിശാല ഭൂമേഖലയെ ഹിന്ദുക്കളുടെ പുണ്യഭൂമിയെന്നും പിതൃഭൂമിയെന്നും സംഘപരിവാർ കൃതികളിൽ സുലഭമായി പ്രകീർത്തിക്കുന്നുണ്ട്. രാഷ്ട്രമെന്നാൽ നൂറ്റാണ്ടുകളായി, ഈ മണ്ണുമായി ഇഴുകിച്ചേർന്ന് ജീവിക്കുന്ന ജനങ്ങളെന്നു മനസ്സിലാക്കുന്നതിന് പകരം, ചില മതങ്ങളെ അടിസ്ഥാനമാക്കിയും ചില മതങ്ങളെ ഒഴിവാക്കിയും കൽപിതമായി നിർമ്മിച്ചെടുക്കുന്ന ഒരു നിർവചനത്തിന്റെ ഘടനയിലേയ്ക്ക് ഒതുക്കുവാൻ അവർ ശ്രമിക്കുന്നു. ഈ ദേശീയ ജനതയെ പരസ്പരം ഇടകലരാനാകാത്തത്ര വൈരുദ്ധ്യമുള്ള, അഭിപ്രായവ്യത്യാസം അടിവേരുകളോളം എത്തിനിൽക്കുന്ന മതങ്ങളായി അവർ വിഭാവനം ചെയ്യുന്നു. രാഷ്ട്രമെന്നത് ഒരു മതവുമായി മാത്രം ബന്ധപ്പെട്ടുനിൽക്കുന്ന ഒരു സങ്കൽപ്പമായി അവർ ശാഠ്യത്തോടെ വ്യാഖ്യാനിക്കുന്നു. മുഖ്യമായും ഒരു മതത്തെ അടിസ്ഥാനമാക്കി മാത്രം രാഷ്ട്രം നിർവ്വചിക്കപ്പെടുമ്പോൾ ഇതരമതങ്ങളെയെല്ലാം രാഷ്ട്രഗാത്രത്തിന് അന്യവും ദ്രോഹകരവുമായ ഘടകങ്ങളായി അവതരിപ്പിക്കാൻ കഴിയുന്നു. സ്വാഭാവികമായും ദേശസ്നേഹവും ദേശഭക്തിയും അന്യമതവിദ്വേഷത്തിലൂന്നിയ വിഭാഗീയവികാരങ്ങളാകുന്നു. വിദേശഭരണത്തിൽനിന്നുള്ള വിമോചനസമരമല്ല സ്വാതന്ത്ര്യസമരമെന്നും രാഷ്ട്രഗാത്രത്തെ ഗ്രസിച്ചിരിക്കുന്ന മതങ്ങൾക്കെതിരായ സമരമാണ് സ്വാതന്ത്ര്യസമരമെന്നും വിശ്വസിക്കാൻ കഴിയുന്നു.

താരതമ്യേന ഏകാത്മകമായ ഒരു ദേശീയ രാഷ്ട്രത്തെ സൃഷ്ടിക്കുന്നതിന് വിഘാതമായി നിൽക്കുന്ന ഈ വിഭാഗീയ ധാരണ പ്രചരിപ്പിച്ചുകൊണ്ട് യഥാർത്ഥ രാജ്യതാൽപര്യത്തെ വിഷംവച്ച് തകർക്കുന്ന ശ്രമത്തെ ദേശഭക്തിയായി ചിത്രീകരിക്കുകയാണ് അവർ. മുസ്ലീംവിരുദ്ധതയിലേയ്ക്ക് കേന്ദ്രീകരിക്കുന്ന ഒരു പ്രത്യയശാസ്ത്രം രൂപീകരിച്ചെടുക്കുക എന്ന മുൻക്കൂർ ലക്ഷ്യം മുൻനിർത്തി, അതിന് ഉപോത്ബലകമായ ആശയങ്ങൾ സമാഹരിക്കുകയോ നിർമ്മിച്ചെടുക്കുകയോ ആണ് സവർക്കർ ചെയ്തത്. രാജ്യത്തെ മതാടിസ്ഥാനത്തിൽ വിഭജിക്കുന്നതിന് പര്യാപ്തമായവിധം ദേശീയതയെ സംബന്ധിച്ചും ദേശസ്നേഹത്തെ സംബന്ധിച്ചും അതിസങ്കുചിതവും വിദ്വേഷാത്മകവുമായ ഒരു സവിശേഷ ധാരണ ആവിഷ്ക്കരിച്ചുകൊണ്ട് ജനാധിപത്യത്തിൽനിന്നും പാടേ ഭിന്നമായ ഒരു രാഷ്ട്രീയ പ്രത്യയശാസ്ത്രം നിർമ്മിച്ച് ഇന്ത്യയിലെ ഫാസിസ്റ്റുകൾക്ക് ചുവടുറപ്പിക്കാൻ കഴിയുന്ന ഒരു വ്യാജ സൈദ്ധാന്തിക അടിത്തറ ഒരുക്കിയ വ്യക്തി എന്ന നിലയിലാണ് സവർക്കർ 'ആരാധ്യപുരുഷനാ'കുന്നത്.

(അടുത്ത ലക്കത്തിൽ തുടരും)

മാനവ മോചനത്തിന്റെ ഒരേയൊരു പാത മാർക്സിസം–ലെനിനിസം–ശിബ്ദാസ് ഘോഷ് ചിന്തകൾ

ഇടത് രാഷ്ട്രീയത്തെ അപകീർത്തിപ്പെടുത്തുക വഴി സിപിഐ(എം) വലത് രാഷ്ട്രീയത്തെ ശക്തിപ്പെടുത്തുന്നു

(ഏപ്രിൽ 24ന് കൊൽക്കത്തയിൽ നടന്ന എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) പാർട്ടിയുടെ 75-ാം സ്ഥാപന ദിനാചരണയോഗത്തിൽ ജനറൽ സെക്രട്ടറി സഖാവ് പ്രൊവാഷ് ഘോഷ് നടത്തിയ പ്രഭാഷണത്തിന്റെ മലയാള പരിഭാഷയുടെ മൂന്നാം ഭാഗം.)

1967ന ശേഷം 69ൽ വീണ്ടും ഐക്യമുന്നണി അധികാരത്തിൽ വന്നിരുന്നു. ആ മന്ത്രിസഭയിൽ ആഭ്യന്തരം കൈകാര്യം ചെയ്തത് സിപിഐ(എം) ആണ്. തങ്ങളാണ് വലിയ പാർട്ടി എന്ന ഹുങ്കിൽ അവർ ഐക്യമുന്നണിയിലെ മറ്റു പാർട്ടികളെ വ്യാപകമായി ആക്രമിക്കാൻ ആരംഭിച്ചു. തങ്ങളുടെ കൂടെ കൂടിയാൽ ജോലി ലഭിക്കുമെന്നും ആരെയും ഭയക്കാതെ കളവും പിടിച്ചുപറിയും ഗുണ്ടായിസവും വഴി പണം ഉണ്ടാക്കാം എന്നും അവർ ആളുകളോട് പറഞ്ഞു. പോലീസ് വിഭാഗത്തെ മൊത്തം തങ്ങളുടെ വരുതിയിലാക്കി. ഐക്യമുന്നണിയിലെ മറ്റു അംഗങ്ങളെ ഇല്ലാതാക്കാൻ വേണ്ടിയാണ് അവർ ഇത്തരമൊരു അന്തരീക്ഷം സൃഷ്ടിച്ചത്. ഐക്യമുന്നണി ഇനി ആവശ്യമില്ലെന്ന് അവർ പറഞ്ഞുതുടങ്ങുകയും ചെയ്തു. വർഗാടിസ്ഥാനത്തിലുള്ള ഒരു മുന്നണി ആരംഭിക്കാൻ സമയമായി- സിപിഐ(എം)ഉം ബഹുജന സംഘടനകളും മാത്രം ഉൾപ്പെടുന്ന ഒരു മുന്നണി-എന്ന് അവർ പറഞ്ഞു തുടങ്ങി. സിപിഐ(എം)ന്റെ ഈ വലിയേട്ടൻ മനോഭാവവും ഗുണ്ടായിസവും കണ്ട് 1973ൽ സഖാവ് ശിബ്ദാസ് ഘോഷ് പറഞ്ഞു: "അവർ മാർക്സിസ്റ്റ് പദാവലികൾ ഉപയോഗിച്ചുകൊണ്ടും വിപ്ലവകാരികൾ എന്ന് അവകാശപ്പെട്ടുകൊണ്ടും നടക്കുമ്പോൾതന്നെ ജീർണ്ണിച്ച ബൂർഷാ സംസ്കാരമാണ് പ്രദർശിപ്പിക്കുന്നത്. ഈ നാട്ടിലെ ചിന്തിക്കുന്ന മനുഷ്യരുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും മുന്നിൽ അവർ മഹനീയമായ മാർക്സിസ്റ്റ് ദർശനത്തിന് കളങ്കമേൽപ്പിക്കുകയാണ്...ഐക്യമുന്നണി സർക്കാരിന്റെ കാലത്ത് കോൺഗ്രസിന്റെ വിദ്യാർത്ഥി യുവജന വിഭാഗങ്ങളായ ഛാത്രപരിഷത്തും യൂത്ത് കോൺഗ്രസും ശക്തിവർദ്ധിപ്പിച്ചുവെങ്കിൽകാരണം സിപിഐ(എം)ന്റെ ഇത്തരം നടപടികളാണ്. ഈ ജീർണ്ണിച്ച സംസ്കാരംകണ്ട് ആളുകൾ അത്ഭുതം കൂറാൻ തുടങ്ങിയിരിക്കുന്നു. 'ഇന്ന് സ്കൂളുകളിലും കോളേജുകളിലും നമ്മൾ കാണുന്നതാണ് മാർക്സിസം എങ്കിൽ ആ മാർക്സിസം നമുക്ക് വേണ്ട!' ഇതിനെ തുടർന്ന് സാധാരണ ജനം താൽക്കാലികമായി എങ്കിലും മാർക്സിസത്തിനെതിരാവാൻ തുടങ്ങിയിരി ക്കുന്നു. ഒരു പാർട്ടി മാർക്സിസം–ലെനിനിസം സംസാരിച്ചതുകൊണ്ട് മാത്രമായില്ല. സമൂഹത്തിൽ അതിന്റെ സ്വാധീനം സദാചാരത്തെ നശിപ്പിക്കുന്നതാണെങ്കിൽ, അണികൾ ജീർണ്ണിച്ച സംസ്കാരത്തിന് അടിമകൾ ആണെങ്കിൽ, അവരുടെ പെരുമാറ്റത്തിലും നടപ്പിലും മര്യാദയോ വിനയമോ ഔചിത്യമോ ഇല്ലെങ്കിൽ, സൈദ്ധാന്തിക ചർച്ചകളിൽനിന്ന് അവർ ഒളിച്ചോടുകയോ അല്ലെങ്കിൽ അവയെ കായിക ബലം ഉപയോഗിച്ച് നേരിടുകയോ ചെയ്യുകയാണെങ്കിൽ, അവർ ഭീരുക്കളെപ്പോലെ മറ്റുള്ളവരെ ആക്രമിക്കുകയാണെങ്കിൽ, തങ്ങളുടെ ഉത്തരവാദിത്വങ്ങളും കടമകളും മറന്ന് പെരുമാറുകയാണ് എങ്കിൽ, അവരുടെ മാർക്സിസ്റ്റ് വാചാടോപം എത്ര ഉച്ചത്തിൽ ആണെങ്കിൽ പോലും അവരെ നയിക്കുന്ന പ്രത്യയശാസ്ത്രം അത്ര മഹത്താവാനിടയില്ല. അവർ മാർക്സിസ്റ്റുകൾ ആവാൻ തീരെയും സാധ്യതയില്ല."

1977 മുതൽ 34 വർഷം നീണ്ടുനിന്ന സിപിഐ(എം) ഭരണം സഖാവ് ശിബ്ദാസ് ഘോഷ് കാണാൻ ഇടവന്നില്ല. അവരുടെ ആക്രമണോത്സുകമായ പെരുമാറ്റം വളരെ പ്രകടമായി മാറി. ആളുകൾക്ക് വീടിനകത്ത് വെച്ചുപോലും സിപിഐ(എം)നെ വിമർശിക്കാൻ ഭയപ്പെടേണ്ട അവസ്ഥ സംജാതമായി. കല്യാണം ആയാലും അടിയന്തരം ആണെങ്കിലും ശരി, വീട് വിൽക്കലോ വാടകയ്ക്ക് കൊടുക്കലോ എന്താണെങ്കിലും, പാർട്ടിയുടെ ഇടനിലക്കാരൻ ഇല്ലാതെ ഒന്നും നടക്കില്ല എന്ന സ്ഥിതി വന്നു. കെട്ടിട നിർമ്മാണം മുതൽ എല്ലാത്തരം കോൺട്രാക്ട് വർക്കുകളും അവർ നിയന്ത്രിച്ചു. എല്ലാ പോലീസ് സ്റ്റേഷനുകളിലും അവർക്ക് ഏജന്റുമാർ ഉണ്ടായിരുന്നു. സിപിഐ(എം) നേതാക്കളുടെ ശുപാർശയില്ലാതെ ഒരു ശിപായിപ്പണി പോലും ലഭിക്കില്ലായിരുന്നു. സിപിഐ(എം) അനുവർത്തിച്ചിരുന്ന ഇതേ കാര്യങ്ങളാണ് ഇന്ന് ടിഎംസി ചെയ്യുന്നത്. കുറെക്കൂടെ പ്രകടമായിട്ടാണ് എന്നുമാത്രം. ടിഎംസിയുടെ ക്രിമിനൽ സംഘങ്ങൾ എല്ലാ സ്ഥലത്തും ഉണ്ട്. സിപിഐ(എം) ഭരണകാലത്ത് കൽക്കട്ട മുനിസിപ്പൽ ഇലക്ഷൻ തോക്കിൻമുനയിൽ നടത്തിയത് നിങ്ങൾക്കറിയാം. എല്ലാ ഇലക്ഷനും അവർ അട്ടിമറിക്കുമായിരുന്നു. രാജ്യത്തിനകത്തും പുറത്തുമുള്ള കുത്തകകളെ സന്തോഷിപ്പിക്കാൻവേണ്ടി അവർ തൊഴിലാളികളുടെയും കർഷകരുടെയും പ്രക്ഷോഭങ്ങൾക്ക് നേരെ വെടിയുതിർത്തു. സിംഗൂരിലെയും നന്ദിഗ്രാമിലെയും കർഷകർക്ക് നേരെ എത്ര പൈശാചികമായ ആക്രമണമാണ് അവർ അഴിച്ചുവിട്ടത്! പോലീസ് യൂണിഫോമിൽ സിപിഐ(എം) ഗുണ്ടകൾ അഴിഞ്ഞാടി. സ്ത്രീകളെ കൂട്ടബലാത്സംഗം ചെയ്തു, നിരവധി മനുഷ്യരെ വെടിവെച്ചുകൊന്നു. ജനകീയ പ്രക്ഷോഭങ്ങളെ അടിച്ചമർത്താൻ ഗുണ്ടകളെ ഇറക്കി കൂട്ടബലാത്സംഗം നടത്തുന്ന രീതി സ്വതന്ത്ര ഇന്ത്യയിൽ സിപിഐ(എം) അല്ലാതെ മറ്റൊരു രാഷ്ട്രീയ പാർട്ടിയും അനുവർത്തിച്ചിട്ടില്ല.

ഈ പൈശാചിക ആക്രമണത്തെ നമ്മൾ ശക്തിയായി എതിർക്കുകയും അതിനെതിരെ പ്രതിഷേധങ്ങൾ വളർത്തിയെടുക്കുകയും ചെയ്തു. ആർഎസ്‌പിയെയോ ഫോർവേഡ് ബ്ലോക്കിനെയോ പോലെ നാം സിപിഐ(എം)ന്റെ അടിമകൾ അല്ല. സിപിഐ(എം) അധികാരത്തിൽ വന്ന 1977 മുതൽ തന്നെ നാം അവരുടെ ജനവിരുദ്ധ നയങ്ങൾക്കെതിരെ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. പ്രൈമറി ക്ലാസുകളിൽനിന്ന് ഇംഗ്ലീഷ് എടുത്തുമാറ്റിയപ്പോൾ അതിനെതിരെ സുകുമാർ സെൻ, പ്രമഥനാഥ് ബിഷി, ഡോക്ടർ സുശീൽ കുമാർ മുഖർജി, നിഹാർ രഞ്ജൻ റോയ് തുടങ്ങിയ മുൻനിര വിദ്യാഭ്യാസ വിചക്ഷണരെയും ബുദ്ധിജീവികളെയും അണിനിരത്തിക്കൊണ്ട് ഒരു വമ്പൻ ഭാഷാപ്രക്ഷോഭം തന്നെ നാം സംഘടിപ്പിച്ചു. നമ്മുടെ നിരന്തരമായ പ്രക്ഷോഭത്തിന്റെ ഫലമായാണ് പലതവണ ബസ് ചാർജ്ജും ഹോസ്പിറ്റൽ ചാർജ്ജുകളും കറണ്ട് ചാർജ്ജുകളും അവർക്ക് കുറക്കേണ്ടിവന്നത്. ഇങ്ങനെ ന്യായമായ ഡിമാന്റുകൾ ഉയർത്തി പല പ്രക്ഷോഭങ്ങൾ നാം വിജയിപ്പിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ സിപിഐ(എം)ന് നമ്മളോട് കടുത്ത ദേഷ്യവുമുണ്ട്. 24 സൗത്ത് പർഗാന, ബർധമാൻ, പുരുലിയ, നാദിയ, മുർഷിദാബാദ് എന്നീ ജില്ലകളിലായി 200 ഓളം നമ്മുടെ പാർട്ടി നേതാക്കളെയും അണികളെയും അവർ കൊലപ്പെടുത്തിയിട്ടുണ്ട്. (നമ്മുടെ സഖാക്കളുടെ കൊലപാതകത്തിന് ചുക്കാൻ പിടിച്ച സിപിഐ(എം) നേതാവിന്റെ പ്രധാനപ്പെട്ട സഹായി, ഇന്ന് ടിഎംസിയുടെ എംഎൽഎയാണ്). നമ്മളെ തുടച്ചുനീക്കുകയായിരുന്നു അവരുടെ ലക്ഷ്യം. ഇങ്ങനെ സംസ്ഥാനമൊന്നാകെ ഒരു ഭീകരാന്തരീക്ഷം അവർ സൃഷ്ടിച്ചെടുത്തു. യാതൊരു തത്വദീക്ഷയോ ആദർശമോ എന്തിന് മനഃസാക്ഷിക്കുത്ത് പോലുമോ അവർക്ക് ഇല്ലായിരുന്നു. അധികാരം അവരുടെ കൈയിൽ ആയിരുന്നതിനാൽ ഒരു ജോലി കിട്ടണമെങ്കിൽ പോലും അവരെ ചെന്ന് കണ്ടേ മതിയാകൂ. അവരുടെ സഹായമില്ലാതെ ജോലിയോ പ്രമോഷനോ കിട്ടുകയില്ല. ചിലപ്പോൾ പണിഷ്മെന്റായി ട്രാൻസ്ഫറും കിട്ടാൻ സാധ്യതയുണ്ട്. പലസമയങ്ങളിലും സിപിഐ(എം)ന്റെ ഇഷ്ടത്തിന് വഴങ്ങാത്ത കർഷകരെ വിതക്കുന്നതിൽനിന്ന് തടയുകയോ അവരുടെ കുളങ്ങളിൽ വിഷം കലക്കുകയോ ചെയ്തിരുന്നു. സിപിഐ(എം) നേതാക്കളുടെയും ക്രിമിനൽ സംഘങ്ങളുടെയും ചൊൽപ്പടിയിൽ ആയിരുന്നു പോലീസും മറ്റ് അഡ്മിനിസ്ട്രേഷനും. ഇത്തരത്തിൽ മാർക്സിസ്റ്റ് പ്രത്യയശാസ്ത്രത്തെ സിപിഐ(എം) അപകീർത്തിപ്പെടുത്തിയത് കൊണ്ടാണ് സഖാവ് ഘോഷ് മുന്നറിയിപ്പ് നൽകിയതുപോലെ വലതുപക്ഷ ശക്തികൾക്ക് ഇവിടെ നിലയുറപ്പിക്കാൻ സാധിച്ചത്.

1952 ആദ്യത്തെ പൊതുതെരഞ്ഞെടുപ്പിൽ കൽക്കത്ത നഗരത്തിലെ മിക്കവാറും സീറ്റുകൾ അവിഭക്ത സിപിഐ ആണ് വിജയിച്ചത് എന്ന കാര്യം നിങ്ങൾക്ക് ഓർമ്മയുണ്ടാവും. ഇടതുപക്ഷത്തിന് നഗരങ്ങളിൽ നല്ല മതിപ്പുണ്ടായിരുന്നു. ഞങ്ങളുടെ ചെറുപ്പകാലത്ത് തങ്ങളുടെ അച്ഛനോ അപ്പാപ്പന്മാരോ കോൺഗ്രസ്സുകാർ എന്ന് പറയാൻ കുട്ടികൾക്ക് വലിയ നാണക്കേടായിരുന്നു . ശിബ്ദാസ് ഘോഷിന്റെ ആശയങ്ങളിൽ ആകൃഷ്ടനായി ഞാൻ പാർട്ടിയിൽ എത്തുന്നത് 1950 ലാണ്. സിപിഐ(എം) ഒരു യഥാർത്ഥ കമ്മ്യൂണിസ്റ്റ് പാർട്ടിയായിരുന്നില്ല എങ്കിലും അക്കാലത്ത് അവരുടെ അണികൾക്ക് വിപ്ലവ വീര്യം ഉണ്ടായിരുന്നു. ഒരു യഥാർത്ഥ മാർക്സിസ്റ്റ് ആവണമെങ്കിൽ അതൊരു ജീവനുള്ള തത്വചിന്തയാണെന്ന് കാര്യം ആദ്യം അംഗീകരിക്കേണ്ടതുണ്ട്. ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആ പ്രത്യയശാസ്ത്രം പ്രാവർത്തിക മാക്കുകയും ഇന്ത്യയുടെ ഇന്നത്തെ വിശേഷമായ സാഹചര്യത്തിൽ അതിനെ സമൂർത്തവത്കരിക്കുകയും ചെയ്യേണ്ടതുണ്ട്.

ലെനിൻ അക്കാലത്തെ ദേശീയ-അന്തർദേശീയ സാഹചര്യത്തിൽ മാർക്സിസത്തെ റഷ്യൻ മണ്ണിൽ സമൂർത്തമാക്കി. അതിനെയാണ് നാം ലെനിനിസം എന്ന് വിളിക്കുന്നത്. മാർക്സിസത്തെ മാവോ സേതുങ് ചൈനീസ് മണ്ണിൽ സമൂർത്തവൽക്കരിച്ചതിനെയാണ് നാം മാവോ ചിന്തയെന്ന് വിളിക്കുന്നത്. എന്നാൽ ഇന്ത്യൻ മണ്ണിൽ മാർക്സിസ്റ്റ് സിദ്ധാന്തത്തെ സമൂർത്തവൽക്കരിക്കാൻ സിപിഐ ശ്രമിച്ചതേയില്ല. അവരുടെ നേതാക്കൾ മാർക്സിസം പുസ്തകങ്ങളിൽ നിന്ന് വായിച്ചു പഠിക്കുകയും അന്നത്തെ അന്തർദേശീയ നേതൃത്വത്തെ അന്ധമായി പിന്തുടരുകയും ആയിരുന്നു ചെയ്തത്. ഇന്ത്യയുടെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസരിച്ച് ശാസ്ത്രീയമായി മാർക്സിസം–ലെനിനിസം പ്രയോഗിക്കുന്നതിന്റെ അടിയന്തരാവശ്യകത മനസ്സിലാക്കിക്കൊണ്ട് ആ യജ്ഞം ഏറ്റെടുത്തത് സഖാവ് ശിബ്ദാസ് ഘോഷ് ആണ്. അങ്ങനെ മാർക്സിസം ഈ മണ്ണിൽ സമൂർത്തവൽക്കരിക്കുന്നതിനുള്ള സമരത്തിന്റെ ഭാഗമായി ലെനിനനന്തര കാലഘട്ടത്തിൽ തത്വചിന്തയിലും രാഷ്ട്രീയം, ശാസ്ത്രം, കല, സംസ്കാരം എന്നിങ്ങനെ ജീവിതത്തിന്റെ നാനാ മേഖലകളിലും ഉയർന്നുവന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ അദ്ദേഹത്തിന് സാധിച്ചു. നമ്മുടെ നാട്ടിൽ മാർക്സിസം എന്തുകൊണ്ട് ആവശ്യമാണ് എന്ന് അദ്ദേഹം വ്യക്തമാക്കി. രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക മേഖലകളിൽ ഇവിടെ അധീശത്വം പുലർത്തിയിരുന്ന ബൂർഷ്വാ ചിന്തകളെ പ്രത്യയശാസ്ത്രപരമായി പരാജയപ്പെടുത്തുന്ന പ്രക്രിയയിൽ അദ്ദേഹം മാർക്സിസം ലെനിസത്തെ കൂടുതൽ സമ്പുഷ്ടമാക്കി. ലെനിൻ മാർക്സിസത്തെ വികസിപ്പിച്ചതുകൊണ്ട് നാം അദ്ദേഹത്തെ ഒരു മാർക്സിസ്റ്റ് ആചാര്യനായി പരിഗണിക്കുന്നു. ലെനിനുശേഷം സ്റ്റാലിനും പിന്നീട് മാവോയും മാർക്സിസ്റ്റ് തത്വചിന്തയെ വികസിപ്പിച്ച ആചാര്യന്മാരാണ്. ഇതേ രീതിയിൽ ആധികാരികമായ മാർക്സിസത്തിന്റെ വ്യക്തിരൂപമായി സഖാവ് ശിബ്ദാസ് ഘോഷ് ഉയർന്നു വന്നു. എന്നാൽ ഇത്തരമൊരു പ്രക്രിയ പിന്തുടരാൻ സിപിഐയോ സിപിഐ(എം)ഓ അവരുടെ പ്രാരംഭ കാലംതൊട്ട് തയ്യാറായിരുന്നില്ല. അതുകൊണ്ടുതന്നെ മാർക്സിസം എന്നപേരിൽ അവർ അനുവർത്തിക്കുന്നത് പെറ്റി ബൂർഷ്വാ രാഷ്ട്രീയമാണ്.

കഴിഞ്ഞ പാർലമെൻറ് തെരഞ്ഞെടുപ്പ് കാലത്ത് ബംഗാളിലൊന്നാകെ അവർ ഉയർത്തിയത് "ആദ്യം രാം പിന്നെ ബാം"*(ബാം എന്നാൽ ഇടതെന്നർത്ഥം: എഡിറ്റർ)* എന്ന മുദ്രാവാക്യമാണ്.

ടിഎംസിയെ പരാജയപ്പെടുത്താൻ ബിജെപിക്ക് വോട്ട് ചെയ്യണം എന്നാണ് അവർ പറഞ്ഞത്. ടിഎംസിയെ പരാജയപ്പെടുത്തിയാൽ പിന്നീട് തങ്ങൾക്ക് അധികാരത്തിൽ വരാം എന്ന് അവർ കണക്കുകൂട്ടി. ഇത് അവരുടെ മുഖപത്രമായ ഗണശക്തിയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടാവില്ല. എന്നാൽ ഈ മുദ്രാവാക്യം എല്ലായിടത്തും പ്രതിധ്വനിച്ചു. സിപി

(ശേഷം 9–ാം പേജിൽ)

വിലക്കയറ്റത്തിനും തൊഴിലില്ലായ്മയ്ക്കുമെതിരായ മുന്നേറ്റങ്ങൾക്ക് തടയിടാൻ ജനങ്ങളെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്നു

(8–ാം പേജിൽ നിന്ന്)

ഐ(എം)ന്റെ പ്രവർത്തകരും നേതാക്കളും എല്ലാം കൂട്ടമായി ബിജെപിയിൽ ചേർന്നു. അങ്ങനെ അവർക്ക് അവരുടെ വോട്ട് ബാങ്ക് നഷ്ടമായി. ഇപ്പോൾ അവർ അത് തിരിച്ചുപിടിക്കാൻശ്രമിക്കുകയാണ്. വേറെ വലിയൊരു വിഭാഗം പ്രവർത്തകർ സിപിഐ(എം)ൽ നിന്ന് ടിഎംസിയിലേക്ക് പോയി. സിപിഐ(എം) ഒരുകാലത്ത് തീറ്റിപ്പോറ്റി വളർത്തിയ ക്രിമിനൽ വിഭാഗം ഇപ്പോൾ ടിഎംസിയോടൊപ്പമാണ്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിന് മുൻപ് അവർ ഒരു മുസ്ലിം മൗലവിയെ കണ്ടുപിടിച്ച് മതേതരനെന്ന് വെള്ളപൂശി അദ്ദേഹത്തിന്റെ പാർട്ടിയുമായി സഖ്യത്തിൽ ഏർപ്പെട്ടിരുന്നു. മുസ്ലിം വോട്ടുകൾ നേടാൻ വേണ്ടി. ഇതേ ഷഹീദ് മിനാർ മൈതാനത്ത് ആ മൗലവിയോട് ചേർന്ന് അവർ മീറ്റിംഗ് നടത്തി. എന്ന് മാത്രമല്ല, അദ്ദേഹത്തെ മറ്റെല്ലാവരെക്കാളും ഉയർത്തിക്കാട്ടുകയും ചെയ്തു. ഇതാണ് സിപിഐ(എം)ന്റെ രാഷ്ട്രീയം.

കമ്മ്യൂണിസ്റ്റുകൾ തെറ്റുകൾ തുറന്നു സമ്മതിക്കുകയും അത് ആവർത്തിക്കാതിരിക്കാൻ നടപടികൾ എടുക്കുകയും ചെയ്യുന്നവരാണ് എന്ന് ലെനിൻ നമ്മെ പഠിപ്പിച്ചിട്ടുണ്ട്. സിപിഐ(എം)ഇതുവരെ അങ്ങനെ ചെയ്തിട്ടില്ല. കാരണം അവരൊരു കമ്മ്യൂണിസ്റ്റ് പാർട്ടി അല്ല. ഒരിക്കലും അങ്ങനെ ആയിരുന്നില്ല. അവരെപ്പോഴും മറ്റുള്ളവരുടെ തെറ്റുകൾ ചൂണ്ടിക്കാട്ടുകയും സ്വയം നല്ല പിള്ള ചമയുകയും ചെയ്യും. പണ്ട് അവരിൽ ഉണ്ടായിരുന്ന സമരോത്സുകമായ ഇടതുപക്ഷീയത ഇന്ന് അവർക്ക് ഇല്ല. ഇന്നത് കേവലം വോട്ട് മാത്രം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന ഒരു പാർട്ടിയാണ്. ശരിയായ ഇടതുപക്ഷ ലൈൻ അനുവർത്തിക്കാൻ നാം പലതവണ അവരോട് അഭ്യർത്ഥിക്കുകയുണ്ടായി. പക്ഷേ അവർ വോട്ടിനു വേണ്ടി മാത്രം ഇടതുപക്ഷം ആകുന്ന ഒരു ലൈനാണ് സ്വീകരിച്ചിരിക്കുന്നത്.ഇന്ന് നമ്മൾ മാത്രമാണ് പോരാടുന്ന ഇടതുപക്ഷം. നിങ്ങളോട് എനിക്ക് അഭ്യർത്ഥിക്കാനുള്ളത് സിപിഐ(എം)ന്റെ നയങ്ങൾ കണ്ട് നിങ്ങൾ ഇടതു രാഷ്ട്രീയത്തെ തള്ളിപ്പറയരുത് എന്നാണ്. യഥാർത്ഥ മാർക്സിസ്റ്റുകൾ എന്ന നിലയിൽ നമ്മളാണ് ഇന്ന് സമരോത്സുകമായ ഇടതുപക്ഷത്തിന്റെ പതാക ഉയർത്തിപ്പിടിക്കുന്നത്. നമ്മളും സിപിഐ(എം)ഉം തമ്മിലുള്ള വ്യത്യാസം ഇവിടെയാണ്.

രാഷ്ട്രീയ നേട്ടങ്ങൾക്കുവേണ്ടി മതമൗലികവാദത്തിന്റെ വിഷം ചീറ്റുന്നു

ഇതോടൊപ്പം തന്നെ മറ്റൊരു അപകടം നമ്മുടെ നാട്ടിൽ തലപൊക്കിയിരിക്കുന്നു–ഫാസിസം എന്ന മഹാവിപത്ത്. കുത്തകകളുടെ പിന്തുണയോടെ അധികാരത്തിൽവന്നിരിക്കുന്ന ആർഎസ്എസ്–ബിജെപി സംഘം വർഗീയ ഹിന്ദുത്വത്തിന്റെ മുദ്രാവാക്യമുയർത്തി രാജ്യത്ത് അങ്ങേയറ്റം ആപത്കരമായ ഒരു അന്തരീക്ഷം സൃഷ്ടിച്ചിരിക്കുകയാണ്. ഇത് വർഗ്ഗ–ബഹുജന മുന്നേറ്റത്തിന് വലിയ തടസവും ഭീഷണിയുമാണ് സൃഷ്ടിച്ചിരി ക്കുന്നത്. ഹിന്ദുത്വവാദികൾ ഗുജറാത്തിൽ നടപ്പാക്കിയ ക്രൂരമായ മുസ്ലിം വംശഹത്യയെക്കുറിച്ച് നമുക്കറിയാം. പിന്നീട് സമാനമായ വർഗീയ കലാപങ്ങൾ ഡൽഹിയിലും രാജ്യത്തിന്റെ മറ്റ് ഭാഗങ്ങളിലും നടമാടുകയുണ്ടായി. ഈയിടെയായി വർഗീയ ചേരിതിരിവ് രൂക്ഷമാക്കാൻ അവർ രാംനവമി ജാഥകൾക്കിടെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിക്കുന്നു, പള്ളികൾക്ക് മുകളിൽ കാവി പതാക ഉയർത്തുന്നു, ബാങ്ക് വിളി നിരോധിക്കുന്നു, മുസ്ലീങ്ങളുടെ വീടുകൾ ബുൾഡോസർ ഉപയോഗിച്ച് ഇടിച്ചു തകർക്കുന്നു. നാട്ടിൽ വർഗീയ ചേരിതിരിവ് രൂക്ഷമാക്കാനും ആത്മീയ പാരമ്പര്യ വാദങ്ങളിൽ ആളുകളെ തളച്ചിടാനും വേണ്ടിയാണ് അവർ ഇതെല്ലാം ചെയ്യുന്നത്. ഇത്തരം കുതന്ത്രങ്ങൾക്ക് തുടക്കമിട്ടത് കോൺഗ്രസ് ആണ്. ബിജെപി അതിനെ ഒരു പുതിയ തലത്തിലേക്ക് ഉയർത്തിക്കൊണ്ട് തങ്ങളുടേതാക്കി മാറ്റിയിരിക്കുന്നു. ചൂഷിത ജനങ്ങൾക്കിടയിലുള്ള ഐക്യം തകർക്കുകയാണ് ഇതിന്റെ പിന്നിലുള്ള ലക്ഷ്യം. ജനങ്ങൾ വിലക്കയറ്റത്തിനും തൊഴിലില്ലായ്മക്കും തൊഴിൽ നഷ്ടത്തിനും എതിരെ ഒറ്റക്കെട്ടായി ഗവൺമെന്റിനെതിരെ തിരിയുന്നതിന് തടയിടാൻ അവരെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കുന്നു. നിങ്ങൾ ഒരു ഹിന്ദുവാണെങ്കിൽ ആരാണ് നിങ്ങളുടെ ശത്രു? മുസ്ലീങ്ങളാണ് ഹിന്ദുക്കളുടെ ശത്രുക്കൾ എന്ന് വരുത്തിതീർക്കുന്നു; തിരിച്ചും. മുസ്ലിം വിരോധത്തോടുകൂടിയുള്ള ഒരു വർഗീയ ഹിന്ദു മനോഭാവം രാജ്യം മുഴുവനും പകർച്ചവ്യാധി പോലെ പടർന്നിരിക്കുകയാണ്. ഹിന്ദുക്കൾക്കിടയിൽ തന്നെ താഴ്ന്ന ജാതിക്കാർ എന്ന് പറയപ്പെട്ടുന്നവർ പ്രബലരായ ഉന്നത ജാതിക്കാരുടെ അടിച്ചമർത്തലിന് വിധേയരായി കഴിയുകയാണ്. അവരെയെല്ലാം ഒറ്റ ബാനറിൽ സംഘടിപ്പിക്കാൻ വേണ്ടി ഹിന്ദുമത ആഘോഷങ്ങൾ എല്ലാം വലിയ രീതിയിൽ സംഘടിക്കപ്പെടുന്നു. ഒട്ടനവധി ഹിന്ദു ദൈവങ്ങളെ ആരാധിക്കുന്നുണ്ട്– രാം, ഹനുമാൻ എന്നിങ്ങനെ. എൻറെ അഭിപ്രായത്തിൽ, എന്തിന് ഹനുമാനിൽ നിർത്തണം? എന്തുകൊണ്ട് വിഭീഷണനെയും ആരാധിച്ചു കൂടാ? ലങ്ക കീഴടക്കാൻ രാമന് ഏറ്റവും കൂടുതൽ സഹായം ലഭിച്ചത് വിഭീഷണനിൽ നിന്നാണ്. വിഭീഷണന്റെ സഹായമില്ലാതെ രാമന് രാവണനെ പരാജയപ്പെടുത്താൻ സാധിക്കുമായിരുന്നില്ല. അതുകൊണ്ട് ഇനി വിഭീഷണപൂജയും കൂടെ ആരംഭിക്കണം എന്നാണ് എന്റെ പക്ഷം.

ബിജെപിയുടെ കൂടെ ഇത്തരം പൂജകൾക്ക് മറ്റു പാർട്ടികളും ഉണ്ട്. ഇത്തരം മതപരമായ ചടങ്ങുകൾ എത്രകണ്ട് വർദ്ധിക്കുന്നു അത്രതന്നെ തിന്മകളിൽ രാജ്യമൊട്ടാകെ ആണ്ടു കിടക്കുകയാണ്. തെരഞ്ഞെടുപ്പ് സമയത്ത് മാധ്യമങ്ങളുടെ അകമ്പടിയോടെ എല്ലാ പാർട്ടികളും പള്ളിയിലും അമ്പലത്തിലും കയറിയിറങ്ങും. ഈയൊരു പതിവ് സ്വാതന്ത്ര്യസമരകാലത്ത് ഉണ്ടായിരുന്നില്ല. വോട്ടിനു വേണ്ടി മതത്തെ ഉപയോഗിക്കുകയാണ് ഇവിടെ. ഹിന്ദുക്കളുടെയും മുസ്ലീങ്ങളുടെയും വോട്ട് ആവശ്യമുള്ള ടിഎംസി യെ പോലുള്ള പാർട്ടികൾ ആദ്യം അമ്പലത്തിൽ പോയി പൂജ ചെയ്യും, എന്നിട്ട് പള്ളികളിൽ പോയി നിസ്കാരത്തിൽ പങ്കുചേരും. ഇങ്ങനെ രണ്ട് സമുദായങ്ങളെയും മാറിമാറി പ്രീണിപ്പിച്ച് വോട്ട് നേടുകയാണ് ലക്ഷ്യം. ഇത്തരം ഇരട്ടത്താപ്പ് സ്വാതന്ത്ര്യസമരകാലത്ത് ഇല്ലായിരുന്നു. ഇപ്പോൾ മതം ഉപയോഗിച്ചാണ് തെരഞ്ഞെടുപ്പിൽ ജയിക്കുന്നത്. ഇതുകൂടാതെ ഹിന്ദുക്കൾക്കിടയിൽ തന്നെ പല വിഭാഗങ്ങളായി ഭിന്നിപ്പ് ഉണ്ടാക്കിയിട്ടുണ്ട്. ദളിത്, ഒബിസി, എസ് സി, എസ് ടി എന്നിങ്ങനെ. തിരഞ്ഞെടുപ്പിന്റെ കണക്കുകൂട്ടലുകൾക്ക് അനുസരിച്ച് വിവിധ ജാതികളായും മതങ്ങളായും ജനങ്ങളെ ഭിന്നിപ്പിച്ചിരിക്കുകയാണ്. ആദിവാസികൾ മറ്റൊരു വോട്ട് ബാങ്ക് ആണ്. മറ്റൊരു ദുരുദ്ദേശം കൂടെ ഇങ്ങനെ ഭിന്നിപ്പിക്കുന്നതിന് പിറകിലുണ്ട്. മനുഷ്യരുടെ മനസ്സിനെ മതാന്ധത മൂടിക്കഴിഞ്ഞാൽ പിന്നെ അവർ തങ്ങളുടെ ദുരിതത്തിന് മുതലാളിത്തത്തെ കുറ്റപ്പെടുത്തുകയില്ല. എല്ലാ ദുരിതങ്ങളും വിധിയാണെന്നും ദൈവഹിതം ആണെന്നും കരുതി സമാധാനിച്ചു കൊള്ളും. ഹിന്ദുക്കൾ കരുതുന്നത് തങ്ങളുടെ ദുരിതങ്ങൾ മുജ്ജന്മ പാപങ്ങളുടെ ഫലമാണെന്നാണ്. ഹിന്ദു വർഗീയതയെ ചെറുക്കാൻ എന്ന പേരിൽ മുസ്ലിം വർഗീയതയും വളർന്നു വരുന്നുണ്ട്. ഈ മതാന്ധതയും മതവിദ്വേഷവും അങ്ങേയറ്റം അപകടകരമാണ്. തീവ്രമായ ഒരു പ്രത്യയശാസ്ത്ര സമരത്തിലൂടെ ആർഎസ്എസിന്റെയും ബിജെപിയുടെയും ആശയങ്ങളെ പരാജയപ്പെടുത്തിയിട്ടില്ലെങ്കിൽ അധികാരം നഷ്ടപ്പെട്ടാലും അവർ വമിക്കുന്ന വിഷം ഇവിടെ അവശേഷിക്കും എന്ന കാര്യം മറക്കരുത്.

ഇന്ത്യയുടെ സവിശേഷ സാഹചര്യങ്ങൾക്ക് അനുസരിച്ച് ശാസ്ത്രീയമായി മാർക്സിസം – ലെനിനിസം പ്രയോഗിക്കുന്നതിന്റെ അടിയന്തരാവശ്യകത മനസ്സിലാക്കിക്കൊണ്ട് ആ യജ്ഞം ഏറ്റെടുത്തത് സഖാവ് ശിബ്ദാസ് ഘോഷ് ആണ്. അങ്ങനെ മാർക്സിസം ഈ മണ്ണിൽ മൂർത്തവൽക്കരിക്കുന്നതിനുള്ള സമരത്തിന്റെ ഭാഗമായി ലെനിനനന്തര കാലഘട്ടത്തിൽ തത്വചിന്തയിലും രാഷ്ട്രീയം, ശാസ്ത്രം, കല, സംസ്കാരം എന്നിങ്ങനെ ജീവിതത്തിന്റെ നാനാ മേഖലകളിലും ഉയർന്നുവന്ന ചോദ്യങ്ങൾക്ക് ഉത്തരം നൽകാൻ അദ്ദേഹത്തിന് സാധിച്ചു.

സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

ആർഎസ്എസും ബിജെപിയും ചെയ്യുന്ന കാര്യങ്ങൾക്ക് ഹിന്ദുമതവുമായി ബന്ധമില്ല

പത്തൊമ്പതാം നൂറ്റാണ്ടിലെ ഒരു മഹാത്മാവിന്റെ വാക്കുകൾ ഞാൻ ഉദ്ധരിക്കട്ടെ: " മുസ്ലീങ്ങൾ ഇന്ത്യയെ കീഴ്പ്പെടുത്തിയതിനു ശേഷം ആണ് ഇവിടത്തെ പാവങ്ങൾ മോചനം എന്തെന്നറിഞ്ഞത്. അതുകൊണ്ടാണ് ഈ നാടിന്റെ അഞ്ചിൽ ഒന്നും മുസ്ലീങ്ങൾ ആയത്. അത് ആയുധബലം കൊണ്ട് സാധിച്ചതല്ല. ആയുധബലം കൊണ്ടോ നശീകരണ ശക്തി കൊണ്ടോ അത് സാധിക്കുമെന്ന് വിശ്വസിക്കുന്നത് ശുദ്ധ ഭ്രാന്താണ്. ഈ നാട്ടിലെ പാവങ്ങൾക്ക് തങ്ങളുടെ ജന്മിമാരുടെയും പുരോഹിതന്മാരുടെയും കരാളഹസ്തങ്ങളിൽനിന്ന് രക്ഷപ്പെടാൻ മറ്റു മാർഗ്ഗങ്ങൾ ഇല്ലായിരുന്നു." മറ്റൊരിടത്ത് അദ്ദേഹം പറഞ്ഞു:"ഒരു മതവും മനുഷ്യരെ പീഡിപ്പിച്ചിട്ടില്ല. ഒരു മതവും ദുർമന്ത്രവാദികൾ എന്ന് ആരോപിച്ച് മനുഷ്യരെ കത്തിച്ചിട്ടില്ല. മതങ്ങൾ അങ്ങനെയൊന്നും ചെയ്യുകയില്ല. പിന്നെ ആരാണ് ആളുകളെ ഇളക്കിവിട്ട് ഇതെല്ലാം ചെയ്യിക്കുന്നത്? അത് രാഷ്ട്രീയമാണ്, മതമല്ല. അത്തരം രാഷ്ട്രീയം മതത്തിന്റെപേരിൽ ഇതെല്ലാം ചെയ്യുന്നുവെങ്കിൽ അത് ആരുടെ കുറ്റം കൊണ്ടാണ്?" കൂടാതെ, "എനിക്കൊരു മകൻ ഉണ്ടായിരുന്നെങ്കിൽ അവനെ ഞാൻ മതം ഒന്നും പഠിപ്പിക്കുമായിരുന്നില്ല; നിശബ്ദനായി ഏകാഗ്രനായി ഇരുന്ന് മന്ത്രങ്ങൾ ഉരുവിടാനും പ്രാർത്ഥിക്കാനും പഠിപ്പിക്കും. വളർന്നു കഴിയുമ്പോൾ മറ്റുള്ളവരുടെ അഭിപ്രായങ്ങളിൽനിന്നും ഉപദേശങ്ങളിൽ നിന്നും അവൻ അവന്റേതായ സത്യം കണ്ടെത്തിക്കോളും. യാതൊരു പ്രയാസമോ അഭിപ്രായവ്യത്യാസങ്ങളോ ഇല്ലാതെ വളരെ സ്വാഭാവികമായും പൂർണ സ്വാതന്ത്ര്യത്തോടെയും എന്റെ മകന് ഒരു ബുദ്ധമത വിശ്വാസിയായും ഭാര്യക്ക് ക്രിസ്ത്യാനിയായും എനിക്ക് മുസ്ലിമായും ഒരുമിച്ച് ജീവിക്കാൻ സാധിക്കും. ഞാൻ വായിച്ചത് രാമകൃഷ്ണ മിഷൻ പ്രസിദ്ധീകരിച്ച സ്വാമി വിവേകാനന്ദന്റെ പ്രസംഗങ്ങളിൽ നിന്നുള്ള ഭാഗങ്ങളാണ്. ബിജെപി ആർഎസ്എസിന്റെ അഭിപ്രായത്തിൽ വിവേകാനന്ദൻ ഒരു യഥാർത്ഥ ഹിന്ദുവാണോ? വിവേകാനന്ദന്റെ ഗുരുവായിരുന്ന ശ്രീരാമകൃഷ്ണൻ കാളിയെ ആരാധിച്ചിരുന്നപ്പോൾ തന്നെ പള്ളികളിൽ പോയി പ്രാർത്ഥിക്കുകയും നമസ്കരിക്കുകയും ചെയ്തു. പാനി എന്ന് പറഞ്ഞാലും ജലം എന്നു പറഞ്ഞാലും വെള്ളമാണെന്നതുപോലെ ഭഗവാൻ, അല്ലാഹു എന്നിവയെല്ലാം ദൈവം തന്നെയെന്ന് അദ്ദേഹം പറഞ്ഞു. ഈ ശ്രീരാമകൃഷ്ണൻ ഹിന്ദു ആയിരുന്നില്ലേ? ആർഎസ്എസും ബിജെപിയും ചെയ്യുന്ന കാര്യങ്ങൾക്ക് യഥാർത്ഥ ഹിന്ദുമതവുമായി യാതൊരു ബന്ധവുമില്ല. മതം ഒരിക്കലും മനുഷ്യനെ പീഡിപ്പിക്കാൻ പഠിപ്പിക്കുന്നില്ല എന്ന് വിവേകാനന്ദൻ പറഞ്ഞത് നിങ്ങൾ കേട്ടു. രാഷ്ട്രീയം, വൃത്തികെട്ട അധികാര രാഷ്ട്രീയം, ആണ് മനുഷ്യനെയും മനുഷ്യനെയും തമ്മിലടിപ്പിക്കുന്നത്. ആ രാഷ്ട്രീയമാണ് ആർഎസ്എസിന്റെയും ബിജെപിയുടെയും രാഷ്ട്രീയം. ആർഎസ്എസിന്റെയും ബിജെപിയുടെയും ഈ തരത്തിലുള്ള ഹിന്ദുത്വത്തെ പിന്തുണക്കുവാൻ സാധിക്കുകയില്ല. ഞങ്ങൾ മാർക്സിസ്റ്റുകാർ നിരീശ്വരവാദികളാണ്. വിവേകാനന്ദന്റെ ആത്മീയതത്വചിന്തയോട് ഞങ്ങൾക്ക് വിയോജിപ്പുണ്ട്. പക്ഷേ അദ്ദേഹത്തെ ഞങ്ങൾ ബഹുമാനിക്കുന്നു. അദ്ദേഹം ഒരു ദേശീയ വാദിയും മനുഷ്യസ്നേഹിയുമായിരുന്നു. അദ്ദേഹത്തിന്റെ ജനപക്ഷത്തു നിൽക്കുന്ന ധീരമായ അഭിപ്രായങ്ങളോട് ഞങ്ങൾക്ക് പൂർണ്ണ യോജിപ്പാണ്. എല്ലാ മഹാന്മാരെയും ബഹുമാനിക്കണം എന്നാണ് സഖാവ് ശിബ്ദാസ് ഘോഷ് ഞങ്ങളെ പഠിപ്പിച്ചിട്ടുള്ളത്.

ബിജെപിയുടെ വിദ്യാഭ്യാസ നയം നവോത്ഥാനത്തിന്റെ ചിന്തകൾക്ക് എതിരാണ്

ഈയവസരത്തിൽ മറ്റൊരു വിഷയംകൂടെ നിങ്ങൾക്ക് മുൻപിൽ അവതരിപ്പിക്കട്ടെ. ബിജെപി ഇപ്പോൾ പുതിയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി പുരാണ

(ശേഷം 10–ാം പേജിൽ)

ഇലന്തൂർ ആഭിചാര കൊല : കുറ്റവാളികൾക്ക് കർശന ശിക്ഷ ഉറപ്പാക്കുക; സംഭവത്തെക്കുറിച്ച് പഴുതില്ലാത്ത അന്വേഷണം നടത്തുക; അശാസ്ത്രീയതയും അന്ധവിശ്വാസവും തടയാനുള്ള നടപടി സ്വീകരിക്കുക

പത്തനംതിട്ട ഇലന്തൂരിൽ നടന്ന ആഭിചാര കൊലപാതകങ്ങളെ എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റി ശക്തമായി അപലപിച്ചു. സംഭവത്തെക്കുറിച്ച് സമഗ്രവും പഴുതില്ലാത്തതുമായ അന്വേഷണം നടത്തണമെന്നും കിരാതമായ ഈ സംഭവത്തിൽ ഉൾപ്പെട്ട മുഴുവൻ പ്രതികൾക്കും കർശന ശിക്ഷ ഉറപ്പാക്കണമെന്നും എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) ആവശ്യപ്പെട്ടു.

മാസങ്ങൾക്കുമുമ്പ് ഒരു സ്ത്രീയെ കടത്തിക്കൊണ്ടുവരികയും കൊലപ്പെടുത്തുകയും ചെയ്തതിൽ കൃത്യമായി അന്വേഷണം നടന്നിട്ടില്ല എന്നത് ഗുരുതരമായ കൃത്യവിലോപമാണ്. സംഭവം ആവർത്തിക്കാനും ഒരാളുടെ കൂടി ജീവൻ നഷ്ടപ്പെടാനും ഇത് കാരണമായി. വാളയാർ പെൺകുട്ടികളുടെ കൊലപാതകത്തിൽ സംഭവിച്ചകാര്യങ്ങൾ വീണ്ടും ആവർത്തിക്കുന്ന എന്നത് വളരെ ഗൗരവത്തോടെ കാണണം. ഇത്തരം കുറ്റകൃത്യങ്ങളിൽ മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാത്തത് കുറ്റവാളികൾക്ക് അഴിഞ്ഞാടാനുള്ള പ്രോത്സാഹനമായി മാറുകയാണ്.

അന്ധവിശ്വാസ നിർമ്മാർജ്ജന നിയമം നടപ്പിലാക്കണമെന്നാവശ്യപ്പെട്ട് എഐഡിവൈഒ കോട്ടയം നഗരത്തിൽ നടത്തിയ പ്രതിഷേധ പ്രകടനം.

നവോത്ഥാനമുന്നേറ്റങ്ങളിലൂടെ ഒരു കാലത്ത് കേരളം നേടിയെടുത്ത സാംസ്കാരികനിലവാരവും യുക്തിബോധവും അതിവേഗം കൈമോശം വന്നുകൊണ്ടിരിക്കുകയാണ്. അശാസ്ത്രീയതയും അന്ധവിശ്വാസവും പ്രാകൃതമായ അവസ്ഥയിലേക്ക് സമൂഹത്തെ കൊണ്ടുപോകുന്നു. ഇതൊക്കെ തടയാൻ ബാധ്യതയുള്ള സർക്കാർ അതിനു വളംവയ്ക്കുന്ന നടപടികളാണ് കൈക്കൊള്ളുന്നത്.

അന്ധവിശ്വാസത്തിലധിഷ്ഠിതമായ പ്രവൃത്തികളെ തടയുന്ന നിയമം പാസ്സാക്കാൻ കാണിക്കുന്ന ബോധപൂർവമുള്ള അലംഭാവം സംസ്ഥാന സർക്കാരിന്റെ ഇക്കാര്യത്തിലുള്ള സമീപനം വ്യക്തമാക്കുന്നു. പാരമ്പര്യത്തിന്റെ മഹത്വവൽക്കരണത്തിന്റെ പേരിൽ എല്ലാത്തരം അന്ധവിശ്വാസങ്ങളും പുതിയ വിദ്യാഭ്യാസ നയത്തിലൂടെ അടിച്ചേല്പിക്കുവാനുള്ള കേന്ദ്രസർക്കാരിന്റെ നീക്കം നമ്മുടെ സമൂഹത്തിന്റെ അധഃപതനത്തിനു ആക്കം കൂട്ടും. ഇത്തരം പൈശാചിക സംഭവങ്ങൾ നാട്ടുനടപ്പാവുന്ന അവസ്ഥ സൃഷ്ടിക്കപ്പെടും. പെട്ടെന്ന് ധനികരാവാൻ ലോട്ടറിച്ചൂതാട്ടവും സഹകരണബാങ്ക് തട്ടിപ്പും കൊള്ളയും കൊലപാതകങ്ങളും മുതൽ ആഭിചാരകൊലവരെ ചെന്നെത്തുന്ന സാഹചര്യം മുതലാളിത്ത വ്യവസ്ഥയുടെ ജീർണതയാണ് വെളിവാക്കുന്നത്. ചിന്തയിലും സമീപനത്തിലും ശാസ്ത്രീയ ആഭിമുഖ്യം വച്ചു പുലർത്തിക്കൊണ്ട് ജീവിത പ്രതിസന്ധികളെയും പ്രശ്നങ്ങളെയും വസ്തുനിഷ്ഠമായി മനസ്സിലാക്കുന്നതിനും ശാസ്ത്രീയ പരിഹാരം തേടുന്നതിനും സമൂഹം ഒരു പുതിയ സാംസ്കാരിക ഉണർവിന് തയാറാവണമെന്നും പ്രസ്താവന ചൂണ്ടിക്കാണിക്കുന്നു. ■

മുതലാളിത്തം നിലനിൽക്കുന്നിടത്തോളം ജനങ്ങൾക്കുമേലുള്ള ചൂഷണവും അടിച്ചമർത്തലും മർദ്ദനവും തുടരും

സഖാവ് പ്രൊവാഷ് ഘോഷിന്റെ പ്രസംഗം

(9–ാം പേജിൽ നിന്ന്)

കഥകളും മിത്തുകളും ഗീതാപഠനവും സരസ്വതി പൂജയും പാഠ്യ പദ്ധതിയിൽ കുത്തിത്തിരുകുന്നത് നവോത്ഥാനകാല ചിന്തകൾക്ക് എതിരാണ്. ഇന്ത്യൻ നവോത്ഥാനത്തിന്റെ അഗ്രഗാമിയായിരുന്ന രാജാറാം മോഹൻ റോയ് അക്കാലത്തെ ബ്രിട്ടീഷ് ഭരണാധികാരികൾക്ക് എഴുതി:" ഈ നാടിനെ അന്ധകാരത്തിൽ ആഴ്ത്തിനിർത്താനുള്ള ഏറ്റവും കൽസിതമായ മാർഗമാണ് സംസ്കൃത വിദ്യാഭ്യാസം. ഇന്ത്യയിൽ മുൻപേ തന്നെ ഉള്ള സംസ്കൃതം പഠിപ്പിക്കാൻ ഹിന്ദു പണ്ഡിറ്റുകളുടെ നേതൃത്വത്തിൽ ഗവൺമെന്റുതന്നെ സംസ്കൃത പാഠശാലകൾ ആരംഭിക്കുന്നതാണ് നാം കാണുന്നത്. 2000 വർഷം മുൻപുള്ള അറിവും പിന്നെ അതിനോട് ചില ഊഹാപോഹങ്ങളുടെഅടിസ്ഥാനത്തിൽക്കൂട്ടിച്ചേർത്ത കഴമ്പില്ലാത്തതും പൊങ്ങച്ചം കാണിക്കാൻ മാത്രം ഉതകുന്നതുമായ ചില വിശദാംശങ്ങളും മാത്രമായിരിക്കുംഅവിടെ വിദ്യാർത്ഥികൾ പഠിക്കുക... ഗോചരമായതൊന്നും യാഥാർത്ഥ്യമല്ലെന്ന് പറയുന്ന വേദാന്തം പഠിക്കുകവഴി നമ്മുടെ യുവാക്കൾ നല്ല സാമൂഹ്യ ജീവികളോ പൗരന്മാരോ ആകാൻ പോകുന്നില്ല.. നാട്ടുകാരുടെ ഉന്നമനം ആണ് ഗവൺമെന്റിന്റെ ലക്ഷ്യം എന്നിരിക്കെ ശാസ്ത്രം,ഗണിതം, ശരീരശാസ്ത്രം, തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുന്ന കൂടുതൽ ഉദാരമായതും വിശാലമായതുമായ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുകയാണ് ഗവൺമെന്റ് ചെയ്യേണ്ടത്." പിന്നീട് വിദ്യാസാഗർ ഒരു പടി കൂടെ കടന്ന്, "മറ്റ് ചില കാരണങ്ങളാൽ, അതിവിടെ പറയേണ്ടതില്ല, സംസ്കൃത കോളേജുകളിൽ വേദാന്തവും സാംഖ്യവും പഠിപ്പിക്കാൻ നാം നിർബന്ധിതരാണ്. ഇവ കപട തത്വചിന്തകളാണെന്ന കാര്യത്തിൽ ആർക്കും തർക്കമുണ്ടാവില്ല. എങ്കിലും ഹിന്ദുക്കൾക്ക് അവയോട് അടക്കാനാവാത്ത ബഹുമാനവും ആണ്. അതുകൊണ്ടുതന്നെ അവ പഠിപ്പിക്കുമ്പോൾ അതോടൊപ്പം തന്നെ അവയുടെ ദുഃസ്വാധീനത്തിൽ നിന്നും വിദ്യാർത്ഥികളെ മോചിപ്പിക്കാൻ വേണ്ടി നാം ഇംഗ്ലീഷിൽ ഉള്ള ശരിയായ തത്വചിന്തകൾ കൂടെ പഠിപ്പിക്കേണ്ടതുണ്ട്", എന്നു പറഞ്ഞു. വിദ്യാസാഗർ ഒരു വിശ്വാസിയായിരുന്നില്ല. എങ്കിലും ഇന്ത്യയെമ്പാടുമുള്ള ജനങ്ങൾ അദ്ദേഹത്തെ ബഹുമാനപുരസരം വണങ്ങി. ഒരിക്കൽ അദ്ദേഹത്തോടുള്ള ബഹുമാനാർത്ഥം, ദക്ഷിണേശ്വരിലെ പ്രശസ്തമായ കാളി ക്ഷേത്രം സന്ദർശിക്കാൻ അദ്ദേഹത്തെ ക്ഷണിക്കുവാൻ വേണ്ടി ശ്രീരാമകൃഷ്ണ പരമഹംസർ വിദ്യാസാഗറെ നേരിട്ട് അദ്ദേഹത്തിന്റെ വീട്ടിൽ ചെന്ന് കാണുകയുണ്ടായി. എന്നാൽ ദൈവവിശ്വാസി അല്ലാത്തതിനാൽ വിദ്യാസാഗർ ആ ക്ഷണം നിരസിക്കുകയാണ് ഉണ്ടായത്. വിവേകാനന്ദൻ വിദ്യാസാഗറെ ഏറ്റവും ബഹുമാന്യനായ മനുഷ്യനാണെന്നാണ് വിശേഷിപ്പിച്ചത്. രാം മോഹൻ, വിദ്യാസാഗർ, ജ്യോതിദാ ഫൂലെ, പിൽക്കാലത്ത് രവീന്ദ്രനാഥ് ടാഗോർ, പ്രേംചന്ദ്, സുബ്രഹ്മണി ഭാരതി തുടങ്ങിയ നവോത്ഥാന നായകരുടെ ഉന്നത ചിന്താഗതികൾ ഉപേക്ഷിച്ച് ആർഎസ്എസും ബിജെപിയും കടുത്ത അന്ധകാരത്തിലേക്കാണ് രാജ്യത്തെ നയിക്കുന്നത്.

ആർഎസ്എസ് സ്വാതന്ത്ര്യ സമരത്തെ എതിർത്തു

ഇന്ന് ആർഎസ്എസുകാർ ദേശീയതയെ കറിച്ച് വാചാലരാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമരകാലത്ത് ആർഎസ്എസിന്റെയും ബിജെപിയുടെ മുൻഗാമികളായ ഹിന്ദുമഹാസഭയുടെയും നിലപാട് എന്തായിരുന്നു എന്ന് നിങ്ങൾ അറിയേണ്ടതുണ്ട്. അവരുടെ പുസ്തകങ്ങളെല്ലാം ഇതാ എന്റെ കൈയിൽ ഉണ്ട്. ഹിന്ദുമഹാസഭയുടെ അന്നത്തെ നിലപാടുകൾ ഞാൻ വായിക്കാം. ആർഎസ്എസിന്റെ ആചാര്യന്മാരിലുള്ള ഒരാളായ എംഎസ് ഗോൾവർക്കർ തൻ്റെ 'Bunch of thoughts', 'We and our nationhood defined' എന്നീ പുസ്തകങ്ങളിൽ എഴുതിയത് ബ്രിട്ടീഷ് ഗവൺമെന്റിനെതിരെയുള്ള സ്വാതന്ത്ര്യ സമരം പിന്തിരിപ്പൻ ആണെന്നാണ്. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത എല്ലാ നേതാക്കളും പിന്തിരിപ്പന്മാരാണ്. കാരണം അവരാരും ഒരു ഹിന്ദു രാഷ്ട്രത്തെ സ്ഥാപിക്കുന്നതിന് പിന്തുണച്ചിട്ടില്ല. അതുകൊണ്ടുതന്നെ ഹിന്ദുമഹാസഭയുടെ ഒരു നേതാവും സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്തിരുന്നില്ല. വി ഡി സവർക്കർ ആദ്യകാലത്ത് അനുശീലൻ സമിതിയുടെ പ്രവർത്തകനായിരുന്നു. അക്കാലത്ത് ജയിലിൽ ആവുകയും ചെയ്തു. എന്നാൽ ജയിലിൽനിന്ന് ഒന്നിന് പിറകെ ഒന്നായി ബ്രിട്ടീഷ് ഭരണാധികാരികളോട് ദയക്കപേക്ഷിച്ച് നിവേദനങ്ങൾ അയച്ചു കൊണ്ടിരുന്നു. ഒടുവിൽ പുറത്തിറങ്ങിയാൽ എല്ലാവിധത്തിലും ബ്രിട്ടീഷ് ഗവൺമെന്റിനെ പിന്തുണയ്ക്കുന്നതാണെന്ന് ഒരു ഉറപ്പ് എഴുതിക്കൊടുത്തതിനുശേഷമാണ് ജയിൽ വിമോചിതനായത്. ആ കത്തുകളുടെ പകർപ്പുകൾ നമ്മുടെ കൈയിൽ ഉണ്ട്. 1937ൽ ആദ്യമായി ഹിന്ദുക്കളും മുസ്ലീങ്ങളും രണ്ടുരാഷ്ട്രങ്ങൾ ആണെന്ന് പറഞ്ഞത് സവർക്കർ ആയിരുന്നു. മുസ്ലിംലീഗ് സ്ഥാപകനായ മുഹമ്മദലി ജിന്ന ഈ വാദം ഏറ്റെടുക്കുന്നത് പിന്നീട് 1939 ലാണ്. അങ്ങനെയാണെങ്കിൽ ആരാണ് രാജ്യം വിഭജിക്കപ്പെട്ടതിന്റെ ഉത്തരവാദികൾ?

ആർഎസ്എസും ഹിന്ദുമഹാസഭയും 1942ലെ ആഗസ്റ്റ് പ്രസ്ഥാനത്തെ എതിർത്തു. രണ്ടാം ലോകമഹായുദ്ധകാലത്ത് ഹിന്ദുമഹാസഭയും മുസ്ലിം ലീഗും ചേർന്ന് അവിഭക്ത ബംഗാൾ, സിന്ധ്, വടക്ക് പടിഞ്ഞാറൻ അതിർത്തി പ്രവിശ്യകൾ എന്നിവിടങ്ങളിൽ മുന്നണി സർക്കാർ രൂപീകരിച്ചെന്ന് കേട്ടാൽ നിങ്ങൾക്ക് അത്ഭുതം തോന്നും. ബംഗാളിൽ മുസ്ലിംലീഗിന്റെ ഫൈസുൾ ഹഖ് മുഖ്യമന്ത്രിയും ഹിന്ദുമഹാസഭയുടെ ശ്യാമപ്രസാദ് മുഖർജി ഉപ മുഖ്യമന്ത്രിയുമായി. 1942ലെ പ്രക്ഷോഭത്തെ എതിർത്തുകൊണ്ടും ബ്രിട്ടീഷ് സർക്കാരിന് എല്ലാവിധ സഹായസഹകരണങ്ങളും വാഗ്ദാനം ചെയ്തുകൊണ്ടും സവർക്കർ ബ്രിട്ടീഷ് അധികാരികൾക്ക് വീണ്ടും കത്ത് എഴുതുകയുണ്ടായി. ഇങ്ങനെയുള്ളവരാണ് ഇന്ന് നമ്മുടെ നാട്ടുകാരെ രാജ്യസ്നേഹം പഠിപ്പിക്കാൻതുനിഞ്ഞിറങ്ങിയിരിക്കുന്നത്! ആർഎസ്എസ് ബിജെപിക്കാർ നവോത്ഥാനത്തിനും ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിനും എതിരു നിന്നവരാണെന്ന് മാത്രമല്ല യഥാർത്ഥ ഹിന്ദുമതത്തിനും അവരെതിരാണ്. വിവേകാനന്ദൻ പറഞ്ഞതുപോലെ മനുഷ്യരെ തമ്മിലടിപ്പിച്ച് മുതലെടുക്കുന്ന രാഷ്ട്രീയം മാത്രമാണ് അവരുടേത്. ഈ വിഷയങ്ങൾ നിങ്ങൾ പരിശോധനയ്ക്ക് വിഷയമാക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

(അടുത്ത ലക്കത്തിൽ തുടരും)

ആശാപ്രവർത്തകരുടെ സമ്മേളനം

കേരള ആശ ഹെൽത്ത് വർക്കേഴ്സ് അസ്സോസിയേഷൻ ആലപ്പുഴ ജില്ലാസമ്മേളനം എഐയുറ്റിയുസി സംസ്ഥാന സെക്രട്ടറി സഖാവ് വി.കെ.സദാനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.

ജനാഭിപ്രായങ്ങളെ അവഗണിക്കുകയും ജനാധിപത്യ സമരങ്ങളെ അടിച്ചമർത്തുകയും ചെയ്യുന്ന കേരളഭരണം

ജനാധിപത്യത്തിന്റെ കാതൽ, എതിർപ്പിന്റെ സ്വരവും പ്രതിഷേധത്തിനുള്ള സ്വാതന്ത്ര്യവും അതിനോട് തുറന്ന മനസ്സ സ്വീകരിക്കുന്ന ഭരണകൂട സമീപനവുമാണ്. എന്നാൽ മുതലാളിത്തം കൂടുതൽ പ്രതിസന്ധികളിലേക്ക് പതിക്കുന്ന ഈ കാലഘട്ടത്തിൽ, ഈ അടിസ്ഥാന ജനാധിപത്യ സ്വഭാവം തന്നെ അവർക്ക് നഷ്ടമാവുകയാണ്. തങ്ങളുടെ വർഗ്ഗത്തിന്റെ താല്പര്യത്തിന് വിരുദ്ധമായ പ്രതിഷേധത്തിന്റെ ചെറുസ്വരത്തെ പോലും അതിഭീഷണമായി അടിച്ചമർത്താനുള്ള പ്രവണത ലോകമെമ്പാടുമുള്ള മുതലാളിവർഗ്ഗ ഭരണകൂടങ്ങളുടെ വർഗ്ഗസ്വഭാവമായി മാറിയിരിക്കുന്നു. ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല എന്ന് നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. എന്നാൽ, 'ഇടതുപക്ഷമെന്നും', 'കമ്മ്യൂണിസ്റ്റ്' എന്നുമൊക്കെ സ്വയം വിളിച്ചുകൊണ്ട് അധികാരത്തിലിരിക്കുന്ന കേരളത്തിലെ സർക്കാരും, കൃത്യമായി ഇതേ വർഗ്ഗ സ്വഭാവംതന്നെ കാണിക്കുന്നതാണ് നമ്മൾ ഇന്ന് കാണുന്നത്. പ്രതിഷേധങ്ങളെ ഭരണകൂട സംവിധാനങ്ങൾ ഉപയോഗിച്ച് സർക്കാർ അടിച്ചമർത്താൻ ശ്രമിക്കുന്ന ജനാധിപത്യവിരുദ്ധനയമാണ് ഒന്നാമത്തെയും രണ്ടാമത്തെയും പിണറായി വിജയൻ സർക്കാരുകൾ സ്വീകരിച്ചു പോരുന്നത്. ഇടതുപക്ഷ രാഷ്ട്രീയത്തിന്റെ സഹജ സ്വഭാവമായ, മുതലാളിത്ത നയങ്ങൾക്കെതിരെയുള്ള സമരങ്ങളെ പോലും പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്താൻ ശ്രമിക്കുകയും, അതിനെ ഉളുപ്പില്ലാത്ത ന്യായീകരിക്കുകയും ചെയ്യുന്നവർ എന്ത് ഇടതുപക്ഷ രാഷ്ട്രീയമാണ് ഉയർത്തിപ്പിടിക്കുന്നത്? കേന്ദ്രത്തിലെ സംഘപരിവാർ സർക്കാരിന്റെ വികലനയങ്ങൾക്കെതിരെ സമരം ചെയ്താൽ, അതിനെതിരെ നടപടിയെടുക്കാൻ ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളെക്കാള് ആവേശമാണ് കേരളത്തിലെ പോലീസിന്. കേന്ദ്രത്തിലെ ബിജെപി സർക്കാരിനെതിരെ വാചാടോപം നടത്തുകയും (അതും അപൂർവമായി) എന്നാൽ അവർ കൊണ്ടുവരുന്ന എല്ലാ നയങ്ങളും നടപടികളും അത്യധികം ആവേശത്തോടെ നടപ്പാക്കി വിധേയവേഷം കെട്ടുകയും ചെയ്യുന്ന പിണറായി സർക്കാർ ആരുടെ വർഗ്ഗതാൽപര്യമാണ് ഉയർത്തിപ്പിടിക്കുന്നത്?

പിണറായി വിജയന്റെ ഒന്നാമത്തെയും രണ്ടാമത്തെയും സർക്കാരുകൾ സമരങ്ങളോടും പ്രതിഷേധങ്ങളോടും സ്വീകരിച്ച നടപടികളുടെ ചില ഉദാഹരണങ്ങൾ ഒന്ന് പരിശോധിക്കുക. ഇക്കഴിഞ്ഞ സെപ്റ്റംബർ 19 ന് രാവിലെ, പാലക്കാട് ചിറ്റൂർ ഗവൺമെന്റ് സ്കൂളിനു മുന്നിൽ, പ്രധാനമന്ത്രിക്ക് സമർപ്പിക്കാനുള്ള ഭീമഹർജിയിലേക്ക് ഒപ്പുശേഖരണം നടത്തിക്കൊണ്ടിരുന്ന എഐഡിഎസ്ഒ പ്രവർത്തകരെ പോലീസ് അറസ്റ്റ് ചെയ്തിരുന്നു. വിദ്യാഭ്യാസത്തിന്റെ സമ്പൂർണ്ണ സ്വകാര്യവൽക്കരണവും കേന്ദ്രീകരണവും വർഗീയവൽക്കരണവും ലക്ഷ്യം വയ്ക്കുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിക്കുന്ന ഈ ഭീമഹർജിക്കായി ഒപ്പുശേഖരണം നടത്തിയതാണ് അവർ ചെയ്ത കുറ്റം. ഇതൊരു ഒറ്റപ്പെട്ട സംഭവമല്ല. തികച്ചും സമാധാനപരമായി നടത്തുന്ന ഇത്തരം ഒരു ജനാധിപത്യ പ്രതിഷേധത്തെ എന്തടിസ്ഥാനത്തിലാണ് പോലീസ് തടസ്സപ്പെടുത്തുന്നത്? കേന്ദ്രത്തിലെ ബിജെപി സർക്കാരിന്റെ വിനാശകരമായ ഈ വിദ്യാഭ്യാസനയത്തിനെതിരെ രാജ്യമൊട്ടാകെ നടന്ന ഈ ഒപ്പുശേഖരണത്തിന് ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ പോലും പോലീസ് നടപടി നേരിടേണ്ടി വന്നിട്ടില്ല. അപ്പോൾ കേരളത്തിലെ 'ഇടതുപക്ഷ' സർക്കാരിന്റെ പോലീസ് ആരുടെ നയമാണ് നടപ്പാക്കുന്നത്?

പ്രതിഷേധങ്ങൾക്കെതിരെ തികച്ചും ജനാധിപത്യവിരുദ്ധമായ സമീപനം തന്നെയാണ് പിണറായി വിജയന് കീഴിൽ തുടക്കം തൊട്ടേ പോലീസ് സ്വീകരിച്ചിട്ടുള്ളത്. ജിഷ്ണു പ്രണോയി കേസിൽ ഡിജിപിക്കു പരാതി നൽകാൻ എത്തിയ മഹിജ എന്ന അമ്മയെ തെരുവിൽ വലിച്ചിഴച്ച പോലീസ് നടപടി മറക്കാനാകുമോ? സിപിഎം പ്രവർത്തകരും വിദ്യാർത്ഥികളുമായിരുന്ന അലനും താഹയുമടക്കം നിരവധി പേർക്കെതിരെ യാതൊരു ഔചിത്യവുമില്ലാതെ യുഎപിഎ എന്ന കരിനിയമം പ്രയോഗിക്കപ്പെട്ടില്ലേ? എട്ടു മാവോയിസ്റ്റ് പ്രവർത്തകർക്കെതിരെ ഏകപക്ഷീയമായ ഏറ്റുമുട്ടൽ കൊലപാതകം നടത്തിയതും കസ്റ്റഡി മരണങ്ങളും ജനാധിപത്യത്തിന് ചേർന്നതാണോ? ഇതെല്ലാം ന്യായീകരിച്ചു കൊണ്ട് പോലീസിനെ കയറൂരിവിട്ട ആളാണ് മുഖ്യമന്ത്രി. പുതുവൈപ്പിനിലെ ഐഒസി പ്ലാന്റിനെതിരെ സമരം ചെയ്ത, സ്ത്രീകളും കുട്ടികളും അടക്കമുള്ള നാട്ടുകാരെ ക്രൂരമായി തല്ലിച്ചതച്ചിരുന്നു. അതിനു നേതൃത്വം കൊടുത്ത ഐപിഎസ് ഉന്നതനെതിരെ അനവധി പരാതികൾ ഉയർന്നിട്ടും പിണറായി വിജയൻ സർക്കാർ അയാളെ സംരക്ഷിച്ചു കൊണ്ടിരിക്കുന്നു. പ്രധാനമന്ത്രി നഗരത്തിൽ എത്തുന്നതിനാൽ സമരം അനുവദിക്കില്ല എന്ന് പറഞ്ഞായിരുന്നു പോലീസിന്റെ അതിക്രമം. എന്തൊരു ജനാധിപത്യബോധം! പ്രധാനമന്ത്രി മോദിയുടെ വിശ്വസ്തസേവകരായ കേരളത്തിലെ 'ഇടത്' സർക്കാർ വിനീതരായി പോലീസിനെ ജനങ്ങൾക്കുമേൽ അഴിച്ചുവിട്ടിരിക്കുന്നു.

കോഴിക്കോട് ആവിക്കൽത്തോട്ടിലെ ജനവാസ മേഖലയിൽ സ്ഥാപിക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റിനെതിരെ നടക്കുന്ന ജനകീയ സമരത്തിലെ പോലീസ് ലാത്തിച്ചാർജ്ജും നമ്മൾ ഓർക്കണം. ആലപ്പുഴയിലെ തോട്ടപ്പള്ളിയിൽ അന്യായമായ കരിമണൽ ഖനനത്തിനെതിരെ മാസങ്ങളായി ജനങ്ങൾ പ്രക്ഷോഭരംഗത്താണ്. പ്രക്ഷോഭത്തിന്റെ സംഘാടകനും മുൻ തഹസീൽദാരുമായ സഖാവ് ഭദ്രനെതിരെ വളരെ നിഷ്ഠൂരമായ ബലപ്രയോഗമാണ് തുടക്കത്തിൽ പോലീസ് നടത്തിയത്. ഭയപ്പെടുത്തി സമരം അവസാനിപ്പിക്കാനുള്ള ഈ ശ്രമത്തെ തോൽപ്പിച്ചുകൊണ്ട് അവിടെ ബഹുജന സമരം ഇപ്പോഴും കരുത്തോടെ തുടരുന്നു. പ്രതിഷേധത്തെ ബലം പ്രയോഗിച്ച് അടിച്ചമർത്തുന്ന നയം തന്നെയാണ് അവിടെയും കണ്ടത്. കേരളത്തിലെ ഏറ്റവും വലിയ ജനകീയ സമരമായി മാറിക്കഴിഞ്ഞിരിക്കുന്ന കെ റെയിൽ വിരുദ്ധസമരത്തിനെതിരെയും പോലീസിന്റെ കായികശേഷി കെട്ടഴിച്ചുവിട്ട കാഴ്ച നമ്മൾ കണ്ടതാണ്. സ്വന്തം ഭ്രമിയിലേക്ക് യാതൊരു നടപടിക്രമവും പാലിക്കാതെ കുറ്റിയടിക്കാൻ വന്ന കെ റെയിൽ സംഘത്തിനെതിരെ പ്രതിഷേധിച്ച സാധാരണക്കാരായ വീട്ടമ്മമാർക്ക് നേരെ പോലും യാതൊരു മര്യാദയോ മാന്യതയോ ഇല്ലാതെ പോലീസിന്റെ കയ്യൂക്കുപയോഗിച്ചു. അതും പോരാഞ്ഞ്, എല്ലാ ചട്ടങ്ങളും കാറ്റിൽ പറത്തി നടത്തിയ കെ റെയിൽ കല്ലിടലിനെതിരെ പ്രതിഷേധിച്ച സാധാരണ ജനങ്ങൾക്ക് മേൽ 250 അധികം കേസുകളാണ് പോലീസ് ചുമത്തിയിരിക്കുന്നത്. സിൽവർ ലൈൻ പദ്ധതിയുടെ തന്നെ വിശ്വാസ്യത സംശയത്തിലായപ്പോൾ ഈ കേസുകൾ പിൻവലിച്ചു കൂടെ എന്ന് ഹൈക്കോടതിക്ക് തന്നെ ചോദിക്കേണ്ടി വന്നു. എന്നാൽ കേസുകൾ പിൻവലിക്കില്ല എന്ന ധാർഷ്ട്യം സർക്കാർ തുടരുന്നു. അടിമുടി തട്ടിപ്പായ ഇതുപോലെയൊരു പദ്ധതിക്കെതിരെ പോലും ആരും പ്രതിഷേധിക്കാൻ പാടില്ലെന്നും പ്രതിഷേധിച്ചാൽ പോലീസും കേസും ഉപയോഗിച്ചാകും അവരെ കൈകാര്യം ചെയ്യുകയെന്നും മുന്നറിയിപ്പ് നൽകുകയാണ് ഇടത് എന്നു പറയുന്ന ഈ സർക്കാർ. ആര് പ്രതിഷേധിച്ചാലും, ചട്ടവിരുദ്ധമെന്ന് കോടതി പറഞ്ഞാലും ഈ പദ്ധതിയുമായി മുന്നോട്ടു പോകുമെന്ന് ജനത്തെ വെല്ലുവിളിക്കുന്നതാണ് മുഖ്യമന്ത്രിയുടെ ജനാധിപത്യമര്യാദ.

കോവിഡ് കാലത്ത് പ്രതിഷേധ സമരങ്ങൾക്കെതിരെയും സാധാരണ ജനങ്ങൾക്കെതിരെയും ചുമത്തിയ കേസുകളാണ് മറ്റൊന്ന്. യഥാർത്ഥ ജനകീയ വിഷയങ്ങളിലൂന്നിയ ബഹുജന സമരങ്ങളെ അടിച്ചമർത്താനുള്ള എളുപ്പവഴിയായി കോവിഡ് അടച്ചുപൂട്ടലിനെ ഈ സർക്കാർ മാറ്റിയിരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പൂർണമായും പാലിച്ചു നടത്തിയ ചെറിയ സമരങ്ങൾക്കും പ്രതിഷേധങ്ങൾക്കും നേരെ കേസും ആയിരക്കണക്കിന് രൂപ പിഴയും ചുമത്തിയ പൊലീസ് തന്നെയല്ലേ എല്ലാ മാനദണ്ഡങ്ങളും ലംഘിച്ച സത്യപ്രതിജ്ഞാമാമാങ്കത്തിന് കാവൽ നിന്നത്? പോലീസ് നൽകേണ്ട സേവനങ്ങൾക്കും അനുമതികൾക്കും ഫീസ് ഏർപ്പെടുത്തിയതും അത് വൻതോതിൽ ഉയർത്തിയതും ഇക്കാലത്താണ്. മൈക്ക് അനുമതിക്കും സമാധാനപരമായ സമരരീതികൾക്കും അനുമതി ലഭിക്കാൻ ഇന്ന് വൻതുക ഫീസ് നൽകണമെന്നായിരിക്കുന്നു, വൻകിട രാഷ്ട്രീയപാർട്ടികൾക്കും ജാതിമത സംഘടനകൾക്കും ഇത് പ്രശ്നമല്ലായിരിക്കാം. പക്ഷേ ബഹുജന സമരങ്ങളെയും പ്രക്ഷോഭങ്ങളെയും നിരുത്സാഹപ്പെടുത്താനുള്ള മറ്റൊരു അടവായി ഇത് മാറിയിരിക്കുന്നു. ഇതും ജനാധിപത്യവിരുദ്ധമല്ലേ? കേരളമൊട്ടാകെ കുറ്റകൃത്യങ്ങളും കള്ളക്കടത്തും ലഹരി വ്യാപനവും കൊലപാതകങ്ങളും വർദ്ധിക്കുമ്പോൾ പോലീസിനെ നമ്മൾ കാണുന്നില്ല. അവർ തങ്ങളുടെ കാര്യക്ഷമത മുഴുവൻ മുഖ്യമന്ത്രിയുടെ സുരക്ഷയ്ക്കായി ഉപയോഗിക്കുന്നു എന്നതാണ് നമ്മൾ കാണുന്നത്. മുഖ്യമന്ത്രി പങ്കെടുക്കുന്ന ചടങ്ങുകളിലും കടന്നുപോകുന്ന വഴിയിലും കറുത്ത മാസ്കിനും കുടയ്ക്കും വരെ നിരോധനം കൽപ്പിച്ചതും ഇതേ പൊലീസാണ്. ഇതെല്ലാം ഒരു ജനാധിപത്യത്തിന്, ഒരു ഇടത് സർക്കാരിന് ഭൂഷണമാണോ എന്നത് നമ്മൾ ചിന്തിക്കണം.

അതേപോലെതന്നെ, തൊഴിൽ സമരങ്ങളോടും തൊഴിലാളികളുടെ പ്രശ്നങ്ങളോടും ഈ സർക്കാർ പുലർത്തുന്ന നിലപാടുകളും ചോദ്യങ്ങളുയർത്തുന്നു. നോക്കുകൂലി എന്ന പേരിൽ നടന്ന ഒറ്റപ്പെട്ട സംഭവങ്ങളെ പർവതീകരിച്ച് മുഴുവൻ തൊഴിലാളികളുടെയും അവകാശങ്ങൾ കവർന്നെടുക്കാൻ മുതലാളിത്തവും അവരുടെ പിണിയാളുകളും നടത്തുന്ന ശ്രമങ്ങൾ മനസ്സിലാക്കാം. പക്ഷേ ഒന്നാം പിണറായി വിജയൻ സർക്കാരിന്റെ കാലം തൊട്ടേ, മുതലാളിമാരെക്കാൾ ആവേശത്തിലാണ് മുഖ്യമന്ത്രിയും സർക്കാരും ഈ വിഷയത്തിൽ അഭിപ്രായം പറയുന്നത്. തൊഴിൽ തർക്കങ്ങളിൽ പൊലീസിനെ ഇടപെടുത്താവുന്ന രീതിയിൽ നയം മാറ്റിയത് ഇവരല്ലേ? മോദി സർക്കാർ കൊണ്ടുവന്ന, തികച്ചും തൊഴിലാളിവിരുദ്ധമായ പുതിയ തൊഴിൽ നിയമങ്ങൾ അക്ഷരപ്രതി നടപ്പാക്കാനൊരുങ്ങുന്നത് കേരളത്തിലെ ഈ കപട ഇടതു സർക്കാരാണ്. കെഎസ്ആർടിസിയിലെ പ്രശ്നം ഇവർ കൈകാര്യം ചെയ്യുന്നത് തികച്ചും തൊഴിലാളി വിരുദ്ധമായല്ലേ? തൊഴിലാളികളുടെ ന്യായമായ സമരത്തിനു നേരെ ഭീഷണികൾ. നടപ്പാക്കാനുദ്ദേശിക്കുന്നതോ, മോദിയുടെ നയമായ 12 മണിക്കൂർ ജോലി. ഇത് നമ്മൾ കാണാതെ പോകരുത്.

ഏറ്റവും ഒടുവിൽ, സർക്കാർ ക്രൂരമായി അവഗണിച്ച കാസർകോട്ടെ എൻഡോസൾഫാൻ ദുരിതബാധിതർക്കായി വന്ദ്യവയോധികയായ ദയാബായി തന്നെ സെക്രട്ടേറിയറ്റിനു മുന്നിൽ നിരാഹാരസമരത്തിനു വന്നപ്പോൾ സർക്കാർ സ്വീകരിച്ച നിലപാട് എത്ര മ്ലേച്ഛമാണെന്നു നോക്കൂ. മാസങ്ങൾക്കു മുന്നേ തന്നെ ദയാബായി സമരം പ്രഖ്യാപിച്ചതാണ്. പക്ഷേ നാളിതുവരെ ഇത്രയും ന്യായമായ ഡിമാന്റ് പരിഗണിക്കാനോ ചർച്ച നടത്താനോ ഈ സർക്കാർ തയ്യാറായിട്ടില്ല. സമരത്തിലേക്ക് അവരെ തള്ളിവിട്ടതിനു ശേഷം യാതൊരു മര്യാദയും തൊട്ടുതീണ്ടാത്ത സമീപനമാണ് പൊലീസും സർക്കാരും കാണിച്ചത്. സുരക്ഷയുടെ പേരുപറഞ്ഞ് ഒരു മഴമറ കെട്ടാൻ പോലും അനുവദിച്ചില്ല. മഴ നനഞ്ഞും തണുത്തു വിറച്ചും നിശ്ചയദാർഢ്യത്തോടെ സമരം തുടർന്ന ആ അമ്മയുടെ ചിത്രം നമ്മൾ ഓർക്കണം. എന്നിട്ടും ചർച്ചയ്ക്കു തയ്യാറാകാതെ ബലമായി ആ വയോധികയെ അറസ്റ്റു ചെയ്തു നീക്കാനാണ് പൊലീസ് ശ്രമിച്ചത്. അതിനെ അതിജീവിച്ച് തിരികെയെത്തി തുടർന്ന ദയാബായിയുടെ സമരം ഈ കപട ഇടതുപക്ഷത്തിന്റെ മുഖത്തേറ്റ അടിയാണ്.

ദുഷിച്ച മുതലാളിത്തം സൃഷ്ടിക്കുന്ന ജീവിത പ്രതിസന്ധികളിൽ പെട്ട് ദുരിതമനുഭവിക്കുന്ന ജനങ്ങൾ, അതിന്റെ യഥാർത്ഥ കാരണക്കാരായ തങ്ങൾക്കെതിരെ ഒറ്റക്കെട്ടായി പൊരുതാൻ ഇറങ്ങും എന്ന നിതാന്തഭയം മുതലാളിവർഗ്ഗത്തിനുണ്ട്. തങ്ങളെ തകർത്തെറിഞ്ഞേക്കാവുന്ന അത്തരമൊരു വിപ്ലവപ്പോരാട്ടത്തിന്റെ സാധ്യതകളെ ഏതുവിധേനയും തകർക്കാൻ ഭരണവർഗ്ഗം എപ്പോഴും കരുതലെടുക്കുന്നു. കാതലായ പ്രശ്നങ്ങളിൽ നിന്നും ജനത്തിന്റെ ശ്രദ്ധ തിരിക്കാൻ മറ്റു വിഷയങ്ങൾ മുന്നോട്ടിട്ടു കൊടുക്കുക; നക്കാപ്പിച്ച സൗജന്യങ്ങൾ കൊടുത്ത് അതിന്റെ പേരിൽ വൻപ്രചാരണങ്ങൾ നടത്തി ജനങ്ങൾക്ക് മിഥ്യാപ്രതീ

(ശേഷം 12–ാം പേജിൽ)

സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണം

തിരുവനന്തപുരം ജില്ലാ പഠനപരിപാടി സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്യുന്നു.

എസ്യുസിഐ (കമ്മ്യൂണിസ്റ്റ്) സ്ഥാപക ജനറൽ സെക്രട്ടറിയും ഈ യുഗം ദർശിച്ച മഹാനായ മാർക്സിസ്റ്റ് ചിന്തകനുമായ സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരണപരിപാടികളുടെ ഭാഗമായി തിരുവനന്തപുരം, തൃശ്ശൂർ, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ പഠനക്യാമ്പുകൾ നടന്നു. തിരുവനന്തപുരം ജില്ലയിൽ നടന്ന രണ്ടുദിവസത്തെ പഠനക്യാമ്പ് എസ്‌യുസിഐ(സി) സംസ്ഥാന കമ്മിറ്റിയംഗവും കൊല്ലം ജില്ലാ സെക്രട്ടറിയുമായ സഖാവ് ഷൈല കെ.ജോൺ ഉദ്ഘാടനം ചെയ്തു. പാർട്ടികേന്ദ്രകമ്മിറ്റിയംഗംസഖാവ് ജയ്സൺ ജോസഫ്, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗങ്ങളായ സഖാക്കൾ ആർ.കുമാർ, എസ്.രാജീവൻ, ഡോ.പി.എസ്.ബാബു, എന്നിവർ ക്ലാസ്സുകൾ നയിച്ചു.

സഖാക്കൾ എം.ഷാജർഖാൻ, ജി.ആർ.സുഭാഷ് എന്നിവർ നേതൃത്വം നൽകി. പൂമാലയിൽ നടന്ന ഇടുക്കി ജില്ലാ പഠനക്യാമ്പ് എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് കോട്ടയം ജില്ലാസെക്രട്ടറിയും സംസ്ഥാനകമ്മിറ്റിയംഗവുമായ സഖാവ് മിനി കെ.ഫിലിപ്പ് ഉദ്ഘാടനം ചെയ്തു. പാർട്ടി സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം സഖാവ് ആർ.കുമാർ, സംസ്ഥാന കമ്മിറ്റിയംഗം സഖാവ് എൻ വിനോദ് കുമാർ എന്നിവർ ക്ലാസ്സുകൾ നയിച്ചു. സഖാക്കൾ ഇ.എൽ.ഈപ്പച്ചൻ, സിബി സി.മാത്യു തുടങ്ങിയവർ ചർച്ചകൾക്ക് നേതൃത്വം നൽകി. തൃശ്ശൂർ ജില്ലാപഠന ക്യാമ്പ് സംസ്ഥാന കമ്മിറ്റിയംഗം സഖാവ് വികെ സദാനന്ദൻ ഉദ്ഘാടനം ചെയ്തു.കേന്ദ്രകമ്മിറ്റിയംഗംസഖാവ് ജയ്സൺ ജോസഫ്, സംസ്ഥാന സെക്രട്ടേറിയറ്റ് അംഗം ഡോ.പി.എസ്.ബാബു എന്നിവർ ക്ലാസ്സുകൾക്കും ചർച്ചകൾക്കും നേതൃത്വം നൽകി. പത്തനം തിട്ട ജില്ലാപഠനക്യാമ്പ് എസ്‌യുസിഐ കമ്മ്യൂണിസ്റ്റ്കേന്ദ്രകമ്മിറ്റിയംഗംസഖാവ് ജയ്സൺ ജോസഫ് ഉദ്ഘാടനം ചെയ്തു. സഖാക്കൾ ബിനുബേബി, കെ.ജി.അനിൽകുമാർ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നല്കി.

അമ്പലപ്പുഴ സെന്ററിൽ നടന്ന ശതാബ്ദി ആചരണ സമ്മേളനം ഡോ.കെ.പി.ഗോദകുമാർ ഉദ്ഘാടനം ചെയ്യുന്നു.

എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) അമ്പലപ്പുഴ ലോക്കൽ കമ്മിറ്റിയുടെ നേതൃത്വത്തിൽ അമ്പലപ്പുഴ സെന്ററിൽ സഖാവ് ശിബ്ദാസ് ഘോഷ് ജന്മശതാബ്ദി ആചരിച്ചുകൊണ്ട് നടന്ന സമ്മേളനം എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന കമ്മിറ്റിയംഗം ഡോ.കെ.പി.ഗോദകുമാർ ഉദ്ഘാടനം ചെയ്തു. ആലപ്പുഴ ജില്ലാസെക്രട്ടറി സഖാവ് എസ്.സീതിലാൽ, സഖാക്കൾ പി.പി.വിജയൻ, ബി.വിശ്വകുമാർ, പി.കെ.ശശി എന്നിവർ പ്രസംഗിച്ചു. ■

ഇടുക്കിജില്ലാ പഠനക്യാമ്പിൽ സഖാവ് ആർ.കുമാർ ചർച്ച നയിക്കുന്നു.

എഐഡിഎസ്ഒ രാജ്ഭവൻ മാർച്ച്

ദേശീയ വിദ്യാഭ്യാസ നയത്തിനെതിരെ രാജ്യവ്യാപകമായി സമാഹരിച്ച ഒരു കോടി ഒപ്പുകൾ പ്രധാനമന്ത്രിക്ക് സമർപ്പിച്ചു

വിദ്യാഭ്യാസത്തെ വാണിജ്യവൽക്കരിക്കുകയും വർഗീയവൽക്കരിക്കുകയും ചെയ്യുന്ന ദേശീയ വിദ്യാഭ്യാസ നയം 2020 പിൻവലിക്കുക, കേരളത്തിൽ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ നടപ്പിലാക്കൽ ലക്ഷ്യമിടുന്ന ഖാദർ കമ്മിറ്റി റിപ്പോർട്ട്, ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മിഷൻ റിപ്പോർട്ടുകൾ എന്നിവ തള്ളിക്കളയുക എന്നീ ഡിമാന്റുകൾ ഉന്നയിച്ച് എഐഡിഎസ്ഒയുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 28ന് സെക്രട്ടറിയേറ്റ് ധർണയും രാജ്ഭവൻ മാർച്ചും നടന്നു. എൻഇപിക്കെതിരെ മെയ് 1മുതൽ ആരംഭിച്ച് നൂറ്റിയൻപത് ദിവസം നീണ്ടുനിന്ന ഒപ്പുശേഖരണത്തിന്റെ സമാപനമായാണ് രാജ്ഭവൻ മാർച്ച് സംഘടിപ്പിച്ചത്.

രാജ്യവ്യാപകമായി ശേഖരിക്കപ്പെട്ട ഒരു കോടിയോളം ഒപ്പുകളടങ്ങിയ ഭീമഹർജി പ്രധാനമന്ത്രിക്ക് സമർപ്പിച്ചു. പ്രൊഫ.രാം പുനിയാനി, പ്രൊഫ.ഇർഫാൻ ഹബീബ്, ബിമൽ ചാറ്റർജി,ഡോ.തരുൺമണ്ഡൽ,പ്രൊഫ.നന്ദിത നരൈൻ, പ്രൊഫ.ബീരേന്ദ്ര നായക്, എ.ചന്ദ്രശേഖർ, പ്രൊഫ.സുരേന്ദ്ര മോഹൻപാണി, ഡോ.സ്വതിബൻജോഷി,പ്രൊഫ.ഹരേള മൊഹന്ദി, പ്രൊഫ.കെ.അരവിന്ദാക്ഷൻ, ഡോ.ഭാരത് മെഹ്ത, പ്രൊഫ. ഹേമന്ദ്കുമാർ ഷാ, ഡോ. രാജേഷ് കാകട്ടി, പ്രൊഫ.ധ്രുബ് മുഖോപാദ്ധ്യായ, ഡോ.സൗമിത്രോ ബാനർജി തുടങ്ങി നിരവധി പ്രമുഖർ നിവേദനത്തിൽ ഒപ്പ് രേഖപ്പെടുത്തി.

കോവിഡ് കാലത്ത് പാർലമെന്റിൽപോലും ചർച്ചചെയ്യാതെ ഇന്ത്യൻ ജനതയുടെ തലയിൽ അടിച്ചേൽപ്പിക്കപ്പെട്ട ഈ വിധ്വംസക വിദ്യാഭ്യാസ നയത്തിനെതിരെ വിപുലമായ കാമ്പയിനും സമരസംഘാടനവുമാണ് നൂറ്റിയൻപത് ദിവസം നീണ്ടുനിന്ന ഒപ്പ് ശേഖരണത്തിലൂടെ നടന്നത്. ആവേശകരമായ പ്രതികരണമാണ് ഈ ഒപ്പ്ശേഖരണപരിപാടിക്ക് ലഭിച്ചത്. AIDSO സംസ്ഥാന സെക്രട്ടറി അഡ്വ. ആർ. അപർണ അധ്യക്ഷത വഹിച്ച സെക്രട്ടറിയേറ്റ് ധർണ സംസ്ഥാന പ്രസിഡന്റ് ഡോ.എസ്. അലീന ഉദ്ഘാടനം ചെയ്തു. ഒപ്പ് ശേഖരണം നടത്തിയ എഐഡിഎസ്ഒ പ്രവർത്തകരെ പാലക്കാടും കോട്ടയത്തും അറസ്റ്റുചെയ്ത പോലീസ് നടപടിയിൽ ധർണ്ണ പ്രതിഷേധം രേഖപ്പെടുത്തി. പ്രമുഖ വിദ്യാഭ്യാസ പ്രവർത്തകനും സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാന വൈസ് പ്രസിഡന്റുമായ എം. ഷാജർഖാൻ രാജ്ഭവൻ മാർച്ച് ഉദ്ഘാടനം ചെയ്തു. തുടർന്ന്, വിദ്യാർത്ഥികൾ ദേശീയ വിദ്യാഭ്യാസ നയം 2020 ഡോക്യുമെന്റ് കത്തിച്ച് പ്രതിഷേധിച്ചു.

എഐഡിവൈഒ സംസ്ഥാന പ്രസിഡന്റ് ഇ.വി.പ്രകാശ്, ബി.ഫാം വിദ്യാർത്ഥി സമര പ്രതിനിധി അരവിന്ദ്, എഐഡിഎസ്ഒ തിരുവനന്തപുരം ജില്ലാ പ്രസിഡന്റ് ഗോവിന്ദ് ശശി, നിലീന മോഹൻകുമാർ, റലേഷ് ചന്ദ്രൻ, നിള മോഹൻകുമാർ, എമിൽ ബിജു എന്നിവർ പ്രസംഗിച്ചു. സഖാക്കൾ കെ.റഹീം, അകിൽ മുരളി, നിഖിൽ സജി തോമസ് എന്നിവർ മാർച്ചിന് നേതൃത്വം നൽകി. ദേശീയ വിദ്യാഭ്യാസ നയം 2020നെതിരായ ഒപ്പ്ശേഖരണം നടത്തിയ എഐഡിഎസ്ഒ നേതാക്കളെ അറസ്റ്റ് ചെയ്ത പോലീസ് നടപടിയിൽ പ്രതിഷേധിച്ചുകൊണ്ട് പ്രൊഫ.എം.എൻ.കാരശ്ശേരി, പ്രൊഫ.കൽപ്പറ്റ നാരായണൻ, പ്രൊഫ.കുസുമം ജോസഫ്, ഡോ. കെ.ജി.താര, ജോസഫ് സി. മാത്യു തുടങ്ങിയ ഇരുപത്തഞ്ചോളം പേർ ചേർന്ന് സംയുക്ത പ്രസ്താവന പ്രസിദ്ധീകരിച്ചിരുന്നു. ■

ജനാധിപത്യ സമരങ്ങളെ അടിച്ചമർത്തുന്ന കേരളഭരണം

(11–ാം പേജിൽ നിന്ന്)

ക്ഷ നൽകുക; മദ്യം, മയക്കുമരുന്ന്, ലോട്ടറി അടക്കമുള്ള ചൂതാട്ടം, മാനവികമൂല്യങ്ങൾ ഒഴിവാക്കിയുള്ള കപട ആത്മീയതയുടെയും അന്ധവിശ്വാസങ്ങളുടെയും ഒക്കെ ഒളിഞ്ഞും തെളിഞ്ഞുമുള്ള പ്രോത്സാഹനം; വർഗീയതയെ ആളിക്കത്തിക്കൽ, ഇവയെല്ലാം തന്നെ ജനങ്ങളെ വഴിതെറ്റിക്കാനും, ജനങ്ങളുടെ സമരൈക്യം രൂപപ്പെടുന്നതിനെ തടയാനും, ഭരണവർഗ്ഗം കാലങ്ങളായി കൈക്കൊള്ളുന്ന തന്ത്രങ്ങളാണ്. ഇതോടൊപ്പം ഇപ്പോൾ ശക്തിപ്പെട്ടു വരുന്ന പ്രവണതയാണ് യഥാർത്ഥ ജനകീയ പ്രശ്നങ്ങൾക്ക് മേലുള്ള യോജിച്ച ബഹുജനസമരങ്ങളെ അടിച്ചമർത്തുകയെന്നത്. എതിർപ്പിന്റെ കുഞ്ഞുസ്വരത്തെ പോലും പ്രതിസന്ധിഗ്രസ്തമായ മുതലാളിത്തം ഭയക്കുന്നു. മുതലാളിത്തം തന്നെ മുന്നോട്ടുവച്ച, ജനാധിപത്യത്തിന്റെ പ്രാഥമിക മര്യാദകൾ പോലും കാറ്റിൽപ്പറത്തി, കുത്തക മുതലാളിത്തത്തിന്റെ താൽപര്യങ്ങൾ ഏത് വിധേനയും നടപ്പാക്കിയെടുക്കാനുള്ള വിനീതഭൃത്യർ മാത്രമായി സർക്കാരുകൾ മാറുന്നു. കൃത്യമായി പറഞ്ഞാൽ, തങ്ങളുടെ താൽപര്യങ്ങൾ ഏറ്റവും വിശ്വസ്തതയോടും കാര്യക്ഷമതയോടും ഉരുക്കുമുഷ്ടിയോടെ നടപ്പാക്കുന്നവരെയാണ് ഇന്ന് മുതലാളിവർഗ്ഗം പ്രോത്സാഹിപ്പിക്കുന്നതും ഭരണത്തിലേറ്റുന്നതും. മുതലാളി വർഗ്ഗതാല്പര്യങ്ങൾ " ആരെതിർത്താലും നടപ്പാക്കുമെന്ന്" പൊതുസമൂഹത്തെ നോക്കി പരസ്യമായി വെല്ലുവിളിച്ചുകൊണ്ട് തങ്ങളുടെ വിധേയത്വം പച്ചയായി തുറന്നു കാണിച്ചുകൊണ്ട് മുതലാളിവർഗ്ഗത്തിന്റെ പ്രീതിക്കായി മത്സരിക്കുന്ന നേതാക്കളെയല്ലേ നാം ഇന്ന് അധികാര രാഷ്ട്രീയത്തിൽ കാണുന്നത്? ഇതിൽ, ബഹുജനസമരങ്ങളെയും ജനകീയ പ്രതിഷേധങ്ങളെയും ഏറ്റവും നിഷ്ഠൂരമായി അടിച്ചമർത്താൻ കഴിയുമെന്ന് തെളിയിക്കുന്ന, തങ്ങളുടെ പദ്ധതികൾ ഏറ്റവും നന്നായി നിർവിഘ്നം നടപ്പാക്കിത്തരുന്ന, ഏകാധിപത്യ സ്വഭാവമുള്ള നേതാക്കൾ മുതലാളി വർഗ്ഗത്തിന്റെ കാര്യസ്ഥൻമാരായി ഭരണത്തിലേറുന്നു. അവരുടെ കറുത്ത ചെയ്തികൾക്ക് നേരെ മാധ്യമങ്ങളും ജുഡീഷ്യറിയും കണ്ണടയ്ക്കുന്നു. വിവിധ കൊടികൾ പിടിച്ചാലും നയപരമായോ, വർഗ്ഗസ്വഭാവം കൊണ്ടോ, ഭരണരീതി കൊണ്ടോ, കേന്ദ്രത്തിലെ മോദി സർക്കാരും യുപിയിലെ യോഗി സർക്കാരും കേരളത്തിലെ പിണറായി വിജയന്റെ സർക്കാരും തമ്മിൽ നമുക്ക് യാതൊരു വ്യത്യാസവും കാണാൻ കഴിയില്ല എന്നതാണ് യാഥാർത്ഥ്യം. നിലവിലെ സാഹചര്യങ്ങളിൽ തങ്ങളുടെ താൽപര്യങ്ങൾ ഏറ്റവും നന്നായി നടപ്പിലാക്കാൻ കഴിയുന്നത് ഇവർക്കാണ് എന്ന മുതലാളി വർഗ്ഗത്തിന്റെ വിശ്വാസമാണ് അവരെ അധികാരക്കസേരയിൽ ഇരുത്തുന്നത്. അത് നന്നായി മനസ്സിലാക്കി പ്രവർത്തിക്കുന്ന ഈ സർക്കാരുകളുടെ ആത്യന്തികവിധേയത്വം മുതലാളിവർഗ്ഗത്തോട് മാത്രമാണ് താനും. അവിടെ ജനാധിപത്യമര്യാദകൾക്കോ മൂല്യങ്ങൾക്കോ സ്ഥാനമില്ല.

ജനകീയസമരങ്ങളെയും പ്രതിഷേധസ്വരങ്ങളെയും ഭയപ്പെടുകയും അടിച്ചമർത്തുകയും ചെയ്യുന്ന ഭരണകൂടനയം അങ്ങേയറ്റം ജനാധിപത്യവിരുദ്ധമാണ്. അതിലുപരി ഇടതുപക്ഷരാഷ്ട്രീയത്തിന്റെ അന്തഃസത്തയ്ക്ക് വിരുദ്ധമാണ്. ഈ പ്രവണത ഏതൊരു സർക്കാർ പ്രദർശിപ്പിച്ചാലും, അത് മോദിയുടെ ആകട്ടെ, മമതയുടെ ആകട്ടെ, പിണറായി വിജയന്റേതാകട്ടെ, ഒരേ പോലെ എതിർക്കേണ്ടതുണ്ട്. ആ കടമ ഏറ്റെടുത്ത് ഈ നാട്ടിലെ ജനാധിപത്യ ബോധമുള്ള ഓരോ പൗരനും, വിശേഷിച്ചും ഇടതുപക്ഷ മനസ്സുള്ളവർ മുന്നോട്ടുവരണമെന്ന് കാലം ആവശ്യപ്പെടുന്നു. ■

സാമ്രാജ്യത്വ കുതന്ത്രങ്ങൾ തായ്‌വാന് മുകളിൽ യുദ്ധഭീഷണിയുടെ കരിനിഴൽ പടർത്തുന്നു

തായ്‌വാൻ കേന്ദ്രീകരിച്ച് മറ്റൊരു യുദ്ധത്തിന്റെ ഇരമ്പൽ ഇപ്പോൾ കേട്ടുതുടങ്ങിയിരിക്കുന്നു. ഇവിടെയും എതിരാളികൾ രണ്ട് സാമ്രാജ്യത്വ വൻശക്തികളാണ് – അമേരിക്കയും ചൈനയും. മധ്യേഷ്യയിൽ അമേരിക്കൻ സാമ്രാജ്യത്വം നടത്തിവരുന്ന പോർവിളിക്ക് അല്പം ശമനമുണ്ടാകുമ്പോൾ കിഴക്കൻ ഏഷ്യയിൽ മറ്റൊരു യുദ്ധമുന്നണി തുറക്കുകയാണ്. യുദ്ധക്കൊതിയന്മാരായ അമേരിക്കൻ സാമ്രാജ്യത്വം തായ്‌വാനിൽ യുദ്ധമുന്നണി തുറക്കാൻ ശ്രമിക്കുമ്പോൾ പ്രത്യാക്രമണ ഭീഷണിയുമായി സാമ്രാജ്യത്വ ചൈനയും നിലയുറപ്പിക്കുന്നുണ്ട്. സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുമെന്ന മഹാനായ ലെനിന്റെ പാഠം വീണ്ടും വീണ്ടും സാധൂകരിക്കുന്നതാണ് ഈ നടപടികൾ.

തായ്‌വാനിൽ ഉരുണ്ടുകൂടുന്ന യുദ്ധസംഘർഷം ആറുമാസം പിന്നിടുമ്പോഴും യുക്രൈനുമേലുള്ള റഷ്യൻ അധിനിവേശ യുദ്ധം അവസാനിക്കുന്നതിന്റെ യാതൊരു സൂചനയും കാണുന്നില്ല. പതിനായിരത്തിലധികം പേർക്ക് ഇതിനകം ജീവൻ നഷ്ടപ്പെട്ടതായി റിപ്പോർട്ടുകളുണ്ട്. സ്വത്തുവകകൾ നഷ്ടപ്പെട്ടതിന്റെ കണക്ക് ഇതുവരെ കൃത്യമായി കണക്കാക്കപ്പെട്ടിട്ടില്ല. യുക്രൈനുമേൽ സാമ്പത്തിക-രാഷ്ട്രീയ ആധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി പരസ്പരം മത്സരിക്കുന്ന രണ്ട് സാമ്രാജ്യത്വ രാജ്യങ്ങളായ റഷ്യയും അമേരിക്കയും തമ്മിലുള്ള വൈരുദ്ധ്യത്തിന്റെ രാഷ്ട്രീയ പ്രതിഫലനമാണ് ഈ യുദ്ധമെന്ന് 01-3-2022 ലെ 'പ്രോലിറ്റേറിയൻ ഇറ'യിൽ നമ്മൾ വിശദീകരിച്ചിരുന്നു. പ്രതിസന്ധിഗ്രസ്തമായ മുതലാളിത്ത സമ്പദ്‌വ്യവസ്ഥയെ സൈനികവൽക്കരിക്കാനും ജനങ്ങൾക്കിടയിൽ വർദ്ധിച്ചുവരുന്ന അസംതൃപ്തിയിൽനിന്ന് ശ്രദ്ധ തിരിക്കുന്നതിനുംവേണ്ടി സങ്കുചിതമായ ദേശീയ ഭ്രാന്ത് വളർത്തി യുക്രൈനുമേൽ നടത്തുന്ന അധിനിവേശയുദ്ധം പരമാവധി ദീർഘിപ്പിക്കുവാൻ അമേരിക്കൻ നേതൃത്വത്തിലുള്ള നാറ്റോ സഖ്യവും റഷ്യയും ശ്രമിക്കുമെന്നത് വളരെ വ്യക്തമാണ്.

ചരിത്രപശ്ചാത്തലം

ചൈനയുടെ തെക്കു കിഴക്കൻ തീരത്തുനിന്നും 150കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഒരു ദ്വീപാണ് തായ്‌വാൻ. തായ്‌വാന്റെ തെക്കുഭാഗത്ത് സ്ഥിതി ചെയ്യുന്ന ലൂസോൺ കടലിടുക്കിന്റെ ഭാഗമായ ബാഷി കനാൽ, ചൈനീസ് നാവികസേനയ്ക്ക് ദ്വീപ് സമൂഹങ്ങളിലൂടെ കടന്ന് വിശാലമായ പടിഞ്ഞാറൻ പസഫിക്കിലേക്ക് സുരക്ഷിതമായി എത്താനുള്ള അപൂർവ്വം അന്തർദേശീയ ജലമാർഗ്ഗങ്ങളിൽ ഒന്നാണ്. ക്വിങ് രാജവംശം അധികാരത്തിൽ എത്തിയ 17-ാം നൂറ്റാണ്ടിലാണ് ആദ്യമായി തായ്‌വാന്റെ പൂർണ്ണ നിയന്ത്രണം ചൈനയ്ക്ക് ലഭിക്കുന്നത്. 1895ൽ ജപ്പാനുമായി നടന്ന ആദ്യയുദ്ധത്തിൽ പരാജയപ്പെട്ട ചൈന തായ്‌വാന്റെ നിയന്ത്രണം ജപ്പാന് വിട്ടുകൊടുത്തു. രണ്ടാം ലോകമഹായുദ്ധത്തിൽ പരാജയപ്പെട്ട ജപ്പാൻ 1945ൽ തായ്‌വാന്റെ നിയന്ത്രണം ചിയാങ് കൈഷക്കിന്റെ നേതൃത്വത്തിലുള്ള കുമിന്താങ് കക്ഷി ഭരിക്കുന്ന ചൈനക്ക് വീണ്ടും കൈമാറി.

1949ൽ മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ വിപ്ലവ പോരാട്ടം വിജയം വരിക്കുകയും ബീജിങ്ങിൽ പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈന സ്ഥാപിക്കപ്പെട്ടതായി പ്രഖ്യാപിക്കുകയും ചെയ്തപ്പോൾ, പരാജയപ്പെട്ട നാഷണലിസ്റ്റ് പാർട്ടിയായ കുമിന്താങ്ങിന്റെ നേതാവായ ചിയാങ് കൈഷക്കും സൈന്യവും തായ്‌വാനിലേക്ക് പിൻവാങ്ങുകയും റിപ്പബ്ലിക്ക് ഓഫ് ചൈന എന്ന പേരിൽ ദശാബ്ദങ്ങളോളം തായ്‌വാനിൽ ഭരണം നടത്തുകയും ചെയ്തു. ചിയാങ് കൈഷക്ക് തായ്‌വാനിൽ പട്ടാള നിയമം പ്രഖ്യാപിച്ചു. ചിയാങ് കൈഷക്കിന്റെ നേതൃത്വത്തിൽ ഏകകക്ഷി ബൂർഷ്വാ ഭരണമാണ് തുടക്കത്തിൽ അവിടെ സ്ഥാപിച്ചത്. പിന്നീട് പൂർണ്ണതോതിലുള്ളതല്ലെങ്കിലും ബൂർഷ്വാ ജനാധിപത്യം സ്ഥാപിക്കുകയുണ്ടായി. സോഷ്യലിസ്റ്റ് ചൈനയും തായ്‌വാനും അഖണ്ഡ ചൈനയെ മാത്രമാണ് അംഗീകരിച്ചത്.

തുടർച്ചയായ ആഭ്യന്തരയുദ്ധമാണെന്ന് ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടി വിലയിരുത്തിയ തായ്‌വാനിലെ പ്രശ്നങ്ങൾ സമാധാനപരമായ കൂടിയാലോചനകളിലൂടെയും, മാതൃരാജ്യത്തിലെ ഗവൺമെന്റിൽ ചിയാങ് കൈഷക്കിന് അർഹമായ പങ്കാളിത്തം നൽകാമെന്ന വാഗ്ദാനം നൽകിക്കൊണ്ടും പരിഹരിക്കാനാണ് ചൈനീസ് വിപ്ലവത്തിന്റെ ശില്പിയായ മഹാനായ മാവോ സേതുങ് പരിശ്രമിച്ചത്. അതേസമയം സോഷ്യലിസത്തെ പൂർണ്ണമായും എതിർക്കുകയും മാതൃരാജ്യത്തിലേക്ക് കടന്നു കയറി സോഷ്യലിസ്റ്റ് ഭരണകൂടത്തെ തകർക്കുകയല്ലാതെ മറ്റൊരു പരിഹാരവുമില്ല എന്ന നിലപാടായിരുന്നു ചിയാങ് കൈഷക്കിന്. അമേരിക്കയിൽ നിന്ന് ലഭിക്കുന്ന ഭീമമായ സാമ്പത്തിക സഹായം ഉപയോഗിച്ച് തങ്ങളുടെ സാമ്പത്തിക വളർച്ചയുടെ മേന്മ പ്രദർശിപ്പിക്കാൻ പ്രതിശീർഷവരുമാനത്തിന്റെ വളർച്ചയെ ഉയർത്തിക്കാണിക്കുകയാണ് തായ്‌വാൻ ചെയ്തത്. അതേ അവസരത്തിൽ തുടക്കം മുതൽ തന്നെ അമേരിക്കൻ സാമ്രാജ്യത്വം തായ്‌വാൻ കടലിടുക്കിൽ തങ്ങളുടെ യുദ്ധക്കപ്പലുകൾ വിന്യസിക്കുകയും തായ്‌വാൻ ദ്വീപിൽ സൈന്യത്തെ അണിനിരത്തി തായ്‌വാനെ സൈനിക സാമന്ത രാജ്യമാക്കി മാറ്റാൻ ശ്രമിക്കുകയും ചെയ്തുവരികയായിരുന്നു.

ചൈനയിലെ പട്ടിണി കിടക്കുന്ന ജനത, തന്നെ സ്വാഗതം ചെയ്യുമെന്നും അതുവഴി ചൈനയുടെ അധികാരം പിടിച്ചെടുക്കാമെന്നും സ്വപ്നം കണ്ടിരുന്ന ചിയാങ് കൈഷക്ക്, 1958ൽ അമേരിക്കൻ നാവിക-വ്യോമ ആയുധങ്ങൾ ഉപയോഗിച്ച് സോഷ്യലിസ്റ്റ് ചൈനയുടെ കപ്പലുകൾ ആക്രമിക്കുകയും ചൈനയുടെസമീപത്തായിസ്ഥിതി ചെയ്യുന്ന മാറ്റ്സ്യ, ക്യമോയ് എന്നീ ദ്വീപുകളിലേക്ക് തങ്ങളുടെ ചാരന്മാരെയും അട്ടിമറിക്കാരെയും സായുധ സംഘങ്ങളെയും ഇറക്കാൻ നടത്തിയ ശ്രമം സംഘർഷം പൊട്ടിപ്പുറപ്പെടാനിടയാക്കുകയും ചെയ്തു. സ്വന്തം സൈന്യത്തിന്റെ 25 ശതമാനത്തിലധികം ചിയാങ് കൈഷക്ക് ഇവിടെ വിന്യസിച്ചു. ചിയാങ് കൈഷക്കിനെ യുദ്ധത്തിൽ സഹായിക്കാൻ തയ്യാറെടുക്കുവാൻ തായ്‌വാൻ കടലിടുക്കിൽ നിലയുറപ്പിച്ച തങ്ങളുടെ കുപ്രസിദ്ധമായ കപ്പൽപ്പടയ്ക്ക് അമേരിക്ക ഉത്തരവ് നൽകി. ഇതിനെ പ്രതിരോധിക്കുന്നതിനായി മാവോ സേതുങ്ങിന്റെ നേതൃത്വത്തിലുള്ള അന്നത്തെ സോഷ്യലിസ്റ്റ് ചൈന, സൈനികമായി തിരിച്ചടി നൽകി സോഷ്യലിസത്തെ സംരക്ഷിക്കാൻ തയ്യാറാവുകയും തായ്‌വാൻ കടലിടുക്കിൽനിന്ന് അമേരിക്ക സൈന്യത്തെ പിൻവലിക്കണമെന്ന് ആവശ്യപ്പെടുകയും ചെയ്തു. 1954ൽ നടന്ന ജനീവ കോൺഫറൻസിൽ അംഗീകരിച്ചതും 1955 മുതൽ പ്രവർത്തനം നിലച്ചതുമായ ചൈന-അമേരിക്ക നയതന്ത്രതല ചർച്ച പുനരാരംഭിക്കാൻ ചൈന ആഹ്വാനം ചെയ്തു. ഇതേ സമയം അമേരിക്കൻ ആക്രമണത്തെ സൈനികമായി നേരിടുമെന്ന് സോവിയറ്റ് യൂണിയൻ മുന്നറിയിപ്പ് നൽകി. സമ്മർദ്ദത്തിലായ അമേരിക്കൻ സാമ്രാജ്യത്വം ഏഴാം കപ്പൽപ്പടയെ പിൻവലിച്ചില്ലെങ്കിലും തങ്ങളുടെ യുദ്ധസന്നാഹങ്ങൾ കുറയ്ക്കാൻ തയാറായി. ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്കിന്റെ (തായ്‌വാൻ) വിജയത്തിന് വേണ്ടി സാധ്യമായതെല്ലാം ചെയ്യുമെന്ന പ്രഖ്യാപനമാണ് സോഷ്യലിസ്റ്റ് ചൈനയോടുള്ള തങ്ങളുടെ നയം വ്യക്തമാക്കിക്കൊണ്ട് അന്നത്തെ അമേരിക്കൻ പ്രതിരോധ സെക്രട്ടറിയായ ജോൺ ഫോസ്റ്റർ ഡള്ളസ് നടത്തിയത്. എന്നാൽ 1970 ആയപ്പോൾ കാനഡ ഉൾപ്പെടെയുള്ള ചില പാശ്ചാത്യരാജ്യങ്ങൾ സോഷ്യലിസ്റ്റ് ചൈനയുമായി നയതന്ത്ര ബന്ധങ്ങൾ സ്ഥാപിച്ചിരുന്നു. 1971ൽ അമേരിക്ക തങ്ങളുടെ നയത്തിൽ മാറ്റം വരുത്തുകയും കമ്മ്യൂണിസ്റ്റ് ചൈനക്കും നാഷണലിസ്റ്റ് ചൈനക്കും (തായ്‌വാൻ) ഐക്യരാഷ്ട്ര സംഘടനയിൽ അംഗത്വം നൽകുന്നതിനെ അനുകൂലിക്കുകയും ചെയ്തു. ഇതേ വർഷം തന്നെ സോഷ്യലിസ്റ്റ് ചൈനക്ക് അംഗത്വം നൽകാനും തായ്‌വാനെ പുറത്താക്കാനും ഐക്യരാഷ്ട്ര സംഘടന വോട്ടെടുപ്പിലൂടെ തീരുമാനിക്കുകയും ചെയ്തു. 1972ൽ അമേരിക്കൻ പ്രസിഡണ്ട് നിക്സൺ ചൈന സന്ദർശിക്കുകയും തായ്‌വാനിൽനിന്നും തങ്ങളുടെ സൈന്യത്തെ ഘട്ടം ഘട്ടമായി പിൻവലിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു.

കഴിഞ്ഞ 51 വർഷക്കാലത്തിനിടയിൽ അമേരിക്ക പീപ്പിൾസ് റിപ്പബ്ലിക്ക് ഓഫ് ചൈനക്ക് മാത്രമേ അംഗീകാരം നൽകിരുന്നുള്ളുവെങ്കിലും തായ്‌വാൻ റിലേഷൻസ് ആക്ട് (TRA) അനുസരിച്ച് തായ്‌വാനുമായി അനൗദ്യോഗിക ബന്ധം നിലനിർത്തുകയും സോഷ്യലിസ്റ്റ് ചൈനക്കെതിരെ സ്വയം പ്രതിരോധിക്കുന്നതിനായി തായ്‌വാന് നിയമാനുസൃതമായി ആയുധ വിൽപ്പന നടത്തുകയും ചെയ്തുവരികയായിരുന്നു എന്ന വസ്തുത ഇവിടെ പ്രത്യേകം എടുത്തു പറയേണ്ടതാണ്. തായ്‌വാൻ ജനതയുടെ ആഗ്രഹങ്ങൾക്കും താൽപര്യങ്ങൾക്കുമനുസരിച്ച് സമാധാനപരമായ മാർഗ്ഗങ്ങളിലൂടെ തായ്‌വാന്റെ ഭാവി ഉറപ്പുവരുത്തേണ്ടത് തങ്ങളുടെ ആവശ്യമാണെന്നാണ് അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ നിലപാട്. തായ്‌വാന്റെ സുരക്ഷിതത്വത്തെയോ സാമൂഹ്യ-സാമ്പത്തിക വ്യവസ്ഥയെയോ തകിടം മറിക്കുന്ന ഏത് തരത്തിലുള്ള ബാഹ്യ ഇടപെടലുകളെയും ബലപ്രയോഗത്തെയും പ്രതിരോധിക്കാൻ അമേരിക്ക തങ്ങളുടെ ശക്തി ഉപയോഗിക്കുമെന്ന് TRA യിൽ വ്യവസ്ഥ ചെയ്തിട്ടുമുണ്ട്. യഥാർത്ഥത്തിൽ അഖണ്ഡചൈന എന്ന നയം അംഗീകരിക്കുന്നുണ്ടെങ്കിൽപോലും തായ്‌വാന് വൻതോതിൽ ആയുധ വിൽപ്പന നടത്തുകവഴി അമേരിക്ക സംശയാസ്പദമായ ഒരു നിലപാടാണ് സ്വീകരിച്ചുവരുന്നത്. 2021 ഏപ്രിൽ വരെ 750 മില്യൺ ഡോളറിനുള്ള ആയുധങ്ങളാണ് അമേരിക്ക തായ്‌വാന് വിൽപ്പന നടത്തിയത്. ഇതിൽ 100 മില്യൻ ഡോളറിനുള്ള വിൽപ്പന ഫെബ്രുവരിയിലും 95 മില്യൻ ഡോളറിനുള്ള വിൽപ്പന ഏപ്രിൽ മാസത്തിലുമാണ് നടന്നത്.

നയതന്ത്രപദവി

മഹാനായ മാവോ സേതുങ്ങിന്റെ നേതൃത്വത്തിൽ ജനകീയ ജനാധിപത്യ റിപ്പബ്ലിക്ക് രാജ്യമായ ചൈന അഖണ്ഡചൈന എന്ന നയം ഉന്നയിക്കുമ്പോൾ, ഒരേയൊരു ചൈനീസ് ഗവൺമെന്റ് മാത്രമേ ഉണ്ടാകൂ എന്നതാണ് സോഷ്യലിസ്റ്റ് ചൈനയുടെ ഭരണാധികാരികളുടെ നിലപാട്. തായ്‌വാൻ ചൈനയുടെ ഭാഗമാണെന്നും, ഉടൻ തന്നെ മാതൃരാജ്യത്തോട് പുനഃസംയോജിപ്പിക്കുമെന്നുമാണ് അന്നത്തെ ചൈനീസ് സർക്കാർ വ്യക്തമാക്കിയത്. 1949ൽ ചൈനയുടെ ഈ നയത്തെ ആദ്യമായി അംഗീകരിച്ചത് ഇന്ത്യയായിരുന്നു. അതിനുശേഷം അതിശക്തമായ സാമ്രാജ്യത്വ ബ്ലോക്ക് ജി7 ൽ പെട്ട രാജ്യങ്ങൾ ഉൾപ്പെടെയുള്ള മറ്റ് രാജ്യങ്ങളും അഖണ്ഡചൈന നയത്തെ അംഗീകരിച്ചു. അഖണ്ഡ ചൈന എന്ന തങ്ങളുടെ നയത്തിൽ യാതൊരു മാറ്റവുമില്ലെന്നും തായ്‌വാനോടുള്ള അടിസ്ഥാനപരമായ നിലപാടിന് അത് ബാധകമാണെന്ന് അമേരിക്കയും ജപ്പാനും ഉൾപ്പെടുന്ന ജി7 രാജ്യങ്ങൾ ഇപ്പോഴും പറയുന്നത്. ഇതിനിടയിൽ ചൈനയിൽ വളരെ നിർണ്ണായകമായ ഒരു സംഭവ വികാസമുണ്ടായി. മാവോ സേതുങ്ങിന്റെ നിര്യാണത്തെ തുടർന്ന് ഡെങ് സിയാവോ പിങ്ങിന്റെ നേതൃത്വത്തിലുള്ള തിരുത്തൽവാദ ഗ്രൂപ്പ് അധികാരം പിടിച്ചെടുക്കുകയും 2004ൽ പരിപൂർണ്ണതയിലേക്ക് നയിച്ച പ്രതിവിപ്ലവ പ്രക്രിയക്ക് തുടക്കം കുറിക്കുകയും ചെയ്തു. അതുകൊണ്ടു തന്നെ അഖണ്ഡചൈന എന്ന നയത്തോട് സോഷ്യലിസ്റ്റ് ചൈന സ്വീകരിച്ചിരുന്ന അതേ കാഴ്ചപ്പാടല്ല നിലവിലുള്ള സാമ്രാജ്യത്വ ചൈനക്കുള്ളത്. ചൈന എന്ന പേരിൽ ഒരേയൊരു പരമാധികാര രാജ്യം മാത്രമേ ഉണ്ടാകൂ എന്നും ചൈനയ്ക്ക് തായ്‌വാനും കൂടി നിയമാനുസൃതമായി ചൈനീസ് പീപ്പിൾസ് റിപ്പബ്ലിക്ക് നയിക്കുന്ന ഒരേയൊരു ഗവൺമെന്റ് മാത്രമേ ഉണ്ടാകാൻ പാടുള്ളൂ എന്നുമായിരുന്നു സോഷ്യലിസ്റ്റ് ചൈനയുടെ നിലപാട്. പ്രതിലോമ ശക്തികളുടെ ഏജന്റും സോഷ്യലിസത്തിന്റെ മുഖ്യശത്രുവുമായ ചിയാങ് കൈഷക്കിന്റെ നേതൃത്വ

(ശേഷം 14-ാം പേജിൽ)

പടിപടിയായുള്ള സൈനിക നടപടികളിലൂടെ പ്രകോപിപ്പിച്ച് അമേരിക്ക ചൈനയെ പ്രത്യാക്രമണത്തിന് പ്രേരിപ്പിക്കുന്നു

(13-ാം പേജിൽ നിന്ന്)

ത്തിൽ ചൈനയിൽ നടക്കുന്ന ഭരണം ദീർഘകാലമായി നടന്നു വരുന്ന ആഭ്യന്തര യുദ്ധമാണെന്നും ഇത് ചൈനയുടെ ആഭ്യന്തര പ്രശ്നവുമാണെന്ന കൃത്യമായ നിലപാടാണ് സോഷ്യലിസ്റ്റ് ചൈനയ്ക്കുണ്ടായിരുന്നത്. സാമ്രാജ്യത്വ ശക്തികൾ തായ്‌വാനെ സഹായിക്കുന്നത് തടയുന്നതിനായി "അഖണ്ഡചൈന" എന്ന വാദം ചൈന ശക്തമായി ഉന്നയിച്ചു. ഇതേ നിലപാടാണ് തങ്ങൾ പിന്തുടരുന്നത് എന്ന് ഭാവിക്കുന്നുണ്ടെങ്കിലും തായ്‌വാനെ തട്ടകമാക്കി ആ മേഖലയിലേക്ക് ഇടപെടാനും ആധിപത്യം സ്ഥാപിക്കാനുമുള്ള അമേരിക്കൻ നേതൃത്വത്തിലുള്ള ശ്രമത്തെ തടയാനും സൈനികാക്രമണത്തിലൂടെ മേധാവിത്വം നേടി ഒരു സാമ്രാജ്യത്വ വൻശക്തിയായി ഉയർന്നു വരാനുമാണ് നിലവിലെ ചൈനീസ് സാമ്രാജ്യത്വ ഭരണകൂടം ശ്രമിക്കുന്നത്. സ്വാഭാവികമായി, നിലവിലെ ചൈനീസ് സാമ്രാജ്യത്വ ഭരണകൂടം അക്രമണോത്സുക്യത്തോടെ അമേരിക്കൻ സാമ്രാജ്യത്വത്തോട് മത്സരിക്കാൻ പ്രാപ്തിയുള്ള ഒരു ശക്തിയായി ഉയർന്നുവരികയും ചെയ്തിട്ടുണ്ട്.

കുപ്രസിദ്ധമായ BRICS പദ്ധതിയിലൂടെ ഇന്ത്യാ പസഫിക് സമുദ്രമേഖലയിലും സമീപരാജ്യങ്ങളിലും ചൈന തങ്ങളുടെ സ്വാധീനശക്തി വർദ്ധിപ്പിച്ചു കൊണ്ടിരിക്കുകയാണ്. ചൈനയുടെ വർദ്ധിച്ചുവരുന്ന ഭീഷണി തടയുന്നതിനായി ജപ്പാൻ, ഇന്ത്യ, ആസ്ട്രേലിയ എന്നീ രാജ്യങ്ങളുമായി ചേർന്ന് "QUAD" എന്ന സഖ്യം രൂപീകരിച്ചിരിക്കുകയാണ് അമേരിക്ക. ആ ഒരു പരിപ്രേക്ഷ്യത്തിലൂടെയാണ് തായ്‌വാൻ പ്രശ്നത്തെ അവർ സമീപിക്കുന്നത്. നിക്ഷ്പക്ഷമായും യുക്തിപരമായും സമീപിക്കുന്ന ഏതൊരാൾക്കും അഖണ്ഡ ചൈനാനയത്തെ നിയമാനുസൃതമായിട്ടേ കാണാൻ കഴിയൂ. 1972, 1979, 1982 എന്നീ വർഷങ്ങളിൽ ചൈനയുമായി ഒപ്പ് വെച്ച മൂന്ന് വ്യത്യസ്ത വിജ്ഞാപനങ്ങളിലും ചൈന ഒറ്റ രാജ്യമാണെന്നും തായ്‌വാൻ ചൈനയുടെ പ്രവിശ്യയാണെന്നും അമേരിക്ക അംഗീകരിച്ചിട്ടുണ്ട്. അതേ സമയം അഖണ്ഡ ചൈന എന്ന നയം അംഗീകരിക്കുന്ന തായ്‌വാൻ ഭരണാധികാരികൾ ROC ഭരണഘടനയനുസരിച്ച് (1947 ൽ നാൻജിങ്ങിൽ കുമിന്താങ് സർക്കാർ അംഗീകരിച്ച) മാതൃരാജ്യമായ ചൈനയുടെയും തായ്‌വാനിന്റെയും ഭൂരിഭാഗം പ്രദേശങ്ങളിലും തങ്ങൾക്ക് പരമാധികാരമുണ്ടെന്ന വാദമാണ് ഉന്നയിക്കുന്നത്.

തായ്‌വാൻ ഭരണകക്ഷിയായിരുന്ന കമിന്താങ് പാർട്ടിയുടെയും ചൈനീസ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെയും പ്രതിനിധികൾ അംഗീകരിച്ച 1992ലെ സമവായം എന്നറിയപ്പെടുന്ന ധാരണ അനുസരിച്ച് പ്രവർത്തിക്കാൻ തായ്‌വാന് ബാധ്യതയുണ്ടെന്നാണ് നിലവിലെ ചൈനീസ് ഭരണാധികാരികളുടെ നിലപാട്. എന്നാൽ തായ്‌വാനിലെ നിലവിലുള്ള ബൂർഷ്വാ ഭരണാധികാരികൾ ഈ സമവായത്തിന്റെ ഉള്ളടക്കത്തെ അംഗീകരിക്കുന്നില്ല. തായ്‌വാന്റെ നിയമാനുസൃതമായ നിലനിൽപ്പുമായി ബന്ധപ്പെട്ട വിഷയങ്ങൾ ഒരിക്കലും ഈ ഉടമ്പടിയിൽ ഉൾപ്പെടുത്തിയിരുന്നില്ല എന്ന വാദമാണ് അവർ ഉയർത്തുന്നത്. എന്തുതന്നെയായാലും സാമ്പത്തികവും ഭൗരാഷ്ട്രതന്ത്രപരവുമായ കാരണങ്ങളാൽ അമേരിക്കയ്ക്കും ചൈനയ്ക്കും തായ്‌വാനിൽ വലിയ താൽപര്യങ്ങളുണ്ടെന്ന വസ്തുത വളരെ വ്യക്തമാണ്. എന്നു മാത്രമല്ല, സാമ്രാജ്യത്വ ചൈന ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ ആണ്ടുമുങ്ങിയിരിക്കുകയുമാണ്. ആയതിനാൽ അമേരിക്ക, റഷ്യ, മറ്റ് യൂറോപ്യൻ ശക്തികൾ എന്നിവയെപ്പോലെ ചൈനയും യുദ്ധസംഘർഷം അഭിലഷിക്കുന്നുണ്ട്. യൂറോപ്പിൽ കൂടുതൽ ആധിപത്യം സ്ഥാപിക്കുന്നതിനുവേണ്ടി അമേരിക്കയും റഷ്യയും തമ്മിൽ നടക്കുന്നതുപോലെ ഇൻഡോ പെസഫിക് മേഖലയിലെ ആധിപത്യത്തിനായി ചൈനയും അമേരിക്കയും തമ്മിൽ കടുത്ത മത്സരത്തിലാണ്.

തായ്‌വാന്റെ സമ്പദ്‌വ്യവസ്ഥ

മുമ്പ് സൂചിപ്പിച്ചതുപോലെ അമേരിക്കയിൽനിന്നും വൻതോതിലുള്ള സാമ്പത്തിക സഹായം സ്വീകരിക്കുകയും അമേരിക്കയുമായി ഏകദേശം 786 ബില്യൺ ഡോളറിനുള്ള ചരക്ക് വ്യാപാര ബന്ധം സ്ഥാപിച്ചുകൊണ്ട് യു. എസ് താൽപര്യങ്ങൾ മെച്ചപ്പെടുത്തുകയും അമേരിക്കയിൽ സാമ്പത്തിക അവസരങ്ങൾ സൃഷ്ടിക്കുവാൻ സഹായിക്കുകയും ചെയ്യുന്ന തായ്‌വാൻ ഇന്ന് വളരെയേറെ വികസിച്ച ഒരു മുതലാളിത്ത സമ്പദ്‌വ്യവസ്ഥയാണ്. കഴിഞ്ഞ വർഷം തായ്‌വാൻ അമേരിക്കയുമായുള്ള വ്യാപാര പങ്കാളിത്തത്തിൽ ഒരു സ്ഥാനം മെച്ചപ്പെടുത്തിക്കൊണ്ട് എട്ടാമത്തെ വലിയ വ്യാപാര പങ്കാളിയായി മാറി. ദൈനംദിന ആവശ്യങ്ങൾക്കുള്ള ഇലക്ട്രോണിക് ഉപകരണങ്ങളായ ഫോൺ, ലാപ്ടോപ്പ്, വാച്ചുകൾ തുടങ്ങിയവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ കമ്പ്യൂട്ടർ ചിപ്പുകൾ നിർമ്മിക്കുന്നത് തായ്‌വാൻ ആയതുകൊണ്ടുതന്നെ ലോകത്തിലെ എല്ലാ രാജ്യങ്ങൾക്കും തായ്‌വാനുമായുള്ള ബന്ധം വളരെ പ്രധാനപ്പെട്ടതാണ്. ലോക കമ്പോളത്തിന്റെ പകുതിയിലധികവും നിയന്ത്രിക്കുന്നത് തായ്‌വാനിലെ ഒരു കമ്പനിയായ തായ്‌വാൻ സെമികണ്ടക്ടർ മാനുഫാക്ചറിംഗ് കമ്പനി (TSMC) ആണെന്നറിയുമ്പോൾ ഇതിന്റെ വ്യാപ്തി മനസ്സിലാകും. അമേരിക്കയിൽ 12 ബില്യൺ ഡോളർ മുതൽമുടക്കിയുള്ള

യുദ്ധഭീതിയിൽ തായ്‌വാൻ

കമ്പ്യൂട്ടർ ചിപ്പ് ഫാക്ടറി ആരംഭിക്കാൻ TSMCക്ക് പദ്ധതിയുണ്ട്. ചൈനയുടെ കുതിപ്പ് തടയുന്നതിന് സെമികണ്ടക്ടർ വ്യവസായത്തിന് അമേരിക്ക മുന്തിയ പരിഗണനയാണ് നൽകുന്നത്. എന്നാൽ യഥാർത്ഥത്തിൽ അമേരിക്കയിലേക്കുള്ള വാർഷിക കയറ്റുമതിയായ 65.9 ബില്യൺ ഡോളറിന്റെ ഏകദേശം ഇരട്ടിയായ 126.2 ബില്യൺ ഡോളറാണ് ചൈനയിലേക്കുള്ള തായ്‌വാന്റെ കയറ്റുമതി. തായ്‌വാനിൽ നിന്നുള്ള കയറ്റുമതിയെ ആശ്രയിച്ചാണ് ചൈനയിലെ ഗൃഹ ഉപയോഗ വസ്തു നിർമ്മാണ വ്യവസ്ഥ പ്രവർത്തിക്കുന്നതെങ്കിൽ തായ്‌വാൻ ആശ്രയിക്കുന്നത് ഘന ഊർജ്ജത്തെയും ഉപഭോക്തൃ വസ്തുക്കൾ എന്നിവയുടെ ഇറക്കുമതിയുമാണ്. അതിനാൽ ചൈനയുമായുള്ള ശത്രുത തായ്‌വാന്റെ സമ്പദ്‌വ്യവസ്ഥയെ ഗണ്യമായി ബാധിക്കും. രണ്ടാമതായി തായ്‌വാൻ കടലിടുക്കിൽ ഏതെങ്കിലും വിധത്തിലുണ്ടാകുന്ന ആയുധ സംഘർഷം ചിപ്പ് വിതരണ ശൃംഖലയിലും സെമികണ്ടക്ടർ വ്യവസായത്തിലും പിളർപ്പുണ്ടാക്കിയാൽ അമേരിക്കൻ സാമ്രാജ്യത്വവും ചൈനീസ് സാമ്രാജ്യത്വവും തിരിച്ചടി നേരിടേണ്ടി വരും. അത് തായ്‌വാന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് കനത്ത പ്രഹരമുണ്ടാക്കുകയും ചെയ്യും.

ഇന്ത്യ നിലപാട് വ്യക്തമാക്കാത്തത് എന്തുകൊണ്ട്

അഖണ്ഡചൈനാനയത്തെ ഔദ്യോഗികമായി അംഗീകരിക്കുന്നതിനാൽ തായ്‌വാനുമായി ഇന്ത്യക്ക് ഇപ്പോഴും ഔപചാരികമായ നയതന്ത്ര ബന്ധങ്ങൾ ഇല്ല. എന്നാൽ ഒരു മുതിർന്ന നയതന്ത്ര ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ നയതന്ത്ര പ്രവർത്തനങ്ങൾക്കായി, ഇന്ത്യ തായ് പെയ് അസോസിയേഷൻ എന്നപേരിൽ ഇന്ത്യയുടെ ഓഫീസ് തായ്പെയിൽ പ്രവർത്തിക്കുന്നുണ്ട്. ഇന്ത്യൻ തലസ്ഥാനമായ ന്യൂഡൽഹിയിൽ തായ്പെയ് എക്കണോമിക് ആന്റ് കൾച്ചർ സെന്റർ എന്ന പേരിൽ തായ്‌വാന്റെ ഓഫീസ് പ്രവർത്തിക്കുന്നുമുണ്ട്. 1995 ൽ ആണ് ഈ രണ്ട് ഓഫീസുകളും പ്രവർത്തനം ആരംഭിച്ചത്. ചൈനയുമായും തായ്‌വാനുമായും ഇന്ത്യ ബന്ധം നിലനിർത്തിപ്പോരുന്നുണ്ട്. എന്നാൽ ഈ അടുത്ത കാലത്ത് ഏഷ്യയിൽ മാത്രമല്ല ലോകത്തെ തന്നെ വൻശക്തിയായി മാറാൻ അമേരിക്കൻ സഹായം തേടുന്ന ഇന്ത്യൻ സാമ്രാജ്യത്വ ഭരണാധികാരികൾ അമേരിക്കയോട് കൂടുതൽ ചായ്‌വ് കാണിക്കുകയും അതിർത്തി പ്രശ്നങ്ങളും സാമ്രാജ്യത്വ വൈരുദ്ധ്യങ്ങളും മൂലം ചൈനയുമായുള്ള സൗഹൃദത്തിൽ ഉലച്ചിൽ തട്ടിയതിനാൽ തായ്‌വാനുമായി കൂടുതൽ ബന്ധം ഊട്ടിയുറപ്പിക്കാൻ ശ്രമിച്ചു വരികയാണ്. തായ്പെയിലേക്കുള്ള തങ്ങളുടെ ദൂതനായി ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിലെ അമേരിക്കയുടെ ചുമതലയുള്ള ജോയിന്റ് സെക്രട്ടറിയെ തന്നെയാണ് ഇന്ത്യ തെരഞ്ഞെടുത്തത്. 2016 മെയ് 20ന് നടന്ന തായ്‌വാന്റെ പുതിയ പ്രസിഡണ്ട് സായ് ഇങ്ങ്‌വെൻന്റെ സത്യപ്രതിജ്ഞാ ചടങ്ങിൽ പങ്കെടുക്കാൻ ബിജെപി തങ്ങളുടെ രണ്ട് പാർലമെന്റ് അംഗങ്ങൾക്ക് നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ അമേരിക്കൻ പ്രതിനിധി സഭയുടെ സ്പീക്കർ നാൻസി പെലോസിയുടെ പെട്ടെന്നുള്ള തായ്പെയ് സന്ദർശനത്തെ തുടർന്ന് തായ്‌വാനെ കേന്ദ്രീകരിച്ചുണ്ടായി വരുന്ന സംഘർഷത്തിൽ ഇന്ത്യ ഇതുവരെ നിലപാട് വ്യക്തമാക്കിയിട്ടില്ലെന്ന് മാത്രമല്ല ഈ വിഷയത്തിൽ രാഷ്ട്രീയ പ്രാധാന്യമുള്ള ഒരു പ്രസ്താവന പുറപ്പെടുവിക്കുന്നതിൽ നിന്നുപോലും ഇന്ത്യ വിട്ടു നിന്നു.

തായ്‌വാനിലെ ഇപ്പോഴത്തെ സംഘർഷത്തിലേയ്ക്ക് നയിച്ചതെന്ത്

കഴിഞ്ഞ 25 വർഷത്തിനിടയിൽ തായ്‌വാൻ സന്ദർശിച്ച ഉന്നത അമേരിക്കൻ ഭരണാധികാരിയും അമേരിക്കൻ അധികാര ശ്രേണിയിലെ മൂന്നാം സ്ഥാനക്കാരിയുമായ നാൻസി പെലോസിയുടെ തായ്‌വാൻ സന്ദർശനത്തെ തുടർന്നാണ് ഇന്ത്യാ പസഫിക് മേഖല തിളച്ചു മറിയാൻ തുടങ്ങിയത്. കഴിഞ്ഞ വർഷം മാർച്ചിൽ നടത്തുമെന്ന് അറിയിച്ചിരുന്ന നാൻസി പെലോസിയുടെ തായ്‌വാൻ സന്ദർശനം കോവിഡ് കാരണമാണ് മാറ്റിവെച്ചതെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. തായ്‌വാനിൽ സംഘർഷം വർദ്ധിക്കാൻ ഇടയാകുമെന്നതിനാൽ നാൻസി പെലോസിയെ തായ്‌വാനിലേക്ക് അയക്കരുതെന്ന് ചൈനീസ് പ്രസിഡണ്ട് ഷീജിൻപിങ്ങ് അമേരിക്കൻ പ്രസിണ്ട് ജോ ബൈഡനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ അമേരിക്ക ഈ അഭ്യർത്ഥന നിരസിക്കുകയും ഒരാഴ്ചയ്ക്കുള്ളിൽ പെലോസിയുടെ തായ്‌വാൻ സന്ദർശിക്കുകയും ചെയ്തു. ഇത് ചൈനീസ് ഭരണാധികാരികളിൽ കടുത്ത അമർഷമുണ്ടാക്കി.

ചൈനീസ് സാമ്രാജ്യത്വത്തെ സംബന്ധിച്ചിടത്തോളം ഒരു മുതിർന്ന അമേരിക്കൻ ഭരണാധികാരിയുടെ തായ്‌വാനിലെ സാന്നിധ്യം തായ്‌വാന്റെ സ്വാതന്ത്ര്യത്തിനുള്ള പിന്തുണയായിട്ടാണ് കാണുന്നത്. പെലോസി തായ്‌വാൻ സന്ദർശിച്ചാൽ ദൃഢനിശ്ചയമുള്ളതും ശക്തവുമായ നടപടികൾ ഉണ്ടാവുമെന്ന് ചൈന മുന്നറിയിപ്പ് നൽകി. ചൈന തങ്ങളുടെ പരമ്പരാഗതമായ സമുദ്രാതിർത്തി ലംഘിച്ചുകൊണ്ട് വിമാനങ്ങൾ പറപ്പിക്കുകയും തായ്‌വാൻ ദ്വീപിലേക്ക് മിസൈലുകൾ തൊടുത്തുവിടുകയും തായ്‌വാന് ചുറ്റുമുള്ള സമുദ്രമേഖലയിൽ സൈനികാഭ്യാസം വൻതോതിൽ നടത്തുകയും ചെയ്യുന്നുണ്ടെന്ന് ഏകപക്ഷീയമായ പ്രചരണം പാശ്ചാത്യൻ മാധ്യമങ്ങളും ഇന്ത്യൻ മുഖ്യധാരാ മാധ്യമങ്ങളും തുടർച്ചയായി നടത്തി വരികയാണ്. ഇവയെല്ലാം ഭീതിപ്പെടുത്തുന്നതായി അവർ പ്രചരിപ്പിക്കുന്നു. എന്നാൽ അമേരിക്കയുടെ ഏഴാം കപ്പൽപടയിൽ നിന്നും ഈ വർഷം പ്രതിമാസം ഒന്നെന്ന കണക്കിൽ മിസൈൽ നശീകരണ ആയുധങ്ങൾ തായ്‌വാൻ കടലിടുക്കിലേക്ക് തൊടുത്തുവിട്ടിരുന്നുവെന്ന വസ്തുത അറിഞ്ഞോ അറിയാതെയോ ഈ മാധ്യമങ്ങൾ മറച്ചുവെക്കുകയാണ്. ജി7 ൽ പെട്ട എല്ലാ സാമ്രാജ്യത്വ രാജ്യങ്ങളിൽ നിന്നുമായി 25000 സൈനികർ, നാല് മുങ്ങിക്കപ്പലുകൾ, 38 യുദ്ധക്കപ്പലുകൾ, 170 എയർക്രാഫ്റ്റുകൾ എന്നിവ അണിനിരന്ന വമ്പിച്ച സൈനിക അഭ്യാസം അമേരിക്കൻ നേവൽ കമാൻഡ് RIMPAC (Rim of the Pacific Assault Training) നടത്തിവരികയാണ്. ഏഷ്യാ പസഫിക് മേഖലയിലെ മറ്റ് 19 രാജ്യങ്ങൾ പ്രതീകാത്മകമായി ഈ സൈനിക അഭ്യാസത്തിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. ലോകത്തിലെ ഏറ്റവും വലിയ അന്തർദേശീയ സമുദ്ര സൈനിക അഭ്യാസപ്രകടനമാണ് RIMPAC. ചൈനയുടെ വർദ്ധിച്ച തോതിലുള്ള സൈനിക നീക്കത്തെ തടയുകയാണ് ഈ വിപുലമായ സൈനിക അഭ്യാസത്തിലൂടെ തങ്ങൾ ലക്ഷ്യമിടുന്നതെന്നാണ് RIMPACയുടെ കമാൻഡറുടെ നിലപാട്. ഈ വിനാശകരമായ നാവിക നടപടി നടന്നത് ജൂൺ 29 മുതൽ ആഗസ്റ്റ് 4 വരെ, അതായത് അമേരിക്കൻ പ്രതിനിധിസഭാ സ്പീക്കർ നാൻസി പെലോസി തായ്‌വാൻ സന്ദർശിക്കുന്ന വേളയിലാണ്. നിരവധി യുദ്ധക്കപ്പലുകളും വിമാനങ്ങളും അതിവിപുലമായതും മാരകശേഷിയുള്ളതുമായ ആയുധങ്ങളും പ്രദർശിപ്പിച്ചു കൊണ്ടുള്ള ഈ സൈനികാഭ്യാസം പതിവു നടപടികൾ മാത്രമാണെന്നാണ് അമേരിക്കൻ അധികൃതർ പറയുന്നത്. കഴിഞ്ഞ വർഷം മാർച്ച് മാസത്തിൽ അമേരിക്കയുടെ മുതി

(ശേഷം 15-ാം പേജിൽ)

സാമ്രാജ്യത്വം യുദ്ധം സൃഷ്ടിക്കുമെന്ന ലെനിന്റെ പാഠം തായ്‌വാൻ സംഘർഷം സാധൂകരിക്കുന്നു

(14–ാം പേജിൽ നിന്ന്)

ർന്ന സൈനിക ഇന്റലിജൻസ് ഉദ്യോഗസ്ഥർ തായ്‌വാൻ സന്ദർശിച്ചിരുന്നു എന്ന വിവരവും വെളിവാകുന്നുണ്ട്. ഇതേ തുടർന്ന് 'യുദ്ധകഴുകൻ' എന്നറിയപ്പെടുന്ന ലിൻഡ്സേ ഗ്രഹാം ഉൾപ്പെടെയുള്ള സൈനിക, ഇന്റലിജൻസ്, വിദേശകാര്യ, നീതിന്യായ, ധനകാര്യ കമ്മിറ്റിയംഗങ്ങളായ ആറ് അമേരിക്കൻ സെനറ്റർമാർ കഴിഞ്ഞ ഏപ്രിൽ അവസാനം തായ്‌വാൻ സന്ദർശിച്ചു. ഇൻഡ്യാന ഗവർണർ എറിക്ക് ഹോൾക്കോമ്പിന്റെ നേതൃത്വത്തിലുള്ള മൂന്നാം അമേരിക്കൻ പ്രതിനിധി സംഘം ആഗസ്റ്റ് 21 ന് തായ്‌വാനിൽ എത്തി.

ലോകത്തിലെ ഏറ്റവും വലിയ സെമികണ്ടക്ടർ നിർമ്മാതാക്കളായ തായ്‌വാന്റെ സാമ്പത്തിക പുരോഗതി ലക്ഷ്യം വെച്ചുകൊണ്ടും പരസ്പരം ബന്ധം ശക്തിപ്പെടുത്തുന്നതിനും ഉദ്ദേശിച്ചുള്ളതായിരുന്നു ഈ സന്ദർശനമെന്നാണ് ഇൻഡ്യാന ഗവർണർ ആയ എറിക്ക് ഹോൾക്കോമ്പിന്റെ ഓഫീസ് വ്യക്തമാക്കിയത്. പക്ഷേ തങ്ങളുടെ ആധിപത്യം സ്ഥാപിക്കുക എന്ന ലക്ഷ്യത്തോടെ മറ്റ് വിദേശ രാജ്യങ്ങളെ യുദ്ധത്തിനായി പ്രചോദിപ്പിക്കുക എന്ന അമേരിക്കൻ നയം വ്യക്തമായി അറിയുന്ന ഏതൊരാൾക്കും പ്രത്യക്ഷത്തിൽ സൗമ്യമെന്ന് തോന്നിക്കുന്ന ഈ പ്രസ്താവനയുടെ ഫലപ്രാപ്തി ചോദ്യം ചെയ്യാൻ പര്യാപ്തമായ കാരണമുണ്ട്. ഈ സംഭവങ്ങളെല്ലാം തന്നെ ചൈനയെ പ്രകോപിപ്പിച്ച് പ്രത്യാക്രമണത്തിന് പ്രേരിപ്പിക്കുന്നതിന്റെ വ്യക്തമായ സൂചനകളാണ്.

തായ്‌വാനെ പൂർണ്ണമായും ഉപരോധിക്കാനുള്ള സൈനിക ശേഷി തങ്ങളുടെ സൈന്യത്തിനുണ്ടെന്ന് കാണിക്കുന്ന തരത്തിലുള്ള തരത്തിലുള്ള സൈനിക അഭ്യാസ പ്രകടനത്തിലൂടെയാണ് ചൈന ഇതിനോട് പ്രതികരിച്ചത്. അങ്ങനെ സംഭവിച്ചാൽ അന്തരീക്ഷത്തിൽ വീണ്ടും യുദ്ധഭ്രാന്ത് വർദ്ധിക്കും. ഇങ്ങനെ യുക്രൈനിൽ യുദ്ധത്തിന്റെ തീജ്വാലകൾ ആളിക്കത്തുമ്പോൾ പുതിയൊരു സായുധ സംഘട്ടനത്തിന്റെ ഉത്ഭവസ്ഥാനമായി മാറാൻ പ്രേരിപ്പിക്കുകയാണ്.

സമ്പദ്‌വ്യവസ്ഥയുടെ സൈനിക വൽക്കരണവും യുദ്ധങ്ങളും സാമ്രാജ്യത്വ ഗൂഢാലോചനയുടെ ഫലം

മുതലാളിത്ത വ്യവസ്ഥയുടെ സഹജമായ കാരണങ്ങളാൽ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിൽ അകപ്പെട്ട സമ്പദ്‌വ്യവസ്ഥയെ കൃത്രിമമായി ഉത്തേജിപ്പിക്കുന്നതിനും ആയുസ്സ് നീട്ടിയെടുക്കുന്നതിനുമായി മുതലാളിത്ത സാമ്രാജ്യത്വ രാജ്യങ്ങൾ സമ്പദ് വ്യവസ്ഥയെ വൻതോതിൽ സൈനികവൽക്കരിക്കുകയാണ്. സൈനികവൽക്കരണം യുദ്ധത്തിലൂടെ സൈനിക ഉൽപ്പന്നങ്ങളുടെ ഉപഭോഗം വർദ്ധിപ്പിക്കുകയും പുതിയവ ഉൽപ്പാദിപ്പിക്കുന്നതിനുള്ള സാധ്യത തുറന്നു കൊടുക്കുകയും വ്യവസായ ഉൽപ്പാദനം നിലനിർത്തുകയും സമ്പദ് വ്യവസ്ഥയ്ക്ക് ഊർജ്ജം നൽകുകയും ചെയ്യും.

അതിനാൽ തങ്ങളുടെ സൈനിക ഉൽപ്പന്നങ്ങൾക്ക് വിപണി സൃഷ്ടിക്കുന്നതിനുവേണ്ടിയാണെങ്കിൽപോലും പ്രാദേശിക, മേഖല തലത്തിൽ പോലുമുള്ള യുദ്ധം സൃഷ്ടിക്കുന്നിനാവശ്യമായി തുടർച്ചയായ യുദ്ധഭ്രാന്ത് നിലനിർത്തുക എന്നത് സാമ്രാജ്യത്വ ആവശ്യമാണ്. അതിനാൽ അമേരിക്കൻ സാമ്രാജ്യത്വമായാലും, യൂറോപ്യൻ വൻശക്തികൾ, റഷ്യ, ചൈന, ഇന്ത്യ എന്നിവയായാലും സമ്പദ് വ്യവസ്ഥയുടെ സൈനിക വൽക്കരണം ഒരു പൊതു സ്വഭാവമായി തീർന്നിട്ടുണ്ട്. 'തെമ്മാടി' രാഷ്ട്രങ്ങളിൽ ജനാധിപത്യം കയറ്റുമതി ചെയ്യുക എന്ന വ്യാജേന, ആഗോള സാമ്രാജ്യത്വത്തിന്റെ നായകനായ അമേരിക്ക ദീർഘകാലമായി യുദ്ധക്കൊതി ഒരു മുഖ്യ ആഗോള നയമായി സ്വീകരിച്ചിട്ടുമുണ്ട്.

ഏകാധിപത്യമാണോ ജനാധിപത്യമാണോ തെരഞ്ഞെടുക്കേണ്ടതെന്ന ചോദ്യം ലോകം അഭിമുഖീകരിക്കുന്ന വേളയിലാണ് തന്റെ തായ്‌വാൻ സന്ദർശനം എന്നാണ് ഇത്തവണ നാൻസി പെലോസി അഭിപ്രായപ്പെട്ടത്. 1990 ൽ റിവിഷനിസ്റ്റ് ഡെങ്സിയാവോ പിങ്ങിന്റെ നേതൃത്വത്തിൽ ചൈന തായ്‌വാൻ കടലിടുക്കിൽ സൈനിക അഭ്യാസം നടത്തിയപ്പോൾ അന്നത്തെ അമേരിക്കൻ പ്രസിഡണ്ടായിരുന്ന ബിൽ ക്ലിന്റൺ ഉടൻ തന്നെ മേഖലയിലേക്ക് വിമാന വാഹിനിക്കപ്പലുകൾ അയച്ച കാര്യം ഓർമ്മിക്കുക.

എന്നാൽ ഇന്ന് ലോകത്തിലെ ഏറ്റവും വലിയ നാവിക സേനയുള്ള ഒരു സമ്പൂർണ്ണ സാമ്രാജ്യത്വ രാജ്യമായി മാറിക്കഴിഞ്ഞ ചൈനയ്ക്കെതിരെ അത്തരമൊരു നീക്കം നടത്താൻ ശാക്തിക സന്തുലനാവസ്ഥയിൽ വന്ന മാറ്റം കാരണം അമേരിക്കൻ പ്രസിഡണ്ടായ ജോബൈഡൻ ധൈര്യപ്പെടില്ല. എന്നാൽ ഈ കഴിഞ്ഞ മാസങ്ങളിലെല്ലാം അദ്ദേഹം ആവർത്തിച്ചു പറയുന്നത് തായ്‌വാനു മേൽ ആക്രമണമുണ്ടായാൽ, തായ്‌വാന്റെ സുരക്ഷയ്ക്ക് അമേരിക്ക ഉണ്ടാവുമെന്നാണ്.

ലോകം മുഴുവൻ 85 രാജ്യങ്ങളിലായി 750 സൈനികത്താവളങ്ങളും 8 രാജ്യങ്ങളിൽ നാവിക കേന്ദ്രങ്ങളും അമേരിക്ക സ്ഥാപിച്ചിട്ടുള്ളപ്പോൾ ഈ അടുത്ത കാലത്തായി സാമ്രാജ്യത്വ ചൈനയും നാവിക താവളങ്ങൾ സ്ഥാപിക്കാൻ തുടങ്ങിയിട്ടുണ്ട്. ആഫ്രിക്കൻ ഉപദ്വീപിന്റെ തീരരാജ്യമായ ജിബോട്ടിയിൽ 2017 ൽ ചൈന തങ്ങളുടെ ആദ്യത്തെ വിദേശ സൈനിക താവളം സ്ഥാപിക്കുകയുണ്ടായി. ഇക്വറ്റോറിയൽ ഗിനിയയിൽ പുതിയ സൈനിക താവളം സ്ഥാപിക്കുവാൻ ചൈന തയ്യാറെടുക്കുകയാണ്. ശ്രീലങ്കയിലെ ഹമ്പാൻടോട്ട തുറമുഖം 99 വർഷത്തേക്ക് ആവശ്യമെങ്കിൽ വീണ്ടും 99 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കാമെന്ന നിബന്ധനയോടുകൂടി ചൈന വാടകയ്ക്ക് എടുത്തിരിക്കുകയാണ്.

യുദ്ധഭീതിയിൽ തായ്‌വാൻ

പ്രാദേശികമായി തങ്ങളുടെ മേധാവിത്വം സ്ഥാപിക്കാതെ ഒരു സാമ്രാജ്യത്വ ശക്തിക്കും ആഗോള സാമ്പത്തിക ശക്തിയായി മാറാൻ കഴിയില്ല എന്ന് നമുക്കറിയാം. വളരെ എളുപ്പത്തിൽ സ്വാധീനിക്കാൻ കഴിയുന്ന സാമ്രാജ്യത്വ മാധ്യമങ്ങൾ ഈ കാര്യങ്ങളെല്ലാം ന്യായീകരിക്കുന്ന തരത്തിൽ വ്യാജമായ പ്രചരണം നടത്തുകയാണ്. ഇറാഖ് അധിനിവേശം ഉൾപ്പെടെയുള്ള എല്ലാ സാമ്രാജ്യത്വ യുദ്ധങ്ങളെയും ന്യായീകരിക്കുന്ന നിലപാടിലാണ് അമേരിക്കൻ കുത്തക ഭീമന്മാരുടെ മാധ്യമങ്ങളായ പബ്ലിക്കോ സ്വീകരിച്ചിട്ടുള്ളത്. Fox News, CNN, AP, The NewYork Times, വാഷിംഗ്ടൺ പോസ്റ്റ് തുടങ്ങിയ വൻകിട മാധ്യമങ്ങൾ എല്ലാം അമേരിക്കൻ സൈനിക വ്യവസായവുമായി ഇഴപിരിയാത്ത ബന്ധമാണുള്ളത്. യുദ്ധപ്രചാരണങ്ങൾക്കെതിരെ ആശങ്ക ഉയർത്തുന്നവർക്കെതിരെ അവർ ധാർമ്മികരോഷം കൊള്ളുന്നു.

മധ്യേഷ്യയിൽ തങ്ങളുടെ മേധാവിത്വം സ്ഥാപിക്കുന്നതിനും ആ രാജ്യങ്ങളിലെ എണ്ണ പ്രകൃതിവാതക വിഭവങ്ങൾ അന്യായമായി പിടിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി അമേരിക്കൻ സാമ്രാജ്യത്വം യുദ്ധം സൃഷ്ടിച്ചെടുക്കാൻ ശ്രമിക്കുകയാണ് എന്നതാണ് യാഥാർത്ഥ്യം. പാലസ്തീൻ ജനതയുടെ ന്യായമായ അവകാശങ്ങൾ അടിച്ചമർത്തുന്നതിനായി തങ്ങളുടെ ഏറ്റവും വലിയ സഖ്യകക്ഷിയായ സിയോണിസ്റ്റ് ഇസ്രായേലിനെ ഉപയോഗിച്ച് യുദ്ധം നടത്തുകയാണ് അമേരിക്ക.

ആഫ്രിക്കയിലെയും ലാറ്റിൻ അമേരിക്കയിലെയും തങ്ങളുടെ ആജ്ഞാനുവർത്തികളല്ലാത്ത ഭരണാധികാരികളെ വധിക്കുക, അവിടെ തങ്ങളുടെ വിശ്വസ്ത ഭരണകൂടങ്ങൾ സ്ഥാപിക്കുക, വംശീയ വർണ്ണ സായുധ സംഘർഷങ്ങൾ കുത്തിപ്പൊക്കുക, അധികാര അട്ടിമറികൾ സംഘടിപ്പിക്കുക തുടങ്ങിയവ എത്രയോ കാലമായി അമേരിക്കയുടെ യുദ്ധഗൂഢാലോചനയുടെ ഭാഗമാണ്.

അതിനാൽ ഭൂരാഷ്ട്ര തന്ത്രമനുസരിച്ച് അമേരിക്കയ്ക്കും ചൈനക്കും തങ്ങളുടെ അധികാര മോഹത്തിന്റെ കേന്ദ്രമാണ് തായ്‌വാൻ. അതിനാൽ സാമ്പത്തിക താൽപര്യങ്ങൾക്ക് പുറമേ തായ്‌വാൻ കടലിടുക്കിന്റെ നിയന്ത്രണവും തായ്‌വാനിലെ ഭരണകൂടത്തെയും നിയന്ത്രിക്കുക ഏത് സാമ്രാജ്യത്വ വൻശക്തിയായിരിക്കും എന്ന ചോദ്യം കൂടി ഉയരുന്നുണ്ട്. രണ്ട് സാമ്രാജ്യത്വ ശക്തികൾ തമ്മലുള്ള രൂക്ഷമായ വൈരുദ്ധ്യത്താൽ ലോകം വീണ്ടും സർവ്വനാശകാരിയായ യുദ്ധഭീഷണിയിലാണ്.

ശക്തമായ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനത്തിന് മാത്രമേ യുദ്ധക്കൊതിയെ തടയാൻ കഴിയൂ

സാമ്രാജ്യത്വ രാജ്യങ്ങളിലെ ബഹുരാഷ്ട്ര കുത്തകകളുടെയും ഭരണ മുതലാളിവർഗ്ഗത്തിന്റെയും സങ്കുചിതവും വിഭാഗീയവുമായ സാമ്പത്തിക രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് വേണ്ടി മറ്റ് നിസ്സാരമായ കാരണങ്ങളുടെ പേരിലോ ഒന്നിനു പിറകെ ഒന്നായി സൃഷ്ടിച്ചെടുക്കുന്ന യുദ്ധങ്ങൾ ലോകമാകെയുള്ള സമാധാനകാംക്ഷികളും ജനാധിപത്യ വിശ്വാസികളുമായ ജനങ്ങളെ സ്തബ്ധരാക്കുകയാണ്. ആഗോള മുതലാളിത്ത സമ്പദ്‌വ്യവസ്ഥയുടെ പ്രതിസന്ധി അടിക്കടി വർദ്ധിക്കുകയും അതിന്റെ ആഘാതം മുഴുവൻ അടിച്ചമർത്തപ്പെടുന്ന ദശലക്ഷങ്ങൾ ഏറ്റുവാങ്ങേണ്ടി വരികയും ചെയ്യുന്ന ഘട്ടത്തിൽ റഷ്യ-ഉക്രൈൻ യുദ്ധം അവസാനിപ്പിക്കുന്നതിനും തായ്‌വാനിൽ ശക്തിപ്പെട്ടുവരുന്ന സംഘർഷം ഇല്ലാതാക്കാനും കാര്യക്ഷമമായ നടപടികൾ ഉണ്ടാവണമെന്ന് അവർ ആത്മാർത്ഥമായി ആഗ്രഹിക്കുന്നുണ്ട്. മാനവരാശിയുടെ കൊടിയ ശത്രുക്കളായ സാമ്രാജ്യത്വ മുതലാളിത്ത ശക്തികളോട് അപേക്ഷിച്ചതുകൊണ്ടോ യാചിച്ചതുകൊണ്ടോ യാതൊരു ഫലവുമില്ലെന്നും അതിനാൽ വെറുതെ ആഗ്രഹിച്ചതുകൊണ്ടു മാത്രം ഉദ്ദേശിച്ച ഫലം ലഭിക്കുകയു മില്ല. സാമ്രാജ്യത്വ ഗൂഢാലോചനകൾക്കെതിരെ ഏതെങ്കിലും അളവിൽ പ്രതിരോധം സൃഷ്ടിച്ചിരുന്ന ശക്തമായ സോഷ്യലിസ്റ്റ് ക്യാമ്പിന്റെ അഭാവത്തിൽ സാമ്രാജ്യത്വശക്തികൾ നിയന്ത്രണമില്ലാത്ത ആക്രമണങ്ങൾ അഴിച്ചു വിടുകയാണ്. 'ദുഷ്ടൻമാർക്ക് ഉപജാപങ്ങൾക്ക് ഒരു കുറവുമുണ്ടാവാറില്ലല്ലോ.'

തങ്ങൾക്ക് കീഴ്പ്പെടുന്നില്ല എന്ന് അവർക്ക് തോന്നുന്ന രാജ്യങ്ങളിൽ അതിക്രമിച്ചു കയറി നിരപരാധികളായ ജനങ്ങളെ നിർദയം കൊന്നൊടുക്കാനും, തങ്ങളുടെ മേധാവിത്വം അഭിലാഷം പൂർത്തീകരിക്കുന്നതിനും സ്വാധീന മേഖല വിപുലീകരിക്കാനും പൈശാചികവും സ്വേച്ഛാധിപത്യപരവുമായ രീതിയിൽ സ്വാധീന മേഖല വിപുലീകരിക്കാനുംവേണ്ടി വ്യവസ്ഥാപിതമായ എല്ലാ മാനദണ്ഡങ്ങളും നിയമങ്ങളും നടപടികളും യാതൊരു സങ്കോചവും കൂടാതെ അവർ ലംഘിക്കും. അതിനാൽ സാമ്രാജ്യത്വ ശക്തികളുടെ യുദ്ധക്കൊതിയുമായുള്ള ഈ മരണപ്പാച്ചിൽ തടഞ്ഞു നിർത്തുക തന്നെ വേണം. സാർവ്വദേശീയ തലത്തിൽ സമാധാന കാംക്ഷികളായ ജനങ്ങൾ വിപ്ലവകാരികളുടെ നേതൃത്വത്തിൽ ശക്തവും ഏകോപിതവുമായ സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനം കെട്ടിപ്പടുക്കുയും സാമ്രാജ്യത്വ യുദ്ധ വ്യാപാരികളുടെ മേൽ ശക്തമായ സമ്മർദ്ധം ചെലുത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ അത് സാധ്യമാവൂ. സാമ്രാജ്യത്വ ശക്തികളുടെ കൈവശം നശീകരണ ശക്തിയുള്ള അത്യാധുനിക ആയുധങ്ങൾ ഉണ്ടെങ്കിൽ ജനങ്ങളുടെ ആയുധപ്പുരയിൽ അധൃഷ്യമായ മറ്റൊരായുധം–മാർക്സിസം ലെനിനിസമെന്ന തത്വചിന്ത–കൈവശമുണ്ടെന്ന കാര്യം മറന്നുപോകരുത്. ഈ യുഗം ദർശിച്ച സമുന്നത മാർക്സിസ്റ്റ് സൈദ്ധാന്തികരിൽ ഒരാളായ സഖാവ് ശിബദാസ് ഘോഷ് ആവർത്തിച്ച് ഊന്നിപ്പറഞ്ഞിട്ടുള്ളതുപോലെ ശരിയായ വിപ്ലവനേതൃത്വത്തിൻ കീഴിൽ സംഘടിപ്പിക്കുന്ന ചിട്ടയായ ജനകീയ പ്രക്ഷോഭങ്ങൾക്ക് മാത്രമേ സാമ്രാജ്യത്വ അതിക്രമങ്ങളെ ഫലപ്രദമായി തടഞ്ഞു നിർത്താൻ കഴിയൂ എന്ന വസ്തുത നാം ഓർത്തിരിക്കേണ്ടതാണ്. ജനകീയ പ്രക്ഷോഭങ്ങൾ യുക്ത്യധിഷ്ഠിതമായ പരിണതിയിലേക്ക് നയിക്കപ്പെടണമെങ്കിൽ ശരിയായ നേതൃത്വത്തിൻ കീഴിൽ സംഘടിക്കുകതന്നെ വേണം.

ദേശാഭിമാനികളും സ്വാതന്ത്ര്യസ്നേഹികളുമായ എല്ലാ വിഭാഗത്തിലുംപെട്ട സാമ്രാജ്യത്വ വിരുദ്ധ ജനവിഭാഗങ്ങളെയും ശക്തികളെയും ഉൾപ്പെടുത്തി സാർവ്വദേശീയ തലത്തിൽ അതിശക്തമായ സമാധാന പ്രസ്ഥാനം കെട്ടിപ്പടുക്കുക എന്നതാണ് ഇന്നത്തെ അടിയന്തിര ആവശ്യകത. ഈ പ്രക്ഷോഭത്തെ ശരിയായ ദിശയിൽ നയിക്കുന്നതിനായി യഥാർത്ഥ കമ്മ്യൂണിസ്റ്റുകൾ അതിന്റെ അകക്കാമ്പായി പ്രവർത്തിക്കണം. ഉക്രൈനുമേൽ നടക്കുന്ന റഷ്യൻ അധിനിവേശയുദ്ധത്തോടൊപ്പം തായ്‌വാൻ കടലിടുക്കിൽ ഉയർന്നുവരുന്ന സംഘർഷത്തിന്റെ പശ്ചാത്തലത്തിൽ മാനവസംസ്കൃതിയുടെ രക്ഷയ്ക്കായി ഈ കടമ ശരിയായ ആത്മാർത്ഥതയോടെ ഏറ്റെടുക്കേണ്ടതുണ്ട്. ■

REGISTERED.
R.N. 24773/1992

UNITY Malayalam Monthly

2022 October
Price: Rs. 10.00

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുക

ദയാബായിയുടെനിരാഹാരസമരത്തിന്ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് എസ്‌യുസിഐ(കമ്മ്യൂണിസ്റ്റ്) സംസ്ഥാന സെക്രട്ടേറിയറ്റ്അംഗം സഖാവ് ആർ.കുമാർ പ്രസംഗിക്കുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുക, കേരളം കേന്ദ്രത്തിന് നൽകിയ എയിംസ് പ്രൊപ്പോസലിൽ കാസർകോട് ജില്ലയുടെ പേരും ചേർക്കുക, എൻഡോസൾഫാൻ ദുരിബാധിതർക്ക് വിദഗ്ധ ചികിത്സാ സംവിധാനം ജില്ലയിൽ ഉറപ്പാക്കുക, മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് ഒക്ടോബർ 2മുതൽ സാമൂഹികപ്രവർത്തക ദയാബായി നിരാഹാര സമരം നടത്തിവരികയാണ്.

നാലുപതിറ്റാണ്ടോളമായി നീളുന്ന ദുരിതമാണ് കാസർകോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടേത്. ജനിതക വൈകല്യങ്ങളോടെ പിറന്നുവീഴുന്ന കുഞ്ഞുങ്ങളും അവരെ പരിചരിക്കാൻ ക്ലേശിക്കുന്ന മാതാപിതാക്കളും കേരളത്തിന്റെ മനസ്സ് നീറ്റുന്ന കാഴ്ചയാണ്. ചികിത്സ കിട്ടാതെ കുഞ്ഞുങ്ങൾ മരണപ്പെട്ടുകൊണ്ടിരിക്കുന്നു. ഈ ക്ലേശങ്ങൾക്കുനടുവിൽ പിടിച്ചുനിൽക്കാനാകാതെ അമ്മമാർ ആത്മഹത്യ ചെയ്യുന്നു. എന്നാൽ അങ്ങേയറ്റം മനുഷ്യത്വരാഹിത്യമാണ് സർക്കാർ ഈ ജനങ്ങളോട് കാണിക്കുന്നത്. മതിയായ ചികിത്സാ സൗകര്യങ്ങളും കുഞ്ഞുങ്ങളെ പരിചരിക്കാൻ ആവശ്യമായ സംവിധാനങ്ങളുമാവശ്യപ്പെട്ട് പ്രദേശത്ത് ജനങ്ങൾ ദീർഘകാലമായി പ്രക്ഷോഭ ത്തിലാണ്. ജനങ്ങളുടെ ആവശ്യങ്ങൾ അംഗീകരിക്കാൻ സർക്കാർ തയ്യാറാകാതെ വന്ന സാഹചര്യത്തിലാണ് ദയാബായി സെക്രട്ടേറിയറ്റിനുമുന്നിൽ നിരാഹര സമരം പ്രഖ്യാപിക്കാൻ നിർബന്ധിതയായത്.

സമരം പത്തുദിവസമായി നീളുമ്പോഴും സമരത്തെ കണ്ടില്ലെന്ന ധാർഷ്ട്യമാണ് സർക്കാരിനുള്ളത്. എന്നാൽ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് നാടിന്റെ നാനാഭാഗത്തുനിന്നും ജനങ്ങൾ സെക്രട്ടേറിയറ്റ് നടയിലേയ്ക്ക് ഒഴുകിയെത്തിക്കൊണ്ടിരിക്കുകയാണ്. ■

ഐക്യദാർഢ്യ സമിതി കോട്ടയം കളക്ട്രേറ്റിനുമുന്നിൽ മുന്നിൽ നടത്തിയ പ്രതിഷേധ ധർണ പ്രൊഫ.സി.മാമ്മച്ചൻ ഉദ്ഘാടനം ചെയ്യുന്നു.

കൺവൻഷൻ ജോസഫ് സി. മാത്യു ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്ആർടിസിയെ തകർക്കരുത്

തൊഴിലാളികളുടെയും ബഹുജനങ്ങളുടെയും കൺവൻഷൻ കോട്ടയത്ത്

കെഎസ്ആർടിസിയെ സ്വകാര്യവത്ക്കരിക്കാനുള്ളസംസ്ഥാന സർക്കാരിന്റെ നീക്കത്തിനെതിരെ ജനകീയ പ്രതിരോധ സമിതിയും കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും സംയുക്തമായി കോട്ടയത്ത് കൺവൻഷൻ നടത്തി. രാഷ്ട്രീയ നിരീക്ഷകൻ ജോസഫ് സി .മാത്യു ഉദ്ഘാടനം ചെയ്തു.

കോട്ടയത്ത്, വൈക്കം മുഹമ്മദ് ബഷീർ സാംസ്കാരിക കേന്ദ്രത്തിൽ നടന്ന കൺവൻഷനിൽ കെഎസ് ആർടിസി വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എസ്.സീതിലാൽ വിഷയാവതരണം നടത്തി. പ്രതിരോധ സമിതി ജില്ലാ പ്രസിഡന്റ് ജോർജ് മുല്ലക്കര അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി എൻ.കെ.ബിജു, എഐയുറ്റിയുസി ജില്ലാസെക്രട്ടറി വി.പി .കൊച്ചുമോൻ, വർക്കേഴ്സ് ഫെഡറേഷൻ നേതാക്കളായ എം.എൻ. അനിൽ, കെ.ജി.സുരേഷ് കുമാർ, എബി ആർ, പെൻഷനേഴ്സ് പ്രതിനിധി പി.വി.ഷാജിമോൻ, എസ്‌യുസിഐ കമ്മ്യൂണിസ്റ്റ് ജില്ലാ സെക്രട്ടറി മിനി കെ.ഫിലിപ്പ് എന്നിവർ പ്രസംഗിച്ചു. ■

എഐയുറ്റിയുസിയും കെഎസ്ആർടിസി വർക്കേഴ്സ് ഫെഡറേഷനും സംയുക്തമായി ആലപ്പുഴ ഡിപ്പോയിൽ നടത്തിയ പ്രതിഷേധ ധർണ വർക്കേഴ്സ് ഫെഡറേഷൻ സംസ്ഥാന പ്രസിഡന്റ് എസ്.സീതിലാൽ ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്ആർടിസിയിൽ വിദ്യാർത്ഥികളുടെ യാത്രാനിരക്ക് ഇളവിന് നിയന്ത്രണം ഏർപ്പെടുത്താനുള്ള തീരുമാനം പിൻവലിക്കുക – എഐഡിഎസ്ഒ

കെഎസ്ആർടിസി നേരിട്ടുകൊണ്ടിരിക്കുന്ന സാമ്പത്തിക പ്രതിസന്ധിയുടെപേരിൽ വിദ്യാർത്ഥികളുടെ അവകാശമായ യാത്രാസൗജന്യം പരിമിതപ്പെടുത്താനുള്ള കെഎസ്ആർടിസി മാനേജ്മെന്റിന്റെ നീക്കം പിൻവലിക്കണമെന്ന് എഐഡിഎസ്ഒ സംസ്ഥാന പ്രസിഡന്റ് എസ്. അലീന ആവശ്യപ്പെട്ടു. പുതിയ തീരുമാനപ്രകാരം ഒരു ബസിന് പരമാവധി 25വിദ്യാർത്ഥികൾ എന്ന നിരക്കിൽ മാത്രമേ കൺസഷൻ അനുവദിക്കുകയുള്ളൂ. ആദ്യഘട്ടം എന്ന നിലയിൽ അഞ്ചൽ-കൊട്ടിയം റൂട്ടിൽ യാത്രാസൗജന്യത്തിന് നിയന്ത്രണമേർപ്പെടുത്തിക്കൊണ്ട് ഉത്തരവിറക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാർത്ഥികൾക്ക് യാത്രാസൗജന്യം നൽകുന്നതുമൂലം കെഎസ്ആർടിസി പ്രതിസന്ധി നേരിടുന്നുവെന്ന വാദം അധാർമ്മികമാണ്. ഒരു റൂട്ടിൽ ദിവസം പരമാവധി രണ്ടോ മൂന്നോ ട്രിപ്പിലാണ് വിദ്യാർത്ഥികൾ യാത്രക്കാരായിട്ടുണ്ടാകുക. കെഎസ്ആർടിസി നഷ്ടത്തിലായതിന കാരണം തൊഴിലാളികളും വിദ്യാർത്ഥികളുമാണെന്ന കപടപ്രചരണം അഴിച്ചുവിട്ടുകൊണ്ട് ഈ സ്ഥാപനത്തെ കമ്പനികളായി സ്വകാര്യവത്ക്കരിക്കാൻ നടത്തുന്ന ശ്രമങ്ങളുടെ ഭാഗമാണ് ഇപ്പോഴത്തെ നീക്കങ്ങൾ.

മാത്രമല്ല, വിദ്യാർത്ഥികളുടെ സൗജന്യയാത്ര ലാഭനഷ്ടങ്ങളുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കേണ്ടതുമല്ല. ജനാധിപത്യ സമൂഹത്തിൽ നികുതി പിരിക്കുന്ന സർക്കാരിന് വിദ്യാർത്ഥികൾക്ക് സൗജന്യ വിദ്യാഭ്യാസം നൽകാൻ ഉത്തരവാദിത്തമുണ്ട്. സൗജന്യ വിദ്യാഭ്യാസത്തിന്റെ ഭാഗമാണ് സൗജന്യയാത്രയും.

ഇന്ത്യയിൽതന്നെ ഏറ്റവും കൂടുതൽ ബസ് ചാർജ് ഈടാക്കുന്ന സംസ്ഥാനമാണ് കേരളം. ഇതിന്റെ പകുതി മാത്രം ബസ് ചാർജ് ഈടാക്കുന്ന തമിഴ്നാട്ടിൽ വിദ്യാർത്ഥികൾക്കും സ്ത്രീകൾക്കും യാത്ര സൗജന്യമാണ്. കെഎസ്ആർടിസി നഷ്ടത്തിലാകുന്നത് മാനേജ്മെന്റിന്റെയും ഗവൺമെന്റിന്റെയും അഴിമതിയും കെടുകാര്യസ്ഥതയുംമൂലമാണ്. കെഎസ്ആർടിസി സ്വകാര്യവൽക്കരിക്കാൻ തൊഴിലാളികളുടെ ജോലി സമയം 12 മണിക്കൂർ ആക്കിയും സ്വിഫ്റ്റ് പദ്ധതി നടപ്പിലാക്കിയുംമുന്നോട്ടുപോകുന്ന മാനേജ്മെന്റും ഗവണ്മെന്റും ഇപ്പോൾ വിദ്യാർത്ഥികളുടെ യാത്ര അവകാശത്തിൽ കൈ വെച്ചിരിക്കുകയാണ്.

കെഎസ്ആർടിസി നഷ്ടത്തിലാണെന്ന് ചൂണ്ടിക്കാട്ടി മാനേജ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളി വിരുദ്ധ ജനവിരുദ്ധ നടപടികളുടെ തുടർച്ചയാണ് ഈ നീക്കവും. വിദ്യാർത്ഥികളുടെ യാത്ര സൗജന്യമെന്ന അവകാശം കെഎസ്ആർടിസി മാനേജ്മെന്റിന്റെ ഔദാര്യമല്ല. അത് വിദ്യാർത്ഥികളുടെ അവകാശവും സർക്കാരിന്റെ ഉത്തരവാദിത്തവുമാണ്. അതുകൊണ്ട് യാത്രാവകാശങ്ങൾ സംരക്ഷിക്കാൻ വിദ്യാർത്ഥികൾ സമരരംഗത്ത് അണിനിരക്കണമെന്നും എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റി അഭ്യർത്ഥിച്ചു. ■

ബിഫാം വിദ്യാർത്ഥികളുടെ സെക്രട്ടേറിയറ്റ് ധർണ

കേരള ആരോഗ്യ സർവകലാശാലയുടെ വിദ്യാർത്ഥി വിരുദ്ധ നടപടികൾക്കെതിരെ കേരള ബി ഫാം സ്റ്റുഡന്റ്സ് ഓർഗനൈസേഷന്റെ (കെബിഎസ്ഒ) ആഭിമുഖ്യത്തിൽ ബിഫാം വിദ്യാർത്ഥികൾ സെക്രട്ടറിയേറ്റ് മാർച്ചും ധർണയും നടത്തി. കോവിഡ് സാഹചര്യം പരിഗണിച്ചുകൊണ്ട് 2018, 2019 ബാച്ച് വിദ്യാർത്ഥികളുടെ ഇയർബാക്ക് പിൻവലിക്കുക, ഫീസ് ഇളവ് അനുവദിക്കുക തുടങ്ങിയ ഡിമാൻഡുകൾ ഉന്നയിച്ചുകൊണ്ടായിരുന്നു ധർണയും മാർച്ചും.

അഖിലേന്ത്യാ സേവ് എജ്യുക്കേഷൻ കമ്മിറ്റി സംസ്ഥാന സെക്രട്ടറി എം.ഷാജർഖാൻ ധർണ്ണ ഉദ്ഘാടനം ചെയ്തു. കെബിഎസ്ഒ ചെയർമാൻ അബിൻ ഷാ അധ്യക്ഷനായ ധർണ്ണയിൽ സമര നേതാവ് റലേഷ് ചന്ദ്രൻ മുഖ്യപ്രഭാഷണം നടത്തി. എഐഎസ്എഫ് സംസ്ഥാന പ്രസിഡന്റ് രാഹുൽ രാജ്, എഐഡിഎസ്ഒ സംസ്ഥാന കമ്മിറ്റിയംഗം അജിത് മാത്യു എന്നിവർ സംസാരിച്ചു. ഹാരിസ് ഷാജി, നൗഫൽ എന്നിവർ മാർച്ചിന് നേതൃത്വം നൽകി ■

ബിഫാം വിദ്യാർത്ഥികളുടെ സെക്രട്ടേറിയറ്റ് ധർണ സേവ് എഡ്യൂക്കേഷൻ കമ്മിറ്റി സംസ്ഥാനവൈസ് പ്രസിഡന്റ് എം.ഷാജർഖാൻ ഉദ്ഘാടനം ചെയ്യുന്നു.

Volume: 49 No: 7 | Printed and published by V.Venugopal on behalf of State Organising Committee, Socialist Unity Centre of India (Communist) and printed at Cochin Print Tech Pvt. Ltd., Udyogamandal, Eloor, Cochin-683501, and published at Trivandrum, TC 12/1242, Law College Jn, Kunnukuzhi, Vanchiyoor P.O, Thiruvananthapuram Dist, Kerala, Pin: 695035, Phone: 0471-3557684. Editor: V. Venugopal.